TAB

# TRICHUR ARCHDIOCESAN BULLETIN

2023 മാർച്ച് വാല്യം: 90 ലക്കം: 03

ARCHDIOCESE OF TRICHUR Estd. 1887




സെബദീപുത്രൻമാരുടെ അഭ്യർത്ഥന (മത്താ 20, 27)



2023 ജനുവരി 29ന് ആശീർവാദവും പ്രതിഷ്ഠാകർമ്മവും
നിർവഹിക്കപ്പെട്ട പുത്തൻപീടിക ഇടവകയിലെ മുറ്റിച്ചൂർ
സെന്റ് പീറ്റർ കുരിശുപള്ളിയും  അൾത്താരയും





Trichur Archdiocesan Bulletin TAB
ESTD: 1934

മാർച്ച് 2023
ലക്കം: 03 വാല്യം: 90

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

| | |
|---|---|
| സർക്കുലർ | 4 |
| സർക്കുലർ | 9 |
| സർക്കുലർ | 14 |
| കച്ചേരിക്കാര്യം | 19 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 35 |
| സഹായമെത്രാന്റെ പരിപാടികൾ | 36 |
| നാളാഗമം | 38 |
| നാമകരണ നടപടികൾ | 41 |
| വൈദികർ | 45 |
| മതബോധനം | 49 |
| സ്ഥാപനങ്ങൾ | 54 |
| സംഘടനകൾ | 76 |

# സർക്കുലർ

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്**
**കർദിനാൾ ജോർജ് ആലഞ്ചേരി**

Prot. No. 0073/2023

**യാമ പ്രാർഥനകൾ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കുംഅല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയസഹോദരീസഹോദരന്മാരേ,

2023 ഫെബ്രുവരി 19 നോമ്പുകാലം ഒന്നാം ഞായർ മുതൽ, നവീകരിച്ച യാമപ്രാർഥനക്രമം ഔദ്യോഗികമായി നിലവിൽ വരുന്നതിനെക്കുറിച്ചു കഴിഞ്ഞ സിനഡ് അനന്തരസർക്കുലറിൽ (Prot. No. 0029/2023) സൂചിപ്പിച്ചിരുന്നല്ലോ. അതിന്റെ പശ്ചാത്തലത്തിൽ നവീകരിച്ച യാമപ്രാർഥനക്രമത്തെക്കുറിച്ചും അതിന്റെ സവിശേഷതകളെക്കുറിച്ചും ഏതാനും കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

**യാമ പ്രാർഥനകൾ**

വിശുദ്ധ കുർബാനയുടെ ചൈതന്യം ദിനരാത്രങ്ങളുടെ വിവിധ യാമങ്ങളിലേക്കു വ്യാപിപ്പിക്കാനും ദൈവസ്തുതികൾ ആലപിച്ചു കൊണ്ടണ്ടു നമ്മുടെ ജീവിതം വിശുദ്ധീകരിക്കാനും സഹായിക്കുന്ന യാമ പ്രാർഥനകൾ സഭയിൽ ആധ്യാത്മികശക്തിയുടെ നീർച്ചാലുകളായി നിലകൊള്ളുന്നു. പോൾ ബഡ്ജാൻ എന്ന ലാസറിസ്റ്റ് വൈദികൻ മൂന്നു വാല്യങ്ങളായി 1886, 1887 വർഷങ്ങളിൽ എഡിറ്റു ചെയ്ത സുറിയാനി ഭാഷയിലുള്ള യാമപ്രാർഥനപ്പുസ്തകങ്ങൾ പൗരസ്ത്യസഭകൾക്കു വേണ്ടിയുള്ള കാര്യാലയം 1939–ൽ സ ീറോമലബാർ, കൽദായസഭകളു ടെ ഉപയോഗത്തിനായി പ്രസിദ്ധീകരിച്ചിരുന്നു. 1953–ൽ കേരളം സന്ദർശി ച്ച പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ കർദിനാൾ യൂജിൻ ടിസറാങ്ങിന്റെ നിർദേശപ്രകാരം സുറിയാനി യാമ പ്രാർഥനപ്പു സ്തകങ്ങൾ മലയാളഭാഷയിലേക്കു വിവർത്തനം ചെയ്യാനുള്ള ഒരുക്ക ങ്ങൾ ആരംഭിച്ചു. 1973–ൽ ചേർന്ന സീറോമലബാർ ബിഷപ്സ് കോൺഫറൻസ് (SMBC) മലയാളത്തിൽ യാമപ്രാർഥനപ്പുസ്തകങ്ങൾ തയ്യാറാക്കുന്നതിനു തീരുമാനമെടുത്തു. അതിനായി രൂപീകരിച്ച ലിറ്റർജിക്കൽ കമ്മിറ്റി തയ്യാറാക്കിയ പുസ്തകം സീറോമലബാർസഭ യുടെ യാമപ്രാർഥനകൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചത് 1986–ൽ ആണ്. എന്നാൽ, 1986–നു മുമ്പ് കാനോനനമസ്കാരം എന്ന പേരിൽ മൂന്നു വാല്യങ്ങളിലായി സുറിയാനി യാമപ്രാർഥനകളുടെ ചില ഭാഗ ങ്ങൾ തിരഞ്ഞെടുത്തു മലയാളത്തിലേക്കു വിവർത്തനം ചെയ്തു വൈദി കരുടെയും സമർപ്പിതരുടെയും ഉപയോഗത്തിനായി നല്കിയിരുന്നു. ഈ രണ്ടു പുസ്തകങ്ങളിലും സുറിയാനിയിലുള്ള യാമപ്രാർഥനകളു ടെ ഘടന ഒരു പരിധിവരെ നിലനിറുത്തിയിരുന്നുവെങ്കിലും അവയിൽ മൂലകൃതിയുടെ തനിമ വേണ്ടത്ര സംരക്ഷിക്കാൻ സാധിച്ചിരുന്നില്ല. എല്ലാ കാലങ്ങളിലെയും എല്ലാ ദിവസങ്ങളിലെയും തിരുനാളുകളിലെയും പ്രാർ ഥനകളും ഗീതങ്ങളും പരിമിതമായി മാത്രമേ അവയിൽ ചേർത്തിരു ന്നുള്ളു. തന്മൂലം, പൗരസ്ത്യസുറിയാനി പാരമ്പര്യത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട് ആവശ്യമായ നവീകരണത്തോടുകൂടെ പുതിയ യാമ പ്രാർഥനപുസ്തകം തയ്യാറാക്കാൻ സീറോമലബാർ സിനഡ് 2007–ൽ തീരുമാനിച്ചു.

2014 ആഗസ്റ്റ് മാസത്തിലെ സിനഡുസമ്മേളനം യാമപ്രാർഥന പുസ്തകത്തിന്റെ നവീകരണവുമായി മുന്നോട്ടുപോകാൻ ലിറ്റർജി കമ്മീ ഷനോടു നിർദേശിച്ചു. കൂടാതെ, യാമപ്രാർഥനപ്പുസ്തകത്തിന്റെ ആ ഘോഷപൂർവകമായ ക്രമത്തിന്റെയും ഹ്രസ്വരൂപത്തിന്റെയും പൊതു ഘടന സിനഡ് അംഗീകരിച്ചു നല്കി. എട്ടു മെത്രാന്മാരുടെ ഒരു

സ്പെഷ്യൽ കമ്മിറ്റിയെ യാമപ്രാർഥനപ്പുസ്തകത്തിന്റെ പരിശോധനയ്ക്കായി സിനഡു തിരഞ്ഞെടുക്കുകയുംചെയ്തു. സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി ഒരു സബ് കമ്മിറ്റിയെ നിയോഗിക്കുകയും സുറിയാനി ഉറവിടങ്ങളിൽനിന്നു പ്രാർഥനകൾ വിവർത്തനം ചെയ്യാൻ നിർദേശിക്കുകയും ചെയ്തു. തുടർന്നു, വിവർത്തനങ്ങളെ ആധാരമാക്കിയും സുറിയാനി ഉറവിടങ്ങൾ പരിശോധിച്ചുനോക്കിയും പ്രാർഥനകളും ഗീതങ്ങളും രൂപീകരിച്ചു. ഇപ്രകാരം സബ് കമ്മറ്റി തയ്യാറാക്കിയ ഡ്രാഫ്റ്റ് എല്ലാ രൂപതകളിലെയും വൈദികരുടെ പ്രതിനിധികളും സന്ന്യസ്ത, അല്മായ പ്രതിനിധികളും ദൈവശാസ്ത്ര, ആരാധനക്രമപണ്ഡിതരും ഉൾക്കൊള്ളുന്ന സീറോമലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി വിശദമായി പഠിച്ചു. കൂടാതെ, സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി അംഗങ്ങൾ അനേകം പ്രാവശ്യം സഭയുടെ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഒരുമിച്ചുകൂടി നവീകരിച്ച പ്രാർഥനകൾ ചൊല്ലിയും ഗീതങ്ങൾ ആലപിച്ചും ആവശ്യമായ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നടത്തി ഭാഷാശുദ്ധി വരുത്തുകയും ചെയ്തു. മെത്രാന്മാരുടെ സ്പെഷ്യൽ കമ്മിറ്റി നിരവധി പ്രാവശ്യം സമ്മേളിച്ചു പ്രാർഥനകൾ ചൊല്ലിയും ഗീതങ്ങൾ ആലപിച്ചും സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി അംഗീകരിച്ച ഡ്രാഫ്റ്റിൽ ആവശ്യമായ മാറ്റങ്ങൾ നിർദേശിച്ചു.

ഇങ്ങനെ നവീകരിച്ച യാമപ്രാർഥന പുസ്തകം 2022 ആഗസ്റ്റ് 16 മുതൽ 25 വരെ നടന്ന മുപ്പതാം സിനഡിന്റെ രണ്ടാം സമ്മേളനത്തിൽ അംഗീകരിച്ചു. വീണ്ടും എന്തെങ്കിലും നിർദേശങ്ങളുണ്ടെങ്കിൽ, അവ 2022 ഒക്ടോബർ 30 നു മുമ്പ് ആരാധനക്രമകമ്മീഷനിൽ അറിയിക്കാനായി, യാമപ്രാർഥന പുസ്തകത്തിന്റെ ആഘോഷപൂർവകമായ ക്രമത്തിന്റെയും ഹ്രസ്വരൂപത്തിന്റെയും ഡ്രാഫ്റ്റ് എല്ലാ മെത്രാന്മാർക്കും സമർപ്പിതസമൂഹങ്ങളുടെ സുപ്പീരിയർമാർക്കും അയച്ചുകൊടുത്തു. അവർ നല്കിയ നിർദേശങ്ങൾ സ്പെഷ്യൽ കമ്മിറ്റി പരിശോധിച്ചശേഷം ഡ്രാഫ്റ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് നവീകരിച്ച യാമപ്രാർഥന 2023 ജനുവരി ദനഹാത്തിരുനാളിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

**യാമപ്രാർഥനകളുടെ ചൈതന്യത്തിലേക്ക്**

യാമപ്രാർഥനകളിലെ ഗീതങ്ങളുടെയും പ്രാർഥനകളുടെയും പ്രഥമമായ അടിസ്ഥാനം ദൈവവചനം തന്നെയാണ്. ഒപ്പം, വിശുദ്ധരായ സഭാപിതാക്കന്മാർ ദൈവവചനത്തിനു നൽകിയ വ്യാഖ്യാനങ്ങളും ധ്യാനചിന്തകളും അതിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ദൈവവചനത്തിന്റെ ആഘോഷമാണ് യാമപ്രാർഥനകൾ എന്നു മനസിലാക്കാൻ കഴിയും. ഈ യാമപ്രാർഥനകളിലൂടെ ദൈവവചനം കൂടുതൽ

ധ്യാനിക്കാനും വചനബദ്ധമായ ജീവിതം നയിക്കാനും നമ്മെ സഹായിക്കുമെന്നതു നിസ്തർക്കമാണ്. സഭയുടെ മനസ്സോടുചേർന്നു ദൈവവചനം ഉൾക്കൊള്ളാനും അതിന്റെ വ്യാഖ്യാനങ്ങളെ മനസിലാക്കാനും യാമപ്രാർഥനകൾ നമ്മെ സഹായിക്കും.

ആരാധനാവത്സരത്തിലെ പ്രധാനപ്പെട്ട തിരുനാളുകൾ ഉൾപ്പെടെ, ഓരോ ദിവസത്തിന്റെയും പ്രത്യേകം പ്രത്യേകം പ്രാർഥനകൾ നവീകരിച്ച യാമപ്രാർഥനപുസ്തകത്തിലുണ്ട്. പ്രാർഥനകളുടെ വൈവിധ്യംമൂലം പുസ്തകത്തിന്റെ വലിപ്പം താരതമ്യേന കൂടിയിട്ടുണ്ടെങ്കിലും അനുദിനപ്രാർഥനകളുടെ സമയ ദൈർഘ്യം കൂടുന്നില്ല. കൂടുതൽ ആഘോഷപൂർവകമായക്രമവും സാധാരണക്രമവും ഉൾക്കൊള്ളുന്ന ഈ പ്രാർഥനപ്പുസ്തകം മാത്രമല്ല, യാത്രപോലെയുള്ള പ്രത്യേക സന്ദർഭങ്ങളിൽ ഉപയോഗിക്കാനായി യാമപ്രാർഥനയുടെ ഹ്രസ്വരൂപവും സിനഡ് അംഗീകരിച്ചു നല്കിയിട്ടുണ്ട്.

നമ്മുടെ സഭയുടെ പാരമ്പര്യത്തിൽ ഏഴുനേരത്തേക്കുള്ള യാമപ്ര ാർഥനകളുണ്ട്. എന്നാൽ ഇപ്പോൾ സിനഡു തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കുന്നതു പ്രധാനപ്പെട്ട മൂന്നു യാമപ്രാർഥനകളാണ്. സന്ധ്യാനമസ്കാരമായ റംശാ, രാത്രിജപമായ ലെലിയാ, പ്രഭാതപ്രാർഥനയായ സപ്രാ എന്നിവയാണവ. ഈ മൂന്നു പ്രാർഥനകളാണ് ഔദ്യോഗികമായി നമ്മുടെ സഭയിൽ ഉപയോഗത്തിലുണ്ടായിരുന്നത്. അതുകൊണ്ടാണ് ആ പ്രാർഥനകൾ മൂലരൂപങ്ങളോടു കൂടുതൽ വിശ്വസ്തത പുലർത്തുന്ന വിധത്തിൽ നവീകരിച്ച് ഇപ്പോൾ സഭാമക്കളുടെ ഉപയോഗത്തിനു രണ്ടുവാല്യങ്ങളിലായി നൽകുന്നത്. മംഗളവാർത്തക്കാലം മുതൽ ഉയിർപ്പുകാലംവരെ ഉൾക്കൊള്ളുന്ന ഒന്നാംഭാഗം മിശിഹാ രഹസ്യകേന്ദ്രീകൃതമാണ്. സഭാരഹസ്യചിന്തകളാണ് ശ്ലീഹാക്കാലംമുതൽ പള്ളിക്കൂദാശക്കാലംവരെ ഉൾക്കൊള്ളുന്ന യാമപ്രാർഥനയുടെ രണ്ടാം വാല്യത്തിൽ നിറഞ്ഞുനില്ക്കുന്നത്. രണ്ടാംവാല്യം താമസംവിനാ പ്രസിദ്ധീകരിക്കുന്നതാണ്.

വിശ്വാസികൾ മുഴുവന്റെയും പ്രാർഥനയായ യാമപ്രാർഥനകൾ സഭയുടെ പ്രത്യേകനിയമമനുസരിച്ചു കത്തീഡ്രലുകളിലും മറ്റുദൈവാലയങ്ങളിലും എല്ലാദിവസവും പ്രത്യേകിച്ചു ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും നടത്തണമെന്നു പൗരസ്ത്യസഭാനിയമം (CCEO c. 199 §2) അനുശാസിക്കുന്നു. നവീകരിച്ച യാമപ്രാർഥന പുസ്തകം ഉപയോഗിച്ചു പ്രാർഥിക്കാൻ എല്ലാവൈദികരോടും സമർപ്പിതരോടും അല്മായ സഹോദരങ്ങളോടും ഞാൻ ആഹ്വാനംചെയ്യുന്നു.

നോമ്പിന്റെ ചൈതന്യത്തിലേക്കു പ്രവേശിക്കാനൊരുങ്ങുന്ന നമ്മെ നല്ലവനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ! മിശിഹായുടെ

അനുഗൃഹീ തമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധകന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ! കാരുണ്യവാനായ കർത്താവിനെ സ്തുതികളാലും സങ്കീർത്തനങ്ങളാലും നമുക്ക് ആരാധിക്കാം.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2023–ാം ആണ്ട് ഫെബ്രുവരി മാസം 5–ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലറിന്റെ ഉള്ളടക്കം സീറോ മലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർസെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ അറിയിക്കേണ്ടതാണ്.

# സർക്കുലർ

**പി.ഒ.സി.**
**കേരള കത്തോലിക്കാ**
**സഭയുടെ ആസ്ഥാന**
**കാര്യാലയം**

Ref: 3840/KCBC/K-5/OL/DS
11.02.2023

## മദ്യവിരുദ്ധ ഞായർ, 2023 മാർച്ച് 12 മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സന്ദേശം

വന്ദ്യ വൈദീകരേ, സന്യാസ സഹോദരങ്ങളെ, മിശിഹായിൽ പ്രിയ വിശ്വാസികളെ,

മാർച്ച് 12–ാം തീയതി കേരള കത്തോലിക്കാസഭ മദ്യവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണല്ലോ. മദ്യ–ലഹരി വിപത്തിനെക്കുറിച്ച് ആഴമായി ചിന്തിക്കുവാനും ഫലപ്രദമായി നേരിടുവാനും അതിജീവിക്കാനും, മദ്യവിരുദ്ധ പ്രതിജ്ഞകളെടുക്കുവാനുമുള്ള ഒരു അവസരമാണ് ഈ ആചരണത്തിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വലിയൊരു തിന്മയാണ് മദ്യവും രാസനിർമ്മിതമായ ലഹരിയുമെന്ന് എല്ലാവർക്കും അറിയാം. മദ്യവിരുദ്ധ സമിതി കഴിഞ്ഞ 25 വർഷമായി, മദ്യവിരുദ്ധസഭയും സമൂഹവുമെന്ന, ആപ്തവാക്യവുമായി പ്രവർത്തിച്ചു വരുന്നു.

സാമൂഹ്യതിന്മകളുടെ കാര്യത്തിൽ സാക്ഷര കേരളം മുൻപന്തിയിലാണ്. സമൂഹത്തിന്റെ ധാർമ്മിക അധഃപതനത്തിനും മൂല്യച്യുതിക്കും മദ്യപാനവും ലഹരി ഉപയോഗവും മുഖ്യപങ്കുവഹിക്കുന്നു. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കാരണം കേരളത്തിന്റെ എല്ലാ

കോണുകളും ഗുണ്ടാ സംഘങ്ങളും ലഹരി മാഫിയയും കയ്യടക്കിയിരിക്കുന്നു. ഇവിടെ നടക്കുന്ന കൊള്ളയും കൊലയും അനീതിയും അഴിമതിയും ആത്മഹത്യയും പെരുകുന്നതിന്റെ കാരണവും ഒരു പരിധിവരെ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗമാണ്. ലഹരി മാഫിയക്കെതിരെ പോരാടാനുറച്ചുകൊണ്ട് ജില്ലാ, താലൂക്കു, പഞ്ചായത്തു തലത്തിൽ സമിതികൾ രൂപീകരിച്ചും, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും സർക്കാർ നീങ്ങുകയാണ്. ഒരു വശത്ത് ബാറിന്റെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർധിപ്പിച്ചും, ബ്രൂവറികളും പഴവർഗങ്ങളിൽ നിന്ന് മദ്യം ഉല്പാദിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും അനുവദിച്ചും മുന്നേറുന്നു. മറുവശത്ത് ലഹരിമുക്തകേരള കാമ്പയിൻ സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെമ്പാടും പ്രചരണത്തിന് സർക്കാർ നേതൃത്വം കൊടുക്കുന്നു. കേരളം ലഹരി മാഫിയയുടെ ഹബ്ബായി മാറിയിരിക്കുന്നുവെന്ന് സർക്കാർ തിരിച്ചറിഞ്ഞു. സോഷ്യൽ മീഡിയയുടെ വ്യാപക ഉപയോഗം മയക്കുമരുന്നിലേക്ക് യുവാക്കളെ ആകർഷിക്കാനും എളുപ്പത്തിൽ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. സർക്കാരിന് ഇച്ഛാശക്തിയുണ്ടെങ്കിൽ ഏതു മയക്കുമരുന്നു മാഫിയയെയും അടിച്ചമർത്താനും ഉന്മൂലനം ചെയ്യാനും സാധിക്കും. വിവിധ രാഷ്ട്രീയ പാർട്ടികളും അവരുടെ പോഷകസംഘടനകളും ലഹരിക്കെതിരെ പോരാടുമെന്ന് പ്രതിജ്ഞ ചെയ്തിട്ടും ചിലർ ഒളിഞ്ഞും തെളിഞ്ഞും ലഹരിക്കച്ചവടം നടത്താനും മദ്യ-ലഹരികടത്തുകാരുമായി ചേർന്ന് നേട്ടമുണ്ടാക്കാനും നടത്തുന്ന ശ്രമങ്ങൾ പകൽപോലെ സത്യമാണ്.

ഭരണഘടനയിലെ ആർട്ടിക്കിൾ 47-പ്രകാരം ദാരിദ്രത്തിനും കുറ്റകൃത്യങ്ങൾക്കും കാരണമായ മദ്യവും അതിന്റെ വ്യവസായവും ഒഴിവാക്കുന്നതിന്, എല്ലാ പൗരന്മാർക്കും കടമയുണ്ടെന്നും മദ്യവ്യാപാരം ആരുടെയും അവകാശമല്ലെന്നും 1975-ൽ സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. മദ്യവ്യവസായം ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ വ്യാപാരമാണെന്ന് 1984-ൽ കേരള ഹൈക്കോടതിയും വിധിച്ചിട്ടുണ്ട്. മദ്യവിപണനവും നിർമ്മാണവും സർക്കാർ ഏറ്റെടുത്തു നടത്തുന്നത് കാപട്യമാണ്. മദ്യകുപ്പികളിൽ ആരോഗ്യത്തിനു ഹാനികരമാണെന്ന ലേബലൊട്ടിച്ചാണ് സർക്കാർ വിതരണം നടത്തുന്നത്. കേരളത്തിലെ ജയിലുകളിൽ കഴിയുന്ന ഭൂരിപക്ഷം തടവുകാരും മദ്യലഹരിയിൽ കൊലപാതകങ്ങളും മറ്റ് അക്രമങ്ങളും നടത്തിയവരാണ്. റോഡപകടങ്ങളിൽ ഏറിയപങ്കും മദ്യലഹരിക്കടിമപ്പെട്ടവരുടെയും മദ്യപിച്ച് വാഹനമോടിച്ചവരുടെയും ഇരകളായിട്ടുള്ളവരാണ്. മദ്യപിച്ചെത്തിയ പിതാവിന്റെ അക്രമണം ഭയന്ന് രാത്രി തോട്ടത്തിലൊളിച്ച നാലുവയ

സുകാരി പാമ്പുകടിയേറ്റ് മരണപ്പെട്ട ദാരുണ സംഭവം ആരും മറക്കാനിടയില്ല. മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പടിപടിയായി കുറയ്ക്കുമെന്നും മദ്യവർജനമാണ് സർക്കാർ മദ്യനയമെന്നും വാഗ്ദാനം ചെയ്തു അധികാരത്തിൽവന്ന സർക്കാർ ഘട്ടം ഘട്ടമായി കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന കാഴ്ചയാണ് നാം കാണുന്നത്. നാടുതകർന്നാലും സമൂഹം നശിച്ചാലും സ്കൂൾകുട്ടികൾ ഉൾപ്പെടെയുള്ള യുവജനങ്ങൾ ലഹരിക്കടിമപ്പെട്ടാലും അക്രമം പെരുകിയാലും ഖജനാവ് നിറയ്ക്കണം എന്ന ചിന്ത ഒരു ജനാധിപത്യ സർക്കാർക്കാരിന് ഭൂഷണമല്ല.

ഒരുവശത്ത് ലഹരിവിരുദ്ധ ക്യാംപെയ്ൻ സംഘടിപ്പിക്കുകയും അത് പാഠ്യപദ്ധതിയുടെ ഭാഗമാക്കുമെന്നു വാഗ്ദാനം ചെയ്യുകയും മറുവശത്ത് യഥേഷ്ടം മദ്യം ഒഴുക്കുകയും അതിന് നേതൃത്വം കൊടുക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. അതീവ ഗുരുതരമായ സാമൂഹ്യപ്രശ്നത്തെ സൃഷ്ടിച്ചുകൊണ്ട് മനുഷ്യന്റെ സ്വൈര്യജീവിതം തകർക്കുന്ന മദ്യവ്യാപാരത്തിൻനിന്ന് സർക്കാർ പിന്മാറുവാൻ ആർജവത്തം കാട്ടണം. ബാല്യത്തിൽ തുടങ്ങുന്ന മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും യുവത്വത്തിലും തുടർന്നുള്ള ജീവിത കാലഘട്ടങ്ങളിലും മനുഷ്യനെ ഇരുണ്ടയുഗത്തിലേക്ക് നയിക്കും. കേരളത്തിൽ ആരോഗ്യവിദ്യാഭ്യാസ, സാംസ്കാരിക രംഗങ്ങളിൽ സമഗ്ര സംഭാവന നല്കിയിട്ടുള്ള കേരളകത്തോലിക്കാസഭയ്ക്ക് ഈ നാടിനെ മദ്യത്തിൽനിന്നും ലഹരിയിൽ നിന്നും വിമുക്തമാക്കുകയെന്ന സുപ്രധാന ദൗത്യത്തിൽ നിന്ന് മാറിനില്ക്കാനാവില്ല. മോചനത്തിന്റെ സദ്വാർത്തയായി പുനരവതരിക്കുകയെന്നത് സഭയുടെ കർത്തവ്യമാണ്; കടമയാണ്. ആധുനിക സഭയുടെ പ്രവാചക സാന്നിധ്യമായിരുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ആധുനിക സമൂഹത്തിലെ ഏറ്റവും മോശപ്പെട്ട മഹാമാരികളിൽ ഒന്നാണ് മദ്യാസക്തിയെന്ന ബോധ്യം മുൻകാലങ്ങളേക്കാൾ വ്യാപകമായിരിക്കുന്നു. ഈ തിരിച്ചറിവുതന്നെ ഏറ്റവും ശ്രേയസ്ക്കരമായ ഒന്നാണ്. എന്നാൽ, മുൻകാലങ്ങളെക്കാൾ അടിയന്തിരമായി കൂടുതൽ കൂട്ടായ പ്രവർത്തനം ഈ വിഷയത്തിൽ ആവശ്യമാണ്. ഈ പ്രശ്നം മനുഷ്യവ്യക്തിയെ ആഴത്തിൽ സ്പർശിക്കുന്ന ഒന്നാണ്. മാനവ കുടുംബത്തിലെ എല്ലാവരും മതവിശ്വാസങ്ങൾക്കതീതമായി, പ്രതീക്ഷയോടെ, ആത്മവിശ്വാസത്തോടെ ഗുരുതരവും വ്യാപകവുമായ മദ്യാസക്തി ഉയർത്തുന്ന ഭീഷണികളെ നേരിടാൻ മനുഷ്യന്റെ സഹായത്തിനെത്തുകയെന്നത് ഉന്നതമായ ഒരു വെല്ലുവിളിയാണ്. എന്നാൽ, നിങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾ സമൂഹത്തിൽ ഏകോപനങ്ങൾക്കുകൂടി കാരണമാകും (International Conference on the Scientific Social and Moral aspects of Alchololism,

Friday 22nd June 1984).

മദ്യവിമുക്ത സമൂഹത്തിനുവേണ്ടി ലോകാരോഗ്യസംഘടന നിർദേശിച്ച ത്രിമാന പദ്ധതി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നടപ്പിലാക്കിവരുന്നു. ഡിമാന്റ് റിഡക്ഷൻ (മദ്യപിക്കുന്നവരുടെ എണ്ണം കുറയ്ക്കുക), സപ്ളൈ റിഡക്ഷൻ (ലഭ്യത കുറയ്ക്കുക), റിസ്ക് റിഡക്ഷൻ (മദ്യപിച്ച് രോഗികളായവരെ ചികിത്സിക്കുക) എന്നിവയാണ് ത്രിമാന പദ്ധതികൾ. കേരള ജനസംഖ്യയിൽ നല്ല ശതമാനം ലഹരിക്കടിമപ്പെട്ടിരിക്കയാണ്. ഏഷ്യയിൽ ഏറ്റവും കൂടുതൽ ലഹരിചികിത്സാകേന്ദ്രങ്ങൾ ഉള്ളത് കേരളത്തിലാണ്. 9 നും 12 നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾവരെ ലഹരിക്കും മദ്യത്തിനും അടിപ്പെട്ടരിക്കുന്നുവെന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. സ്കൂൾ പരിസരങ്ങളും സ്കൂളിനകവുംവരെ ലഹരി വിപണ സ്ഥലമായിരിക്കുന്നു. പുത്തൻ തലമുറ മദ്യത്തിൽനിന്ന് പുതുപുത്തൻ ലഹരി ഉപയോഗത്തിന്റെ പിടിയിലമർന്ന കാഴ്ചകൾക്കാണ് നാം സാക്ഷ്യം വഹിക്കുന്നത്. കഴിഞ്ഞ ഒന്നര വർഷത്തിനകം ലഹരി വിമോചനകേന്ദ്രങ്ങളിൽ 21 വയസ് തികയാത്ത 3933 പേരാണ് ചികിത്സക്കെത്തിയത്. ഇതിൽ 40 ശതമാനം പേർ 18 വയസ് തികയാത്തവരും. ഈ പരിതാപകരമായ സാഹചര്യത്തിൽ കാരിത്താസ് ഇൻഡ്യാ കേരളത്തിലേക്ക് 'സജീവം' എന്ന പേരിൽ ലഹരിക്കെതിരെ ഒരു പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നു. കേരള കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ പൂർണ്ണ പിൻതുണയോടെ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയും സോഷ്യൽ സർവ്വീസ് ഫോറവും സംയുക്തമായി ചേർന്ന് ഈ പദ്ധതിക്ക് നേതൃത്വം നല്കുന്നു. മദ്യവിമുക്ത സഭയും സമൂഹവുമെന്ന ലക്ഷ്യം നേടിയെടുക്കാനുള്ള ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് എല്ലാവരുടെയും സഹകരണം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സ്കൂൾ കോളേജ് തലത്തിലും വിശ്വാസ പരിശീലനക്ലാസുകൾ, മതാധ്യാപകർ, യുവജനങ്ങൾ തുടങ്ങിയ വിവിധ ശുശ്രൂഷ മേഖലകളിലുള്ളവരെ ഉൾപ്പെടുത്തിയാണ് ബോധവൽക്കരണ ക്ലാസു നടത്തുന്നത്.

മനുഷ്യന്റെ സമഗ്ര വളർച്ചയ്ക്കും വികസനത്തിനും തടസമായ മദ്യാസക്തിയും മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗവും സൃഷ്ടിക്കുന്ന മരണസംസ്ക്കാരത്തിൽ നിന്ന് നാടിനെ രക്ഷിക്കാനുള്ള ഉത്തരവാദിത്വം നാം ഏറ്റെടുക്കണം. ലഹരിക്കെതിരായ പോരാട്ടത്തിൽ സ്വീകരിക്കേണ്ട അജപാലന മനോഭാവങ്ങൾ ഏറെ പ്രസക്തവും പ്രാധാന്യമർഹിക്കുന്നതുമാണ്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ ക്രൈസ്തവസ്നേഹത്തിലൂടേയും കാരുണ്യത്തോടെയും ബോധവൽക്കരണ ചികിത്സാ മാർഗങ്ങളിലുടേയും പുതിയ ജീവിതത്തിലേക്ക് തിരികെ

എത്തിക്കുവാൻ നമുക്കേവർക്കും കടമയുണ്ട്. 1996–ൽ ആരംഭിച്ച കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഇപ്പോൾ രജത ജൂബിലി നിറവിലാണ്. കഴിഞ്ഞ 25 വർഷം ഈ സമിതിയെ നയിച്ച അഭിവന്ദ്യ പിതാക്കന്മാരേയും വൈദിക ശ്രേഷ്ഠരേയും അത്മായ സഹോദരങ്ങളെയും നന്ദിപൂർവ്വം ഒർക്കുന്നു. കേരളത്തിലെ മദ്യവ്യാപരത്തിനെതിരെ സന്ധിയില്ലാസമരം നടത്തുകയും അതിനായി ജീവിതം സമർപ്പിക്കുകയും ചെയ്ത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പ്രഥമ ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവും മദ്യവിപത്തിനെതിരെ ശക്തമായി പ്രതികരിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവും, അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തച്ചേരിൽ പിതാവും അഭിവന്ദ്യ റമിജിയൂസ് ഇഞ്ചനാനിയൽ പിതാവും ഈ സമിതിക്ക് ധീരമായ നേതൃത്വം കൊടുത്തവരാണ്.

മദ്യവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ദൈവത്തിലാശ്രയിച്ചുകൊണ്ട് മുന്നോട്ടു കൊണ്ടുപോകാം. ഓരോ ഇടവകയിലും സ്ഥാപനങ്ങളിലും മദ്യവിരുദ്ധ ഞായർ അർഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മാർച്ച് 12–ാം തീയതി ഞായറാഴ്ചത്തെ സ്തോത്രകാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**
*(ചെയർമാൻ, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി)*

**ബിഷപ്പ് ക്രിസ്തുദാസ്. ആർ**
*(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)*

**ബിഷപ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
*(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)*

കേരള കത്തോലിക്കാസഭയുടെ ആസ്ഥന കാര്യാലയം
പി.ഒ.സി. കൊച്ചി – 682025

---

N.B.: ഈ സർക്കുലർ 2023 മാർച്ച് 12–ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# സർക്കുലർ

**മാർ ആൻഡ്രൂസ് താഴത്ത്**

Prot No: 490/ 2023/S/ABP
Order No: 130/2023
21.01.2023
C-11

## തളിക്കുളം ക്വാസി–ഇടവക സ്ഥാപനഡിക്രി
## കല്പന നമ്പർ: 130/2023 (DL 1/2023), തീയതി 21.01.2023

**വാടനപ്പിള്ളി ഇടവകയുടെ ബഹു. വികാരി, തളിക്കുളം കുരിശുപള്ളിയുടെ കൈക്കാരന്മാർ, ഇടവകക്കാർ എന്നിവർക്ക് ആശീർവ്വാദം.**

സൂചന:

1. 18.08.2022ൽ തളിക്കുളം പള്ളിയെ അജപാലനക്രമീകരണത്തിനായി ക്വാസി ഇടവകയാക്കുന്നത് സംബന്ധിച്ചുള്ള വാടാനപ്പിള്ളി ബഹു. വികാരിയുടെ അപേക്ഷ.
2. അതിരൂപതാ ആലോചന സമിതിയുടെ 30.08.2022 ലെ (74/2022) ശിപാർശ
3. അതിരൂപതാ വൈദിക സമിതിയുടെ 08.12.2022ലെ ശിപാർശ
4. അതിരൂപതാ അതിർത്തി നിർണ്ണയ കമ്മിറ്റിയുടെ 13.01.2023ലെ റിപ്പോർട്ട്
5. അതിർത്തിയെ സംബന്ധിച്ച് വാടാനപ്പിള്ളി ഇടവക വികാരിയുടെ 20.01.2023ലെ റിപ്പോർട്ട്
6. അതിർത്തിയെ സംബന്ധിച്ച് വലപ്പാട് ഇടവക വികാരിയുടെ 20.01.2023ലെ റിപ്പോർട്ട്

മേൽ സൂചനകളിലെ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ വാടാനപ്പിള്ളി ഇടവകയുടെ ഭാഗമായിരുന്ന **തളിക്കുളം സെന്റ് മേരീസ് പള്ളി** കേന്ദ്രീ

കരിച്ചു താഴെപ്പറയുന്ന അതിർത്തിക്കുള്ളിലുള്ള സീറോ മലബാർ കത്തോലിക്കസമൂഹത്തെ **2023 ജനുവരി മാസം 22–ാം തിയതി മുതൽ ഒരു ക്വാസി ഇടവകയായും തളിക്കുളം സെന്റ് മേരീസ് പള്ളിയെ ടി ക്വാസി–ഇടവകയുടെ ഇടവകപ്പള്ളിയായും ഇതിനാൽ ഉയർത്തിയിരിക്കുന്നു.**

Prot No: 490/2023/S/ABP
Date: 21/Jan/2023

## തളിക്കുളം ക്വാസി–ഇടവകയുടെ അതിർത്തികൾ

**കിഴക്ക്** : തളിക്കുളം പഞ്ചായത്തിന്റെ തെക്കെ അതിർത്തി പങ്കിടുന്ന പുത്തൻതോട് വാർഡിന്റെ തെക്ക്–കിഴക്ക് അതിർത്തിയിൽനിന്ന് ആരംഭിച്ച് കനോലി കനാലിന്റെ (കരുവന്നൂർ പുഴ) പടിഞ്ഞാറെ ഭാഗത്ത് സ്ഥിതിചെയ്യുന്ന തളിക്കുളം പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിലൂടെ കടന്നുപോയി തളിക്കുളം പഞ്ചായത്തിലെ വടക്കെ അതിർത്തിപങ്കിടുന്ന പുളിയന്തുരുത്ത് വാർഡിന്റെ വടക്ക്–കിഴക്ക് അതിർത്തിയിൽ എത്തിചേരുന്നു. മേൽപറഞ്ഞ അതിർത്തിയുടെ പടിഞ്ഞാറ്ഭാഗം തളിക്കുളം നിർദ്ദിഷ്ട ക്വാസി ഇടവകയിൽ ഉൾപ്പെടുന്നു.
**വടക്ക് :** തളിക്കുളം പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിഭാഗമായ കനോലികനാലിൽനിന്ന് (കരുവന്നൂർ പുഴ) തളിക്കുളം പഞ്ചായത്തിന്റെയും പുളിയന്തുരുത്ത് വാർഡിന്റെയും വടക്ക്–കിഴക്ക് അതിർത്തിയിൽനിന്ന് ആരംഭിച്ച് തളിക്കുളം പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലൂടെ (പുളിയന്തുരുത്ത്, പുതുക്കുളം, ത്രിവേണി, പള്ളിക്കടവ് എന്നീ വാർഡുകളുടെ വടക്കേ അതിർത്തികൾ) കടന്നുപോയി ഇതേ പഞ്ചായത്തിന്റെയും പള്ളിക്കടവ് വാർഡിന്റെ വടക്ക്–പടിഞ്ഞാറ് അതിർത്തി പ്രദേശമായ അറബിക്കടൽ വരെയുള്ള ഭാഗം തളിക്കുളം നിർദ്ദിഷ്ട ഇടവകയിൽ ഉൾപ്പെടുന്നു. മേൽപറഞ്ഞ അതിർത്തിയുടെ (പള്ളിയാറതോട്) തെക്കുഭാഗം തളിക്കുളം നിർദ്ദിഷ്ട ക്വാസി ഇടവകയിലും വടക്കുഭാഗം വാടാനപ്പിള്ളി ഇടവകയിലും ഉൾപ്പെടുന്നു.
**പടിഞ്ഞാറ് :** തളിക്കുളം പഞ്ചായത്തിന്റെ വടക്കേ അതിർത്തി പങ്കിടുന്ന പള്ളിക്കടവ് വാർഡിന്റെ വടക്ക്–പടിഞ്ഞാറ് അതിർത്തിയിൽനിന്ന് ആരംഭിച്ച് അറബികടലിന്റെ തീരം ഉൾക്കൊള്ളുന്ന തളിക്കുളം പഞ്ചായ

ത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലൂടെ കടന്നുപോയി തളിക്കുളം പഞ്ചായത്തിന്റെ തെക്കേ അതിർത്തി പങ്കിടുന്ന നമ്പിക്കടവ് വാർഡിന്റെ തെക്ക്–പടിഞ്ഞാറ് അതിർത്തിയിൽ എത്തിച്ചേരുന്നു. ഈ അതിർത്തിയുടെ കിഴക്കുഭാഗം തളിക്കുളം നിർദ്ദിഷ്ട ക്വാസി ഇടവകയിൽ ഉൾപ്പെടുന്നു.

**തെക്ക് :** തളിക്കുളം പഞ്ചായത്തിന്റെയും നമ്പിക്കടവ് വാർഡിന്റെയും തെക്ക്–പടിഞ്ഞാറ് അതിർത്തിഭാഗമായ അറബികടലിൽനിന്ന് ആരംഭിച്ച് തളിക്കുളം പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലൂടെ (നിലവിൽ നമ്പിക്കടവ്, പുത്തൻതോട് വാർഡുകളുടെ തെക്കേ അതിർത്തികൾ) കടന്നുപോയി അതേ പഞ്ചായത്തിലെ പുത്തൻതോട് വാർഡിന്റെയും തളിക്കുളം പഞ്ചായത്തിന്റെയും തെക്ക്–കിഴക്ക് അതിർത്തി ഭാഗമായ കനോലി കനാൽ (കരുവന്നൂർ പുഴ) വരെയുള്ള ഭാഗം തളിക്കുളം നിർദ്ദിഷ്ട ക്വാസി ഇടവകയിൽ ഉൾപ്പെടുന്നു. ഈ അതിർത്തിയുടെ (പുത്തൻതോടിന്റെ) വടക്ക് ഭാഗം തളിക്കുളം നിർദ്ദിഷ്ട ക്വാസി ഇടവകയിലും തെക്ക് ഭാഗം വലപ്പാട് ഇടവകയിലും ഉൾപ്പെടുന്നു.

NB: തളിക്കുളം പഞ്ചായത്തിന്റെ അതിർത്തിത്തന്നെയാണ് മേൽപറഞ്ഞ തളിക്കുളം നിർദ്ദിഷ്ട ക്വാസി ഇടവകയുടെ അതിർത്തിയായി നിലവിൽ പരിഗണിക്കപ്പെടുന്നത്. തളിക്കുളം പഞ്ചായത്തിന്റെ നിലവിലുള്ള അതിർത്തിയിൽ മാറ്റം വരുന്ന പക്ഷം തളിക്കുളം ക്വാസി ഇടവകയുടെ അതിർത്തി പുനർനിർണ്ണയം നടത്തേണ്ടതാണ്.

അതിരൂപതാ കാര്യാലയത്തിൽ നിന്ന് 2023 ജനുവരി 21ന് നൽകപ്പെടുന്നത്.

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ

*കോപ്പി:*
പെ. ബഹു. കണ്ടശ്ശാംകടവ് ഫൊറോന വികാരി
ബഹു. വാടാനപ്പിള്ളി ഇടവക വികാരി
ബഹു. വലപ്പാട് ഇടവക വികാരി

Prot No: 490/2023/S/ABP
Date: 21/Jan/2023

**കല്പന നമ്പർ : 130/2023 (DL 1/2023), തീയതി 21-01-2023**
**വാടാനപ്പിള്ളി ഇടവകയുടെ ബഹു. വികാരി, തളിക്കുളം കുരിശുപ ള്ളിയുടെ കൈക്കാരന്മാർ, ഇടവകക്കാർ എന്നിവർക്ക് ആശീർവ്വാദം,**

തളിക്കുളം ക്വാസി–ഇടവകസ്ഥാപനത്തോടനുബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾക്കൂടി നിങ്ങളെ ഞാൻ അറിയിക്കുന്നു.

1. **തളിക്കുളം സെന്റ് മേരീസ്** ക്വാസി ഇടവക **കണ്ടശ്ശാംകടവ്** ഫൊറോനയുടെ ഭാഗമായിരിക്കും.
2. **തളിക്കുളം സെന്റ് മേരീസ്** ക്വാസി–ഇടവകയ്ക്ക് സ്വന്തമായി സെമി ത്തേരിയുണ്ടാകുന്നതുവരെ, തളിക്കുളം ക്വാസി–ഇടവകാംഗങ്ങളുടെ മൃത സംസ്കാരത്തിന് മാതൃ ഇടവകയായ വാടാനപ്പിള്ളി ഇടവക സെമി ത്തേരി ഉപയോഗിക്കാൻ തളിക്കുളം ക്വാസി–ഇടവകയ്ക്ക് അവകാശം ഉണ്ടായിരിക്കും. ടി സെമിത്തേരിയിൽ സ്ഥിരം കല്ലറയുള്ള തളിക്കുളം ക്വാസി –ഇടവകക്കാർക്ക് അവയ്ക്കുള്ള അവകാശം അതിരൂപതാ നിയ മാവലി പ്രകാരം തുടർന്നും ഉണ്ടായിരിക്കും. അതിരൂപതയിലെ സെമി ത്തേരിയെ സംബന്ധിച്ച നിയമാവലിപ്രകാരം (അതിരൂപതാനിയമവലി, 2015; സെമിത്തേരിയെ സംബന്ധിച്ച നിയമാവലി, B.6, പേജ്, 214) തളി ക്കുളം ക്വാസി –ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതു വരെ മാതൃഇടവകയിലെ സെമിത്തേരിയിൽ തളിക്കുളം ക്വാസി –ഇട വക്കാർ വാങ്ങുന്ന സ്ഥിരം കല്ലറയുടെ നിരക്കിന്റെ (ഒരാൾ, ദമ്പതി, കുടും ബകല്ലറ) 25% വിഹിതം ലഭിക്കാൻ തളിക്കുളം ക്വാസി –ഇടവകയ്ക്ക് അവകാശമുണ്ടായിരിക്കും. തളിക്കുളം ക്വാസി –ഇടവകാംഗങ്ങളുടെ മൃത സംസ്കാരം വാടാനപ്പിള്ളി പള്ളിസെമിത്തേരിയിൽ നടത്തുമ്പോൾ മൃത ശരീരം പള്ളിയിൽ കയറ്റി നടത്തുന്ന പ്രാർത്ഥനാ ശുശ്രൂഷ ബന്ധപ്പെട്ട വരുടെ സൗകര്യാർത്ഥം തളിക്കുളം ക്വാസി –ഇടവകപള്ളിയിലോ വാടാ നപ്പിള്ളി പള്ളിയിലോ നടത്താവുന്നതാണ് (തളിക്കുളം ക്വാസി –ഇടവ കയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതുവരെയാണ് ഇതിന് പ്രാബല്യം).
3. **തളിക്കുളം ക്വാസി–ഇടവക** തിരിയുമ്പോൾ, ടി ഇടവകയ്ക്ക് മാതൃ ഇടവകയായ വാടാനപ്പിള്ളി ഇടവക നല്കേണ്ട വിഹിതത്തെക്കുറിച്ച് അതിരൂപതാകാര്യാലയത്തിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
4. **വാടാനപ്പിള്ളി സ്കൂളിലേക്കുള്ള** നിയമനം, പ്രവേശനം എന്നീ അവ

കാശങ്ങളിൽ അടുത്ത 25 വർഷത്തേക്ക് തളിക്കുളം ക്വാസി ഇടവക ക്കാർക്കും വാടാനപ്പിള്ളി ഇടവകക്കാരെപ്പോലെ തുല്യപരിഗണന നൽകേണ്ടതാണ്.

5. **രജിസ്റ്ററുകൾ, ആധാരങ്ങൾ:** ക്വാസി ഇടവകയായി പ്രഖ്യാപിച്ച തിനുശേഷം അവിടെ നടക്കുന്ന കൂദാശകൾക്കും കൂദാശാനുകരണ ങ്ങൾക്കും പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. ക്വാസി ഇട വകയിൽ ഉൾപ്പെടുന്നവരുടെ പേരുകൾ രേഖപ്പെടുത്തികൊണ്ടുള്ള ആത്മസ്ഥിതി പുസ്തകം, ആധാരങ്ങൾ, മറ്റു രജിസ്റ്ററുകൾ എന്നിവയും സൂക്ഷിക്കേണ്ടതാണ്.

6. **കുണ്ടുകുളം ബഹു. ജോൺസൻ** അച്ചനെ 2023 ജനുവരി 22 മുതൽ തളിക്കുളം ക്വാസി-ഇടവകയുടെ പ്രോ-വികാരിയായി നിയമിക്കുന്നു.

7. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീ ഴ്വഴക്കങ്ങൾക്കും 2023 ജനുവരി 22-ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല.

അതിരൂപതാ കാര്യാലയത്തിൽ നിന്ന് 2023 ജനുവരി മാസം 21ന് നൽകപ്പെടു ന്നത്.

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ

*കോപ്പി:*
ബഹു. വാടാനപ്പിള്ളി വികാരി
പെ. ബഹു. കണ്ടശ്ശാംകടവ് ഫൊറോന വികാരി

# കച്ചേരി വാർത്തകൾ

മാർച്ച് 2023

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

3 : *ആദ്യവെള്ളി*
5 : **നോമ്പ് മൂന്നാം ഞായർ**
12 : **നോമ്പ് നാലാം ഞായർ**
15 : പാതിനോമ്പ്
18 : വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ (മാർച്ച് 19)
: ജറുസലെമിലെ വി. സിറിൽ
19 : **നോമ്പ് അഞ്ചാം ഞായർ**
25 : **നോമ്പ് ആറാം ഞായർ**
31 : നാല്പതാം വെള്ളി

**2. മാർച്ച് മാസത്തെ പരിപാടികൾ**

02 : സ്ഥലം മാറിയ വൈദികരുടെ യോഗം (10:00 am)
03 : ഫിനാൻസ് കൗൺസിൽ (06:30 pm)
04 : കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും യോഗം (2:00 pm)
11 : പാസ്റ്ററൽ കൗൺസിൽ (10:00 am)
13–14 : യുവവൈദികരുടെ തുടർപരിശീലന പ്രോഗ്രാം
16 : ആലോചനസമിതിയോഗം (10:30 am)
: വൈദികസമിതിയോഗം (02:30 pm)
23 : ഫൊറോനവികാരിമാരുടെ യോഗം (10:30 am)
26 : പാലയൂർ തീർത്ഥാടനം
30 : ചെറുപട്ടങ്ങൾ (02:30 pm)

**3. സ്വാഗതം**

ഉപരിപഠനത്തിനും, മറ്റു രൂപതകളിൽ സേവനത്തിനും ശേഷം തിരിച്ചു വന്നിരിക്കുന്ന അതിരൂപത വൈദികർക്കും അതിരൂപതയിൽ സേവനത്തിനായി എത്തിയിരിക്കുന്ന സന്യാസവൈദികർക്കും സ്വാഗതം:

റവ. ഫാ. ഫ്രാൻസീസ് അറയ്ക്കൽ
റവ. ഫാ. വിൻസെന്റ് ചെറുവത്തൂർ
റവ. ഫാ. വിൻസെന്റ് കണിമംഗലത്തുകാരൻ
റവ. ഫാ. സിന്റോ കരേപറമ്പൻ
റവ. ഫാ. ജീൻ ചിറയത്ത്
റവ. ഫാ. ഫെബിൻ ചിറയത്ത്
റവ. ഫാ. കുറുമ്പിലായി ഷിംജോ SDV
റവ. ഫാ. കുരിയിളാനിക്കൽ ജോസഫ് MCBS
റവ. ഫാ. മാറോക്കി ജിതിൻ OFM.Cap.
റവ. ഫാ. ഈറ്റയാങ്കൽ ബെബിൻ MST
റവ. ഫാ. അരീപ്ലാക്കൽ ബിബിൻ MST
റവ. ഫാ. മാടമ്പി ലിന്റോ CMI
റവ. ഫാ. വടക്കൻ റെമി CMI
റവ. ഫാ. പുലിക്കോട്ടിൽ ജോൺ പോൾ OFM.Cap.

**4. നന്ദി:** അതിരൂപതയിലെ സേവനത്തിനുശേഷം തിരിച്ചുപോകുന്ന എല്ലാ ബഹു. വൈദികർക്കും അതിരൂപതയുടെ അകൈതവമായ നന്ദി:

റവ. ഫാ. ഒറ്റലാങ്കൽ ചാക്കോ MSFS
റവ. ഫാ. കല്ലിടുക്കിൽ നിഥിൻ SDV
റവ. ഫാ. പാണേങ്ങാടൻ റെൻസൺ ISch
റവ. ഫാ. ചിറയിൽ പ്രിൻസ് SDV
റവ. ഫാ. തറയിൽ ജെറിൻ ജോസ് CMI
റവ. ഫാ. കാക്കശ്ശേരി സൂരജ് CMI
റവ. ഫാ. മാണിക്കത്താൻ ഷെൽബിൻ ISch

**5. ആശംസ:** അതിരൂപതയിൽ നിന്ന് സേവനത്തിനായി പോകുന്ന ബഹു. വൈദികർക്ക് അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ ആശംസകൾ: ഫാ. യേശുദാസ് നെടുമ്പാക്കാരൻ, ഫാ. അഭിജിത്ത് പടിഞ്ഞാക്കര, ഫാ. ജിനു പയ്യപ്പിള്ളി (ഷംഷാബാദ്)

**6. അഭിനന്ദനങ്ങൾ:** ആംഗലേയ സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ഫാ. ആന്റോ കാഞ്ഞിരത്തിങ്കലിന് അഭിനന്ദനങ്ങൾ.

**7. വൈദികക്ഷേമനിധി:** സ്ഥാപനങ്ങളിലും കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദികർക്ക് വേണ്ടി വൈദികക്ഷേമനിധിയിലേക്ക് അടക്കേണ്ട വിഹിതങ്ങൾ മാർച്ച് 31–ന് മുമ്പ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളുടെയും കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**8. പട്ടങ്ങൾ:** നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനത്തിലായിരിക്കുന്ന ശെമ്മാശന്മാർ 2023 മാർച്ച് 30 ശനിയാഴ്ച്ച കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ സ്വീകരിക്കുന്നു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2:00ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ മൈനർ സെമിനാരിയിൽ വച്ച് തിരുകർമ്മങ്ങൾ ആരംഭിക്കും. ബഹു. ശെമ്മാശ്ശന്മാരെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**9. ദൈവവിളിവാരാചരണം:** 2023 ഏപ്രിൽ 10 മുതൽ 15 വരെയാണ് നാം ദൈവവിളി വാരാചരണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രാർത്ഥന-ഉപവാസയജ്ഞം നടക്കും. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**10. ദൈവവിളിക്യാമ്പുകൾ:** എസ്.എസ്.എൽ.സി./പ്ലസ് ടു വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി 2023 ഏപ്രിൽ 10 മുതൽ 15 വരെ തീയതികളിൽ ദൈവവിളി ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ദൈവവിളിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിച്ച് ദൈവവിളി ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**11. ദൈവദർശൻ ക്യാമ്പുകൾ**

ഈ വർഷത്തെ (2023) ദൈവദർശൻ ക്യാമ്പുകൾ ഏപ്രിൽ 10 മുതൽ 29 വരെ നടത്തുന്നു. ക്യാമ്പുകൾ ബുക്ക് ചെയ്യാൻ ആഗ്രഹിക്കുന്നവർ മൈനർ സെമിനാരി റെക്ടർ അച്ചനെ contact ചെയ്യുക.

**12. പാലയൂർ മഹാതീർത്ഥാടനം:** 2023 മാർച്ച് 26-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനത്തെ സംബന്ധിച്ചു വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**13. കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും മീറ്റിങ്ങ്**

2023 മാർച്ച് 4-ാം തിയ്യതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് നടത്തപ്പെടുന്നു.

**14. പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങ്:** 2023 മാർച്ച് 11-ാം തീയ്യതി രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെ.

**15. വൈദികരുടെ നിയമനം :**

**a) തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം:**

**പ്രാബല്യം 09–02–2023 മുതൽ**

1. **റവ. ഫാ. വടക്കേത്തല തോമസ് :** റിട്ടയർമെന്റ്, താമസം വിയാനി ഭവൻ; വികാരി തണ്ടിലം & കപ്ലോൻ SJSM ഒഴിവായി.
2. **റവ. ഫാ. ചൂണ്ടൽ ജിന്റോ :** വികാരി തണ്ടിലം & കപ്ലോൻ SJSM; ഡയറക്ടർ ആനിമേഷൻ സെന്റർ, വൈസ് ചെയർമാൻ ത്യാഗരാജാർ പോളിടെക്നിക് ഗവേണിംഗ് കൗൺസിൽ, സെക്രട്ടറി ഇവാഞ്ചലൈസേഷൻ കമ്മീഷൻ, കോർഡിനേറ്റർ CDTP, അസി. ഡയറക്ടർ ഫാമിലി അപ്പസ്തോലേറ്റ് സെന്റർ, പുതുക്കാട് ഇടവകയിലെ സഹായി എന്നിവ ഒഴിവായി.
3. **റവ. ഫാ. എടത്തിരുത്തി ജോജോ :** ഡയറക്ടർ ആനിമേഷൻ സെന്റർ, വൈസ് ചെയർമാൻ ത്യാഗരാജാർ പോളിടെക്നിക് ഗവേണിംഗ് കൗൺസിൽ, കോർഡിനേറ്റർ CDTP, അസി. ഡയറക്ടർ ഫാമിലി അപ്പസ്തോലേറ്റ് സെന്റർ, പുതുക്കാട് ഇടവകയിലെ സഹായി;

   വികാരി ചൊവ്വന്നൂർ & കപ്ലോൻ CSC മഠങ്ങൾ ഒഴിവായി.
4. **റവ. ഫാ. ചൂണ്ടൽ തോമസ് :** വികാരി ചൊവ്വന്നൂർ & കപ്ലോൻ CSC മഠങ്ങൾ; വികാരി പൊങ്ങണംകാട് & കപ്ലോൻ സിസ്റ്റേഴ്സ് ഓഫ് മേഴ്സി, FSSE ഒഴിവായി.
5. **റവ. ഫാ. ചുള്ളിക്കാടൻ ജോബി :** വികാരി പൊങ്ങണംകാട് & കപ്ലോൻ സിസ്റ്റേഴ്സ് ഓഫ് മേഴ്സി, FSSE; വികാരി ചെവ്വൂർ & കപ്ലോൻ CHF ഒഴിവായി.
6. **റവ. ഫാ. കുണ്ടുകുളം ജോൺസൻ :** വികാരി ചെവ്വൂർ & കപ്ലോൻ CHF; വികാരി വാടാനപ്പിള്ളി, പ്രോ–വികാരി തളിക്കുളം & കപ്ലോൻ FSM ഒഴിവായി.
7. **റവ. ഫാ. ചിറമ്മൽ ഏബിൾ :** വികാരി വാടാനപ്പിള്ളി, പ്രോ–വികാരി തളിക്കുളം & കപ്ലോൻ FSM; വികാരി ഒരുമനയൂർ ഒഴിവായി.
8. **റവ. ഫാ. കുണ്ടുകുളങ്ങര ജോവി :** വികാരി ഒരുമനയൂർ; വികാരി വൈലത്തൂർ & കപ്ലോൻ FCC ഒഴിവായി.
9. **റവ. ഫാ. പാലത്തിങ്കൽ വർഗ്ഗീസ് :** വികാരി വൈലത്തൂർ & കപ്ലോൻ FCC; വികാരി പുതുശ്ശേരി & കപ്ലോൻ CSC ഒഴിവായി.
10. **റവ. ഫാ. എലുവത്തിങ്കൽ റോജോ :** വികാരി പുതുശ്ശേരി & കപ്ലോൻ CSC; വികാരി പൊന്നാനി & കപ്ലോൻ FCC ഒഴിവായി.
11. **റവ. ഫാ. വാഴപ്പിള്ളി ടോണി :** വികാരി പൊന്നാനി & കപ്ലോൻ FCC;

    വികാരി പെരിങ്ങോട്ടുകര & കപ്ലോൻ FCC മഠങ്ങൾ ഒഴിവായി.
12. **റവ. ഫാ. മൂലൻ ജോൺ :** വികാരി പെരിങ്ങോട്ടുകര & കപ്ലോൻ

FCC മാങ്ങൾ; വികാരി തലക്കോട്ടുകര & കപ്ലോൻ FSM & SABS ഒഴിവായി.

13. **റവ. ഫാ. പാറയിൽ ഷിന്റോ :** വികാരി തലക്കോട്ടുകര & കപ്ലോൻ FSM & SABS; വികാരി കുണ്ടന്നൂർ & കപ്ലോൻ FMDA, UMI ഒഴിവായി.
14. **റവ. ഫാ. കവലക്കാട്ട് സെബി :** വികാരി കുണ്ടന്നൂർ & കപ്ലോൻ FMDA, UMI; ഡയറക്ടർ പീസ് ഹോം, MKMRRC, ഗ്രേസ് ഹോം, ശാന്തി ഭവൻ ഒഴിവായി.
15. **റവ. ഫാ. ചാലക്കൽ ജാക്സൺ :** പഠനാവധി; താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം & കപ്ലോൻ CMC സെന്റ് പോൾസ് കുരിയച്ചിറ; വികാരി മുണ്ടത്തിക്കോട് & കപ്ലോൻ CSC മാങ്ങൾ ഒഴിവായി.
16. **റവ. ഫാ. പുത്തിരി ഫ്രാങ്കോ :** വികാരി മുണ്ടത്തിക്കോട് & കപ്ലോൻ CSC മാങ്ങൾ; വികാരി കിരാലൂർ & കപ്ലോൻ CSN ഒഴിവായി.
17. **റവ. ഫാ. ഒലക്കെങ്കിൽ ദിജോ :** വികാരി കിരാലൂർ & കപ്ലോൻ CSN, സഹായി PACT; പ്രോ-വികാരി അവണൂർ, പാക്ടിലെ ഉത്തരവാദിത്വം എന്നിവ ഒഴിവായി.
18. **റവ. ഫാ. ചാലിശ്ശേരി ജോൺസൻ :** ഡയറക്ടർ പീസ് ഹോം, MKMRRC, ഗ്രേസ് ഹോം, ശാന്തി ഭവൻ & പ്രോ-വികാരി അവണൂർ, താമസം പീസ് ഹോം; വികാരി & ഫൊറോന വികാരി പുതുക്കാട്, കപ്ലോൻ CMC, SABS, SKD ഒഴിവായി.
19. **റവ. ഫാ. തേക്കാനത്ത് പോൾ :** വികാരി & ഫൊറോന വികാരി പുതുക്കാട്, കപ്ലോൻ CMC, SABS, SKD; വികാരി മുക്കാട്ടുകര & കപ്ലോൻ CHF ഒഴിവായി.
20. **റവ. ഫാ. പിണ്ടിയാൻ പോൾ :** വികാരി മുക്കാട്ടുകര & കപ്ലോൻ CHF; വികാരി നിർമ്മലപുരം & കപ്ലോൻ CSC പ്രോവിൻഷ്യൽ ഹൗസ് ഒഴിവായി.
21. **റവ. ഫാ. മുത്തുപ്പീടിക റാഫേൽ :** വികാരി നിർമ്മലപുരം & കപ്ലോൻ CSC പ്രോവിൻഷ്യൽ ഹൗസ്; വികാരി ചിറ്റിലപ്പിള്ളി & കപ്ലോൻ SD ഒഴിവായി.
22. **റവ. ഫാ. ചിറമ്മൽ ജോളി :** വികാരി ചിറ്റിലപ്പിള്ളി & കപ്ലോൻ SD; വികാരി കല്ലൂർ പടിഞ്ഞാറ് & കപ്ലോൻ CSC ഒഴിവായി.
23. **റവ. ഫാ. പൂവ്വത്തൂക്കാരൻ ജോസഫ് :** വികാരി കല്ലൂർ പടിഞ്ഞാറ് & കപ്ലോൻ CSC; വികാരി അത്താണി & കപ്ലോൻ JMJ ഒഴിവായി.
24. **റവ. ഫാ. കുരിശ്ശേരി ഇട്ട്യേച്ചൻ :** വികാരി അത്താണി & കപ്ലോൻ JMJ; വികാരി ആമ്പക്കാട് & കപ്ലോൻ CHF ഒഴിവായി.
25. **റവ. ഫാ. തെക്കിനിയത്ത് ജിയോ :** വികാരി ആമ്പക്കാട് & കപ്ലോൻ

CHF, സെക്രട്ടറി കലാസദൻ, ദീപികയിലെ ഉത്തരവാദിത്വം തുടരുന്നു; വികാരി കണ്ണംകുളങ്ങര & കപ്ലോൻ CSC, ഡയറക്ടർ സി. എൽ. സി. ഒഴിവായി.

26. **റവ. ഫാ. ചെരടായി ജിയോ :** വികാരി കണ്ണംകുളങ്ങര & കപ്ലോൻ CSC, ഡയറക്ടർ കെ. സി. വൈ. എം., മാർക്കറ്റിംഗ് കോർഡിനേറ്റർ ദീപിക; വികാരി ആറ്റുപുറം ഒഴിവായി.

27. **റവ. ഫാ. മാറോക്കി ഡെന്നിസ് :** വികാരി ആറ്റുപുറം; വികാരി കരുമത്ര & കപ്ലോൻ SLMI ഒഴിവായി.

28. **റവ. ഫാ. ഊക്കൻ ജോൺസൻ :** വികാരി കരുമത്ര & കപ്ലോൻ SLMI;

വികാരി വരാക്കര നോർത്ത് സെന്റ് ആന്റണി & കപ്ലോൻ MSMI ഒഴിവായി.

29. **റവ. ഫാ. പിണ്ടിയാൻ പ്രിൻസ് :** വികാരി വരാക്കര നോർത്ത് സെന്റ് ആന്റണി & കപ്ലോൻ MSMI; വികാരി പഴയന്നൂർ & കപ്ലോൻ CSM ഒഴിവായി.

30. **റവ. ഫാ. കിടങ്ങൻ ബെന്നി :** വികാരി പഴയന്നൂർ & കപ്ലോൻ CSM; വികാരി ആറ്റത്ര & കപ്ലോൻ CSS ഒഴിവായി.

31. **റവ. ഫാ. മുരിങ്ങാത്തേരി ജോമോൻ :** വികാരി ആറ്റത്ര & കപ്ലോൻ CSS; ദീപിക, സെന്റ് തോമസ് കോളേജ് ഹോസ്റ്റലിലെ ബലിയർപ്പണം, കത്തോലിക്കസഭയിലെ ഉത്തരവാദിത്വം എന്നിവ ഒഴിവായി.

32. **റവ. ഫാ. തച്ചറാട്ടിൽ ജേക്കബ് :** അവധി, താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം; വികാരി കാവീട് ഒഴിവായി.

33. **റവ. ഫാ. നീലങ്കാവിൽ ഫ്രാൻസിസ് :** വികാരി കാവീട്; വികാരി ഏനമ്മാവ് & കപ്ലോൻ CHF ഒഴിവായി.

34. **റവ. ഫാ. തെക്കുംപുറം ജെയ്സൻ :** വികാരി ഏനമ്മാവ് & കപ്ലോൻ CHF; വികാരി മങ്ങാട് & കപ്ലോൻ FCC ഒഴിവായി.

35. **റവ. ഫാ. കൂത്തൂർ ഫ്രാൻസിസ് :** വികാരി മങ്ങാട് & കപ്ലോൻ FCC; വികാരി ഏങ്ങണ്ടിയൂർ & കപ്ലോൻ FCC ഒഴിവായി.

36. **റവ. ഫാ. എടക്കളത്തൂർ വർഗ്ഗീസ് :** വികാരി ഏങ്ങണ്ടിയൂർ & കപ്ലോൻ FCC; സ്പിരിച്ച്വൽ ഫാദർ & പ്രൊക്യുറേറ്റർ മൈനർ സെമിനാരി, വികാരി പുല്ലംകണ്ടം, തൊഴിലഭ്യസനപീഠം, ഐ. ടി. ഐ. & പി. എസ്. സി. കോച്ചിംഗ് സെന്റർ എന്നിവയിലെ ഉത്തരവാദിത്വങ്ങൾ ഒഴിവായി.

37. **റവ. ഫാ. ചിരിയങ്കണ്ടത്ത് പ്രിൻസ് :** സ്പിരിച്ച്വൽ ഫാദർ സെന്റ് മേരീസ് മൈനർ സെമിനാരി, അസി. കോർഡിനേറ്റർ ഡിഗ്രി

വിദ്യാർത്ഥികൾ & അസോസിയേറ്റ് വൊക്കേഷൻ പ്രൊമോട്ടർ; വികാരി പേരകം & കപ്ലോൻ FCC മഠങ്ങൾ ഒഴിവായി.

38. **റവ. ഫാ. അറങ്ങാശ്ശേരി ജോസ് :** വികാരി പേരകം; വികാരി കാരമുക്ക് & കപ്ലോൻ SFN ഒഴിവായി.

39. **റവ. ഫാ. കൊള്ളന്നൂർ ജോയ് :** കപ്ലോൻ ഗുരുവായൂർ FCC മഠങ്ങൾ കൂടി.

40. **റവ. ഫാ. പേരാമംഗലത്ത് പോൾ :** വികാരി കാരമുക്ക് & കപ്ലോൻ SFN, ജൂബിലി മിഷൻ ആശുപത്രിയിലെയും എം. ഐ. ആശുപത്രിയിലെയും കൺസ്ട്രക്ഷൻ ഉത്തരവാദിത്വങ്ങൾ തുടരുന്നു; ഡയറക്ടർ എം. ഐ. ആശുപത്രി & കപ്ലോൻ FCC മഠങ്ങൾ ഒഴിവായി.

41. **റവ. ഫാ. തറയിൽ ഡെമിൻ :** ഡയറക്ടർ എം. ഐ. ആശുപത്രി & കപ്ലോൻ FCC മഠങ്ങൾ; പ്രീസ്റ്റ് ഇൻ ചാർജ്ജ് നാട്ടിക, ജൂബിലി മിഷൻ ആശുപത്രിയിലെ ഐ. ടി. വിഭാഗത്തിലെ ഉത്തരവാദിത്വങ്ങൾ തുടരുന്നു;
അസി. ഡയറക്ടർ ജൂബിലി മിഷൻ ആശുപത്രി & കപ്ലോൻ CMC സെന്റ് പോൾസ് കുരിയച്ചിറ ഒഴിവായി.

42. **റവ. ഫാ. കരേപറമ്പൻ സിന്റോ :** അസി. ഡയറക്ടർ ജൂബിലി മിഷൻ ആശുപത്രി (Priests' Medical Care & Consultations) & വികാരി പുല്ലംകണ്ടം.

43. **റവ. ഫാ. കുഴിക്കാട്ടുമ്യാലിൽ സിജോൺ :** വികാരി മുളയം ഒഴിവായി.

44. **റവ. ഫാ. തയ്യാലക്കൽ ഫ്ളെർജിൻ :** വികാരി മുളയം, താമസം ഹോം ഓഫ് ലവ്; വികാരി ഒല്ലൂക്കര & കപ്ലോൻ CMC, OP & CSM ഒഴിവായി.

45. **റവ. ഫാ. വെട്ടത്ത് മാത്യു :** വികാരി ഒല്ലൂക്കര & കപ്ലോൻ CMC, OP & CSM; വികാരി പൂങ്കുന്നം & കപ്ലോൻ CSC ഒഴിവായി.

46. **റവ. ഫാ. കുരുതുകുളങ്ങര ആന്റണി :** വികാരി പൂങ്കുന്നം & കപ്ലോൻ CSC; വികാരി വെള്ളാറ്റഞ്ഞൂർ & കപ്ലോൻ CMC, CPS ഒഴിവായി.

47. **റവ. ഫാ. തേർമഠം സൈമൺ :** വികാരി വെള്ളാറ്റഞ്ഞൂർ & കപ്ലോൻ CMC, CPS; ഡയറക്ടർ വിയാനി ഭവൻ ഒഴിവായി.

48. **റവ. ഫാ. കൂള ഡിറ്റോ :** ഡയറക്ടർ വിയാനി ഭവൻ, പ്രോജക്ട് ഓഫീസർ വൈദികമന്ദിരനിർമ്മാണം കൂടി.

49. **റവ. ഫാ. വാഴപ്പിള്ളി ബിൽജു :** വികർ ഇൻ ചാർജ്ജ് മുല്ലക്കര & കപ്ലോൻ CSC; SNDS Generalate ഒഴിവായി.

50. **റവ. ഫാ. കണ്ണംമുണ്ടയിൽ ബിജു** CMF **:** വികാരി മുല്ലക്കര & കപ്ലോൻ CSC; വികാരി വലക്കാവ് & കപ്ലോൻ DSC ഒഴിവായി.

51. **റവ. ഫാ. ചാലിശ്ശേരി സിറിയക് :** വികാരി വലക്കാവ് & കപ്ലോൻ DSC;
വികാരി ചിറക്കേക്കോട് & കപ്ലോൻ SAB ഒഴിവായി.
52. **റവ. ഫാ. ഊക്കൻ വർഗ്ഗീസ് :** വികാരി ചിറക്കേക്കോട് & കപ്ലോൻ SAB; വികാരി കണ്ണാറ & കപ്ലോൻ FCC & RGS ഒഴിവായി.
53. **റവ. ഫാ. കരിപ്പേരി വർഗ്ഗീസ് :** വികാരി കണ്ണാറ & കപ്ലോൻ FCC & RGS, സെക്രട്ടറി ഇവാഞ്ചലൈസേഷൻ കമ്മീഷൻ.
54. **റവ. ഫാ. കാട്ടൂക്കാരൻ പോൾ :** വികാരി തയ്യൂർ & കപ്ലോൻ SABS; വികാരി പൂത്തറക്കൽ & കപ്ലോൻ FCC ഒഴിവായി.
55. **റവ. ഫാ. ചിറ്റിലപ്പിള്ളി ജോൺ :** വികാരി പൂത്തറക്കൽ & കപ്ലോൻ FCC; വികാരി പാലാഴി ഒഴിവായി.
56. **റവ. ഫാ. അറങ്ങാശ്ശേരി സലീഷ് :** വികാരി പാലാഴി; വികാരി തയ്യൂർ & കപ്ലോൻ SABS ഒഴിവായി.
57. **റവ. ഫാ. ചിറ്റിലപ്പിള്ളി ലിജോ :** ഡയറക്ടർ പുല്ലഴി സെന്റ് ജോസഫ്സ് ഹോം; വികാരി പെരിഞ്ചേരി & കപ്ലോൻ FCC ഒഴിവായി.
58. **റവ. ഫാ. താണിക്കൽ പോൾ :** വികാരി പെരിഞ്ചേരി & കപ്ലോൻ FCC; വികാരി & ഫൊറോന വികാരി പഴുവിൽ & കപ്ലോൻ FCC മഠങ്ങൾ ഒഴിവായി.
59. **റവ. ഫാ. ചെറുവത്തൂർ വിൻസെന്റ് :** വികാരി & ഫൊറോന വികാരി പഴുവിൽ & കപ്ലോൻ FCC മഠങ്ങൾ.
60. **റവ. ഫാ. ചിറമ്മൽ ഡേവിസ് Jr. :** ലീവ്; താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം; വികാരി കടങ്ങോട് ഒഴിവായി.
61. **റവ. ഫാ. അറക്കൽ ഫ്രാൻസിസ് :** വികാരി കടങ്ങോട്.
62. **റവ. ഫാ. നിരപ്പുകാലയിൽ ജോർജ്ജ് തോമസ് :** CBCI കമ്മീഷൻ ഫോർ ലേബർ വിഭാഗത്തിൽ സേവനം ചെയ്യാൻ അനുവാദം; വികാരി ചിയ്യാരം സേവനാലയം, കപ്ലോൻ CMC, ഡയറക്ടർ ചൈതന്യ കൗൺസിലിംഗ് സെന്റർ, ഡയറക്ടർ KLM & Sacristian ഒഴിവായി.
63. **റവ. ഫാ. മാറോക്കി സാജൻ :** വികാരി ചിയ്യാരം സേവനാലയം, കപ്ലോൻ CMC, ഡയറക്ടർ ചൈതന്യ കൗൺസിലിംഗ് സെന്റർ; വികാരി സ്നേഹപുരം ഒഴിവായി.
64. **റവ. ഫാ. മേനാച്ചേരി ആന്റണി :** വികാരി സ്നേഹപുരം; വികാരി സരിതപുരം & വരവൂർ ഒഴിവായി.
65. **റവ. ഫാ. വേലൂക്കാരൻ തോമസ് :** വികാരി സരിതപുരം & വരവൂർ, പ്രിൻസിപ്പാൾ & അഡ്മിനിസ്ട്രേറ്റർ മുള്ളൂർക്കര പാരലൽ കോളേജ്; വികാരി ചേരുംകുഴി & കപ്ലോൻ SD & SNDS ഒഴിവായി.

66. **റവ. ഫാ. വൈക്കാടൻ ജോസഫ് :** വികാരി ചേരുംകുഴി & കപ്ലോൻ SD & SNDS; വികാരി വെളപ്പായ & കപ്ലോൻ SD ഒഴിവായി.
67. **റവ. ഫാ. കണിമംഗലത്തുക്കാരൻ വിൻസെന്റ് :** വികാരി വെളപ്പായ & കപ്ലോൻ SD.
68. **റവ. ഫാ. കപ്പിലാംനിരപ്പേൽ ജിജോ :** പ്രൊക്യുറേറ്റർ മൈനർ സെമിനാരി, അസി. മാനേജർ തൊഴിലഭ്യസനപീഠം, & മാനേജർ പി. എസ്. സി. കോച്ചിംഗ് സെന്റർ, വികാരി ചൂലിശ്ശേരി; വികാരി മായന്നൂർ & കപ്ലോൻ FCC ഒഴിവായി.
69. **റവ. ഫാ. ചിറ്റിലപ്പിള്ളി ജോഫി :** വികാരി മായന്നൂർ & കപ്ലോൻ FCC; വികാരി തങ്ങാലൂർ & കപ്ലോൻ DPM ഒഴിവായി.
70. **റവ. ഫാ. എടക്കളത്തൂർ തോമസ് :** വികാരി തങ്ങാലൂർ & കപ്ലോൻ DPM; വികാരി കൂട്ടാല ഒഴിവായി.
71. **റവ. ഫാ. ഓലപ്പുരയ്ക്കൽ റിൻജോ :** വികാരി കൂട്ടാല; വികാരി എളനാട് & കപ്ലോൻ CHF ഒഴിവായി.
72. **റവ. ഫാ. കുറ്റിക്കാട്ട് ജിന്റോ :** വികാരി എളനാട് & കപ്ലോൻ CHF; വികാരി വാക & കണ്ടാണശ്ശേരി & കപ്ലോൻ CPS ഒഴിവായി.
73. **റവ. ഫാ. തളിയത്ത് നിബിൻ :** വികാരി വാക & കണ്ടാണശ്ശേരി & കപ്ലോൻ CPS; വികാരി പാറന്നൂർ & പ്രോ–വികാരി ചിറനെല്ലൂർ & കപ്ലോൻ CHF ഒഴിവായി.
74. **റവ. ഫാ. താണിക്കൽ മനോജ് :** വികാരി പാറന്നൂർ & പ്രോ–വികാരി ചിറനെല്ലൂർ & കപ്ലോൻ CHF; വികാരി മരോട്ടിച്ചാൽ & കപ്ലോൻ CSN & SABS ഒഴിവായി.
75. **റവ. ഫാ. പാവർട്ടിക്കാരൻ ജോൺ :** വികാരി മരോട്ടിച്ചാൽ & കപ്ലോൻ CSN & SABS; വികാരി പങ്ങാരപ്പിള്ളി & കപ്ലോൻ SABS & LSC ഒഴിവായി.
76. **റവ. ഫാ. ചെറുവത്തൂർ സിജോ :** വികാരി പങ്ങാരപ്പിള്ളി & കപ്ലോൻ SABS & LSC; വികാരി മണലാടി & കപ്ലോൻ CHFഒഴിവായി.
77. **റവ. ഫാ. വാഴപറമ്പിൽ ക്ലമന്റ് :** വികാരി മണലാടി & കപ്ലോൻ CHF;
വികാരി തിരുത്തിപ്പറമ്പ് & കപ്ലോൻ FMA ഒഴിവായി.
78. **റവ. ഫാ. അരിമ്പൂർ ജോൺസൻ :** വികാരി തിരുത്തിപ്പറമ്പ് & കപ്ലോൻ FMA; വികാരി പറവട്ടാനി & കപ്ലോൻ CHF മഠങ്ങൾ ഒഴിവായി.
79. **റവ. ഫാ. മൂക്കൻ റോയ് :** വികാരി പറവട്ടാനി & കപ്ലോൻ CHF മഠങ്ങൾ; വികാരി വെട്ടുക്കാട് & കപ്ലോൻ SJB ഒഴിവായി.

80. **റവ. ഫാ. കാഞ്ഞിരത്തിങ്കൽ ബൈജു :** വികാരി വെട്ടുക്കാട് & കപ്ലോൻ SJB; വികാരി കോടന്നൂർ & കപ്ലോൻ SABS ഒഴിവായി.
81. **റവ. ഫാ. ആലുക്ക ആന്റണി :** വികാരി കോടന്നൂർ & കപ്ലോൻ SABS; വികാരി & ഫൊറോന വികാരി പറപ്പൂർ & കപ്ലോൻ CMC & AC ഒഴിവായി.
82. **റവ. ഫാ. പുത്തൂർ സെബി :** വികാരി & ഫൊറോന വികാരി പറപ്പൂർ & കപ്ലോൻ CMC & AC; വികാരി മരത്താക്കര & കപ്ലോൻ FCC മഠങ്ങൾ, CPS ഒഴിവായി.
83. **റവ. ഫാ. വടക്കൻ ജോബ് :** വികാരി മരത്താക്കര & കപ്ലോൻ FCC മഠങ്ങൾ, CPS; വികാരി വേലൂപ്പാടം & കപ്ലോൻ SABS, CMC ഒഴിവായി.
84. **റവ. ഫാ. ചെറയത്ത് ഡേവിസ് Jr. :** വികാരി വേലൂപ്പാടം & കപ്ലോൻ SABS, CMC; വികാരി & ഫൊറോന വികാരി വേലൂർ, വികാരി പഴയങ്ങാടി & കപ്ലോൻ CHF ഒഴിവായി.
85. **റവ. ഫാ. താണിശ്ശേരി റാഫേൽ :** വികാരി & ഫൊറോന വികാരി വേലൂർ, വികാരി പഴയങ്ങാടി & കപ്ലോൻ CHF; വികാരി പുത്തൻപീടിക & കപ്ലോൻ FCC ഒഴിവായി.
86. **റവ. ഫാ. മുരിങ്ങാത്തേരി ജോസഫ് :** വികാരി പുത്തൻപീടിക & കപ്ലോൻ FCC; വികാരി എരനെല്ലൂർ & കപ്ലോൻ SLMI ഒഴിവായി.
87. **റവ. ഫാ. കാഞ്ഞിരത്തിങ്കൽ ആന്റോ :** വികാരി എരനെല്ലൂർ & കപ്ലോൻ SLMI.
88. **റവ. ഫാ. കാക്കശ്ശേരി തോമസ് :** വികാരി കിള്ളിമംഗലം ഒഴിവായി.
89. **റവ. ഫാ. നീലങ്കാവിൽ ആൻസൺ :** വികാരി കിള്ളിമംഗലം കൂടി; വികാരി പരക്കാട് ഒഴിവായി.
90. **റവ. ഫാ. ചിറമ്മൽ ചാക്കോ :** വികാരി പരക്കാട് കൂടി, താമസം ജ്യോതി എഞ്ചിനീയറിംഗ് കോളേജ്; കപ്ലോൻ CMC & Holy Cross ഒഴിവായി.
91. **റവ. ഫാ. കീഴൂരുമുട്ടിക്കൽ മനോജ് :** പഠനാവധി, താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം; വികാരി മഡോണനഗർ & കപ്ലോൻ CHF , തൊഴിലഭ്യസനപീഠത്തിലെ ഉത്തരവാദിത്വങ്ങൾ ഒഴിവായി.
92. **റവ. ഫാ. ആലപ്പാടൻ ഫിജോ :** വികാരി മഡോണനഗർ & കപ്ലോൻ CHF, അസി. ഡയറക്ടർ & കോർഡിനേറ്റർ മീഡിയ കത്തോലിക്ക; സെക്രട്ടറി കലാസദൻ, വികാരി ചൂലിശ്ശേരി, കപ്ലോൻ CHF മറിയം ത്രേസ്യ നിലയം ഒഴിവായി.
93. **റവ. ഫാ. ഒറ്റലാങ്കൽ ചാക്കോ MSFS :** വികാരി വെള്ളക്കാരിത്തടം ഒഴിവായി.
94. **റവ. ഫാ. പുത്തൂർ ജോബി :** വികാരി വെള്ളക്കാരിത്തടം; വികാരി

ഇൻ ചാർജ്ജ് കാവീട്, നോട്ടറി മെത്രാപ്പോലീത്തൻ കോടതി, കപ്ലോൻ ഉർസുലൈൻ & സി. എസ്. എം. മഠങ്ങൾ ഒഴിവായി.

95. **റവ. ഫാ. മാളിയമ്മാവ് പോൾ :** ഡയറക്ടർ KLM & Sacristian കൂടി.

96. **റവ. ഫാ. അറങ്ങാശ്ശേരി സനോജ് :** വികാരി ആളൂർ കിഴക്ക് ഒഴിവായി.

97. **റവ. ഫാ. തളിയപറമ്പിൽ ലിറിൽ :** വികാരി ആളൂർ കിഴക്ക് കൂടി.

98. **റവ. ഫാ. അരിമ്പൂർ ജെറിൻ :** PACT ഒഴിവായി.

99. **റവ. ഫാ. ഐനിക്കൽ ജോൺസൻ :** ഡയറക്ടർ അഡ്വക്കേറ്റ് ഫോറം ഒഴിവായി.

100. **റവ. ഫാ. കുറ്റിക്കോട്ടയിൽ മാത്യു :** ഡയറക്ടർ അഡ്വക്കേറ്റ് ഫോറം കൂടി.

101. **റവ. ഫാ. മുണ്ടൻകുരിയൻ റെന്നി :** ഡയറക്ടർ ഡോക്ടേഴ്സ് ഫോറം ഒഴിവായി.

102. **റവ. ഫാ. പുന്നോലിപറമ്പിൽ ബാസ്റ്റ്യൻ :** ഡയറക്ടർ ഡോക്ടേഴ്സ് ഫോറം കൂടി.

103. **റവ. ഫാ. കടപ്പൂരാൻ ജോബി :** താമസം ടിംഹാൻസ്; അസി. ഡയറക്ടർ പീസ് ഹോം ഗ്രേസ് ഹോം, MKMRCC ഒഴിവായി.

104. **റവ. ഫാ. മരോട്ടിക്കൽ അലക്സ് :** അസി. ഡയറക്ടർ ഗ്രേസ് ഹോം കൂടി; താമസം ഗ്രേസ് ഹോം.

105. **റവ. ഫാ. പൊറത്തൂർ സിന്റോ :** കണ്ണാറ ഇടവകയിൽ സഹായി കൂടി; കപ്ലോൻ SMC മുളയം ഒഴിവായി.

106. **റവ. ഫാ. മുണ്ടോപുറം ഡെയ്സൻ :** വൊക്കേഷൻ കമ്മീഷനിലെ ഉത്തരവാദിത്വം ഒഴിവായി.

107. **റവ. ഫാ. പുളിക്കൻ സിജു :** സാന്ത്വനത്തിലെ ഉത്തരവാദിത്വം ഒഴിവായി.

108. **റവ. ഫാ. തച്ചോത്ത് അജിത്ത് :** കോർഡിനേറ്റർ യുവജനവർഷം & പാക്ട് സഹായി കൂടി.

109. **റവ. ഫാ. പൊറുത്തൂർ ഡൈജോ :** ഡയറക്ടർ മീഡിയ കത്തോലിക്ക & കപ്ലോൻ OSF ലൂർദ്ദ്പുരം കൂടി; കപ്ലോൻ മണ്ണുത്തി CSS മഠങ്ങൾ ഒഴിവായി.

110. **റവ. ഫാ. ആലപ്പാട്ട് ബിജു :** ഡയറക്ടർ മീഡിയ കത്തോലിക്ക & കപ്ലോൻ ശാന്തിധാം CMC ഒഴിവായി.

111. **റവ. ഫാ. കൊള്ളന്നൂർ റോയ്സൺ :** കോർഡിനേറ്റർ മീഡിയ കത്തോലിക്ക കോംപ്ലക്സ് കൂടി.

112. **റവ. ഫാ. വാഴപ്പിള്ളി ഫ്രെജോ :** ഡയറക്ടർ സി. എൽ. സി. സീനിയർ & പ്രൊഫഷണൽ കൂടി.

113. **റവ. ഫാ. പൂപ്പാടി തോമസ് :** ഇൻ ചാർജ്ജ് ഓഫ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രോപ്പർട്ടീസ് കൂടി.

114. **റവ. ഫാ. കാഞ്ഞിരത്തിങ്കൽ പ്രിൻസൺ :** താമസം ക്രൈസ്റ്റ് വില്ല ബംഗ്ലാവ്; പുല്ലഴി ക്രിസ്റ്റീന ഹോം സഹായി ഒഴിവായി.

115. **റവ. ഫാ. തട്ടിൽ ലിൻസൺ :** കപ്ലോൻ Assisi FCC കൂടി; കപ്ലോൻ CMC പ്രോവിൻഷ്യൽ ഹൗസ് & ഡയറക്ടർ KCYM ഒഴിവായി.

116. **റവ. ഫാ. കോനിക്കര ജോസ് Jr. :** കപ്ലോൻ CSM Lourdenatha & Snehabahvan കൂടി; കപ്ലോൻ MI FCC ഒഴിവായി.

117. **അതിരൂപത അതിർത്തി നിർണ്ണയ കമ്മിറ്റി :** ഫാ. കൂത്തൂർ വർഗ്ഗീസ്, ഫാ. ഡൈജോ പൊറുത്തൂർ, ഫാ. താണിശ്ശേരി റാഫേൽ, ഫാ. താണിക്കൽ പോൾ, ഫാ. തറയിൽ ഡെമിൻ ഒഴിവായി.

118. **അതിരൂപത അതിർത്തി നിർണ്ണയ കമ്മിറ്റി :** ഫാ. കൂത്തൂർ വർഗ്ഗീസ്, ഫാ. ഡൈജോ പൊറുത്തൂർ, ഫാ. പാലത്തിങ്കൽ പോൾസൺ, ഫാ. വെണ്ണാട്ടുപറമ്പിൽ ജോഷി, ഫാ. വള്ളൂപ്പാറ ജീജോ.

119. **റെക്ടർ സെന്റ് മേരീസ് മൈനർ സെമിനാരി :** കപ്ലോൻ CHF മറിയം ത്രേസ്യ നിലയം കൂടി.

120. **റവ. ഫാ. മുരിങ്ങാത്തേരി സിജോ :** കപ്ലോൻ SKD തോട്ടത്തിൽ ലൈൻ കൂടി; കപ്ലോൻ CSC മരിയ പ്രോവിൻഷ്യൽ ഹൗസ് ഒഴിവായി.

121. **റവ. ഫാ. താണിക്കൽ ഡെന്നി :** കപ്ലോൻ CMC കോലഴി പ്രോവിൻഷ്യൽ ഹൗസ്, ഡയറക്ടർ LOAF കൂടി; കപ്ലോൻ OSF ലൂർദ്ദ്പുരം ഒഴിവായി.

122. **റവ. ഫാ. തരകൻ റോജർ :** കപ്ലോൻ CMC ശാന്തിധാം; കപ്ലോൻ CSS പ്രേഷിതഭവൻ ഒഴിവായി.

123. **റവ. ഫാ. വല്ലൂരാൻ ജോസ് :** കപ്ലോൻ CSM ഹോളിസ്പിരിറ്റ്, ഉർസുലൈൻ കൂടി; കപ്ലോൻ SKD തോട്ടത്തിൽ ലൈൻ ഒഴിവായി.

124. **റവ. ഫാ. തലക്കോടൻ ഡൊമിനിക് :** കപ്ലോൻ CSS ജനറലേറ്റ് മഠങ്ങൾ കൂടി; കപ്ലോൻ CSM ലൂർദ്ദ്നാഥ ഒഴിവായി.

125. **റവ. ഫാ. മാപ്രാണി അലക്സ് :** കപ്ലോൻ CSS പ്രേഷിതഭവൻ കൂടി; ബലിയർപ്പണം P.C. Thomas Tuition Centre ഒഴിവായി.

126. **റവ. ഫാ. തലക്കോട്ടൂർ ഫ്രാൻസിസ് :** ബലിയർപ്പണം CHF മുക്കാട്ടുകര കൂടി; കപ്ലോൻ CSM പൊന്നൂക്കര ഒഴിവായി.

127. **റവ. ഫാ. പിണ്ടിയാൻ സാജൻ :** കപ്ലോൻ SNDS ജനറലേറ്റ് കൂടി.

128. **റവ. ഫാ. താഴത്ത് ജിക്സൺ :** കപ്ലോൻ SNDS നോവിഷ്യറ്റ് കൂടി; കപ്ലോൻ CSM കൂട്ടാല ഒഴിവായി.
129. **റവ. ഫാ. കാവുങ്കൽ ഡേവിസ് MST :** കപ്ലോൻ CSM കൂട്ടാല കൂടി; കപ്ലോൻ SNDS നോവിഷ്യറ്റ് ഒഴിവായി.
130. **റവ. ഫാ. പാറക്കൽ ഫ്രീജോ :** കപ്ലോൻ SMC മുളയം കൂടി.
131. **റവ. ഫാ. ആളൂർ ഫ്രാൻസിസ് :** ഡയറക്ടർ LOAF ഒഴിവായി.
132. **റവ. ഫാ. അക്കര രാജു :** ഡയറക്ടർ ഇൻ ചാർജ്ജ് സെന്റ് ജോസഫ്സ് ഹോം പുല്ലഴി ഒഴിവായി.
133. **റവ. ഫാ. ചിറ്റിലപ്പിള്ളി ഷിജു :** കപ്ലോൻ മുള്ളൂർക്കര CMC & Holy Cross കൂടി.
134. **റവ. ഫാ. കൂത്തൂർ വർഗ്ഗീസ് :** കപ്ലോൻ MI FCC കൂടി; കപ്ലോൻ Assisi FCC ഒഴിവായി.

**അസിസ്റ്റന്റുമാർ**

135. **റവ. ഫാ. പടിഞ്ഞാക്കര അഭിജിത്ത് :** ഷംഷാബാദ് രൂപതയിൽ സേവനം. തൃശ്ശൂർ ബസിലിക്ക 1 ഒഴിവായി.
136. **റവ. ഫാ. താണിക്കൽ ജോമോൻ :** തൃശ്ശൂർ ബസിലിക്ക 1; കോട്ടപ്പടി ഒഴിവായി.
137. **റവ. ഫാ. കിഴക്കൂടൻ ഗോഡ്വിൻ :** കോട്ടപ്പടി; അരിമ്പൂർ ഒഴിവായി.
138. **റവ. ഫാ. ചിറ്റിലപ്പിള്ളി അജിത്ത് :** അരിമ്പൂർ; തൃശ്ശൂർ ലൂർദ്ദ് 1 ഒഴിവായി.
139. **റവ. ഫാ. വെളിയൻ സെബി :** തൃശ്ശൂർ ലൂർദ്ദ് 1; തിരൂർ ഒഴിവായി.
140. **റവ. ഫാ. ചൂണ്ടൽ ലിവിൻ :** തിരൂർ, മീഡിയ കത്തോലിക്ക അംഗം കൂടി; എരുമപ്പെട്ടി ഒഴിവായി.
141. **റവ. ഫാ. ഐനിക്കൽ എഡ്വിൻ :** എരുമപ്പെട്ടി; കണ്ടശ്ശാംകടവ് ഒഴിവായി.
142. **റവ. ഫാ. ചുങ്കത്ത് മിഥുൻ :** കണ്ടശ്ശാംകടവ്; നെല്ലിക്കുന്ന്, കൂരിയ നോട്ടറി ഒഴിവായി.
143. **റവ. ഫാ. നെല്ലങ്കര ജിതിൻ :** നെല്ലിക്കുന്ന് കൂടി; ഒല്ലൂർ മേരിമാത ഒഴിവായി.
144. **റവ. ഫാ. ഊക്കൻ സിബിൻ :** ഒല്ലൂർ മേരിമാത (w.e.f.22.02.2023); അരണാട്ടുകര 2 ഒഴിവായി.
145. **റവ. ഫാ. പേരാമംഗലം ജോൺ :** അരണാട്ടുകര 2; വരന്തരപ്പിള്ളി പള്ളിക്കുന്ന് ഒഴിവായി.
146. **റവ. ഫാ. കണ്ണനായ്ക്കൽ സജിൽ :** വരന്തരപ്പിള്ളി പള്ളിക്കുന്ന്; മറ്റം ഒഴിവായി.

147. **റവ. ഫാ. ചിറ്റിലപ്പിള്ളി ആന്റണി Jr. :** മറ്റം; കൊട്ടേക്കാട് ഒഴിവായി.
148. **റവ. ഫാ. അരിമ്പൂർ ഡെറിൻ :** കൊട്ടേക്കാട്.
149. **റവ. ഫാ. കൊളമ്പ്രത്ത് ഡിക്സൺ :** അസി. ഡയറക്ടർ സാന്ത്വനം (താമസം പാസ്റ്ററൽ സെന്റർ), കപ്ലോൻ CSM പൊന്നൂക്കര; ചെങ്ങാലൂർ ഒഴിവായി.
150. **റവ. ഫാ. പുത്തൂർ പ്രകാശ് :** ചെങ്ങാലൂർ; വേലൂർ ഒഴിവായി.
151. **റവ. ഫാ. ചിറയത്ത് ജീൻ :** വേലൂർ.
152. **റവ. ഫാ. മാളിയേക്കൽ ജിജോ :** പഠനാവധി, താമസം സാവിയോ ഹോം മനക്കൊടി; അരണാട്ടുകര 1 ഒഴിവായി.
153. **റവ. ഫാ. ചിറ്റിലപ്പിള്ളി അനുവിൻ :** അരണാട്ടുകര 1; മണ്ണുത്തി ഒഴിവായി.
154. **റവ. ഫാ. അക്കരപ്പട്ട്യേക്കൽ നിർമ്മൽ :** മണ്ണുത്തി, കൂരിയ സഹായി (Data Collection); തലോർ ഒഴിവായി.
155. **റവ. ഫാ. ചിറയത്ത് ഫെബിൻ :** തലോർ.
156. **റവ. ഫാ. പയ്യപ്പിള്ളി ജിനു :** ഷംഷാബാദ് രൂപതയിൽ സേവനം; അമ്മാടം ഒഴിവായി.
157. **റവ. ഫാ. ഈറ്റയാങ്കൽ ബെബിൻ MST :** അമ്മാടം.
158. **റവ. ഫാ. നെടുമ്പാക്കാരൻ യേശുദാസ് :** ഷംഷാബാദ് രൂപതയിൽ സേവനം; മുല്ലശ്ശേരി ഒഴിവായി.
159. **റവ. ഫാ. മാറോക്കി ഷിന്റോ :** മുല്ലശ്ശേരി, പാവറട്ടി 1 ഒഴിവായി.
160. **റവ. ഫാ. മുത്തുപ്പീടിക മേജോ :** പാവറട്ടി 1; പഴുവിൽ ഒഴിവായി.
161. **റവ. ഫാ. തട്ടിൽ ബെൻവിൻ :** പഴുവിൽ; പുതുക്കാട് ഒഴിവായി.
162. **റവ. ഫാ. അറയ്ക്കൽ സ്റ്റീഫൻ :** പുതുക്കാട്; ചിറ്റാട്ടുകര ഒഴിവായി.
163. **റവ. ഫാ. മാറോക്കി ജിതിൻ OFM.Cap. :** ചിറ്റാട്ടുകര.
164. **റവ. ഫാ. തണ്ടാശ്ശേരി കനേഡിയൻ :** പഠനാവധി, താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം; നടത്തറ ഒഴിവായി.
165. **റവ. ഫാ. മങ്ങാട്ടിലയൻ ജോമോൻ :** നടത്തറ, അസി. മാനേജർ സെന്റ് മേരീസ് ഐ. ടി. ഐ.; മരിയാപുരം ഒഴിവായി.
166. **റവ. ഫാ. എടക്കളത്തൂർ ഗോഡ്വിൻ :** മരിയാപുരം, നോട്ടറി മെത്രാപ്പോലീത്തൻ കോടതി; കല്ലൂർ കിഴക്ക് ഒഴിവായി.
167. **റവ. ഫാ. കടക്കച്ചിറക്കുന്നേൽ സെബിൻ MST :** കല്ലൂർ കിഴക്ക്; മുണ്ടൂർ ഒഴിവായി.
168. **റവ. ഫാ. അന്തിക്കാട്ട് സന്തോഷ് :** മുണ്ടൂർ; ഒളരിക്കര, നോട്ടറി മെത്രാപ്പോലീത്തൻ കോടതി ഒഴിവായി.
169. **റവ. ഫാ. ചെമ്മണ്ണൂർ ലിബിൻ :** ഒളരിക്കര, നോട്ടറി മെത്രാപ്പോലീ

ത്തൻ കോടതി; പറപ്പൂർ ഒഴിവായി.

170. **റവ. ഫാ. മുരിങ്ങാത്തേരി ഗ്രിജോ :** പറപ്പൂർ; കുരിയച്ചിറ ഒഴിവായി.

171. **റവ. ഫാ. കാഞ്ഞിരത്തിങ്കൽ അരുൺ :** കുരിയച്ചിറ, സഹായി സെമിനാരി ഡിഗ്രി വിദ്യാർത്ഥികൾ; തൃശ്ശൂർ ബസിലിക്ക 2 ഒഴിവായി.

172. **റവ. ഫാ. നീലങ്കാവിൽ സിനോജ് :** തൃശ്ശൂർ ബസിലിക്ക 2.

173. **റവ. ഫാ. പുത്തൂർ ലിയോ :** അസി. ഡയറക്ടർ വിയാനി ഭവൻ & ക്രൈസ്റ്റ് വില്ല, കപ്ലോൻ CSC മരിയ ജനറലേറ്റ്, താമസം വിയാനി ഭവൻ; പുത്തൂർ, പറോക്ക് ഒഴിവായി.

174. **റവ. ഫാ. നീലങ്കാവിൽ ഹാഡ്ലി :** പുത്തൂർ, പറോക്ക്; പാവറട്ടി 2 ഒഴിവായി.

175. **റവ. ഫാ. പുത്തൂർ ജോൺ :** പാവറട്ടി 2.

176. **റവ. ഫാ. ചിറയിൽ പ്രിൻസ് SDV :** വേലൂപ്പാടം ഒഴിവായി.

177. **റവ. ഫാ. ഊക്കൻ തോമസ് :** വേലൂപ്പാടം; പുത്തൻപീടിക ഒഴിവായി.

178. **റവ. ഫാ. കുരിയളാനിക്കൽ ജോസഫ് MCBS :** പുത്തൻപീടിക.

179. **റവ. ഫാ. മഞ്ഞളി ബിനോയ് :** പഠനാവധി; ഒല്ലൂർ 1 ഒഴിവായി.

180. **റവ. ഫാ. വടക്കേത്തല മിഥുൻ :** ഒല്ലൂർ 1; പാലയൂർ ഒഴിവായി.

181. **റവ. ഫാ. രായപ്പൻ ആന്റോ :** പാലയൂർ; സഹായമെത്രാന്റെ സെക്രട്ടറി, അസി. ആർക്കൈവിസ്റ്റ്, CHF മുക്കാട്ടുകര ബലിയർപ്പണം, നോട്ടറി മെത്രാപ്പോലീത്തൻ കോടതി ഒഴിവായി.

182. **റവ. ഫാ. ചാലിൽ അനു :** സഹായമെത്രാന്റെ സെക്രട്ടറി, P.C. Thomas Tuition Centre ൽ ബലിയർപ്പണം; മുക്കാട്ടുകര, പാക്ട് ഒഴിവായി.

183. **റവ. ഫാ. മുട്ടത്ത് പോൾ :** മുക്കാട്ടുകര, നോട്ടറി അതിരൂപത കാര്യാലയം; മരത്താക്കര ഒഴിവായി.

184. **റവ. ഫാ. പള്ളിക്കുന്നത്ത് ഷിജോ :** മരത്താക്കര, അസി. ഡയറക്ടർ കെ. സി. വൈ. എം.; തൃശ്ശൂർ ലൂർദ്ദ് 2 ഒഴിവായി.

185. **റവ. ഫാ. വേലൂക്കാരൻ ജിയോ :** തൃശ്ശൂർ ലൂർദ്ദ് 2; വെണ്ടോർ ഒഴിവായി.

186. **റവ. ഫാ. കുറുമ്പിലായി ഷിംജോ SDV :** വെണ്ടോർ.

187. **റവ. ഫാ. മങ്ങാട്ടിലയൻ മേജോ :** വടക്കാഞ്ചേരി; ചേലക്കര ഒഴിവായി.

188. **റവ. ഫാ. വട്ടക്കുഴി ഗ്ലാഡ്രിൻ :** ചേലക്കര; വടക്കാഞ്ചേരി ഒഴിവായി.

189. **റവ. ഫാ. കല്ലിടുക്കിൽ നിഥിൻ SDV :** പെരിഞ്ചേരി ഒഴിവായി.

190. **റവ. ഫാ. പുലിക്കോട്ടിൽ ഡേവിസ് Jr. :** പെരിഞ്ചേരി.

191. **റവ. ഫാ. പാണേങ്ങാടൻ റെൻസൺ ISch :** എറവ് ഒഴിവായി.
192. **റവ. ഫാ. ഒലക്കേങ്കിൽ ഡെബിൻ :** എറവ്; ഒല്ലൂർ 2 ഒഴിവായി.
193. **റവ. ഫാ. അരീപ്ലാക്കൽ ബിബിൻ MST :** പുറനാട്ടുകര.
194. **റവ. ഫാ. മാടമ്പി ലിന്റോ CMI :** എൽത്തുരുത്ത്.
195. **റവ. ഫാ. തറയിൽ ജെറിൻ ജോസ് CMI :** എൽത്തുരുത്ത് ഒഴിവായി.
196. **റവ. ഫാ. വടക്കൻ റെമി CMI :** വരന്തരപ്പിള്ളി കിഴക്ക്.
197. **റവ. ഫാ. കാക്കശ്ശേരി സൂരജ് CMI :** വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി.
198. **റവ. ഫാ. മാണിക്കത്തൊൻ ഷെൽബിൻ ISch :** പുറനാട്ടുകര ഒഴിവായി.
199. **റവ. ഫാ. പുലിക്കോട്ടിൽ ജോൺ പോൾ OFM.Cap. :** ഒല്ലൂർ 2.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

**എന്നിൽ
വിശ്വസിക്കുന്നവന്റെ
ഹൃദയത്തിൽനിന്ന്,
വിശുദ്ധലിഖിതം
പ്രസ്താവിക്കുന്നതുപോലെ,
ജീവജലത്തിന്റെ
അരുവികൾ ഒഴുകും**

**(യോഹ 07, 38)**

# ENGAGEMENTS

**2023 MARCH Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 02 | Thu | Morning | FABC Online meeting |
| | | | Meeting of priests concerned by transfer |
| 03 | Fri | Afternoon | Retirement program of Corporate Educational Agency at DBCLC |
| | | Evening | Finance Council |
| 04 | Sat | Afternoon | Meeting for trustees and clerks |
| 6-7 | | | Engaged |
| 08 | Wed | Morning | Mathruvedi at Lourdes Cathedral |
| 11 | Sat | Morning | Pastoral Council |
| | | Afternoon | Palayur Theerthadanam Committee meeting |
| 12 | Sun | Morning | Darshanasabha sangamam at Nedupuzha |
| | | Afternoon | Golden Jubilee Celebrations of KCYM & Catholic Union at St. Thomas College |
| | | Evening | Ruby Jubilee Celebrations of Jacobite Church at Pattikad |
| 13-15 | | | Engaged |
| 16 | Thu | Morning | Consultors' Meeting |
| | | Afternoon | Presbyteral Council |
| | | Evening | Staff Meeting at Marymatha Major Seminary |
| 17 | Fri | Evening | JMMC Trust meeting |
| 19 | Sun | Evening | Palayur Convention |
| 20-22 | | | Engaged |
| 23 | Thu | Morning | Meeting with Forane Vicars |
| 24-25 | | | FIAT Mission Program at Cuttack, Bhubaneswar |
| 26 | Sun | | Palayur Pilgrimage |
| 27-29 | | | Engaged |
| 30 | Thu | Afternoon | Minor Orders at Minor Seminary |
| 31 | Fri | Morning | Holy Mass at Spiritual Animation Centre |

# ENGAGEMENTS

**2023 MARCH Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 1-8 | | | Engaged |
| 09 | Thu | Morning | For Priest and Religious |
| | | Afternoon | Visitors' Time |
| 10 | Fri | Morning | Curia Meeting |
| | | Afternoon | Ernakulam, Ashirbhavan |
| 11 | Sat | Morning | Pastoral Council |
| | | Afternoon | Palayur Theerthadanam Committee meeting<br>Teachers Guild Meeting @ Family Apostolate |
| 12 | Sun | Morning | Darshana Sabha Meeting @ Nedupuzha |
| | | Afternoon | Deaf & Dumb Gathering @ Family Apostolate<br>KCYM & AKCC Jubilee Meeting @<br>St. Thomas College |
| 13 | Mon | All Day | Ongoing Formation For Young Priests<br>(2015-2017) |
| 14 | Tue | Morning | Curia Meeting, Ongoing Formation For<br>Young Priests (2015-2017) |
| 15 | Wed | All Day | Engaged |
| 16 | Thu | Morning | For Priest and Religious,<br>Consultors' Meeting |
| | | Afternoon | Presbyteral Council |
| | | Evening | Marymatha Major Seminary |
| 17 | Fri | Morning | Holy Mass @ Animation Centre,<br>Curia Meeting<br>Retirement Meeting @ St. Thomas College |
| | | Evening | Visitors' Time |
| 18 | Sat | | Pastoral Visit Eravu Day 1 |
| 19 | Sun | | Pastoral Visit Eravu Day 2 |
| 20 | Mon | | Pastoral Visit Eravu Day 3 |

| | | | |
|---|---|---|---|
| 21 | Tue | Morning | Curia Meeting |
| 22 | Wed | | Engaged |
| 23 | Thu | Morning | Forane Vicar Meeting |
| | | | For Priest' and Religious |
| 24 | Fri | Morning | Curia Meeting |
| | | Evening | Visitors' Time |
| 26 | Sun | | Palayur Theerthadanam |
| 28 | Tue | Morning | Curia Meeting |
| 29 | Wed | | Engaged |
| 30 | Thu | | Minor Orders @ Minor Seminary |
| | | Morning | For Priests' and Religious |
| 31 | Fri | Morning | Curia Meeting |
| | | Evening | Visitors' Time |

**ഈ തൊഴുത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും**

**(യോഹ 10, 16).**

# നാളാഗമം

## ജനുവരി 2023

1. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചതിരിഞ്ഞ്, ആളൂർ ഇടവകയിൽ പുതുതായി നിർമ്മിച്ച വിശുദ്ധ സെബസ്ത്യാനോസിന്റെ നാമധേയത്തിലുള്ള ദേവാലയം ആശീർവദിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മരത്താക്കരയിൽ വി. കുർബ്ബാന അർപ്പിച്ചു. വേലൂരിൽ യുവജനസംഗമത്തിൽ പങ്കെടുത്തു.

2–8. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് കാലം ചെയ്ത ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കാനായി റോമിലേയ്ക്ക് പോയി .

2. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പടവരാട് വച്ച് ഡി. ഇമ്മാനുവേൽ OCD തിരുപ്പട്ടം നൽകി. DBCLC യിൽ സാന്തോം ക്വിസ്സിൽ പങ്കെടുത്തു. ആളൂർ ഇടവകയിൽ കൊടിമരം വെഞ്ചിരിച്ചു.

3. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വെള്ളാനിക്കോട് ഇടവകയിൽ നാലാമത്തെകുട്ടിയുടെ മാമ്മോദീസ നടത്തി.

4. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അമ്മാടത്ത് നാലാമത്തെകുട്ടിയുടെ മാമ്മോദീസ നടത്തി. ബനഡിക്ട് മാർപ്പാപ്പയുടെ അനുസ്മരണ ദിവ്യബലിയിലും വിലാപയാത്രയിലും പങ്കെടുത്തു.

5. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വെള്ളാറ്റഞ്ഞൂരിൽ നാലാമത്തെകുട്ടിയുടെ മാമ്മോദീസ

നടത്തി. മുളയം നിർമ്മലദാസി സിസ്റ്റേഴ്സിന്റെ ജൂബിലിയിൽ പങ്കെടുത്തു. വൈകീട്ട് വരാക്കര സെന്റ് ആന്റണീസിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.

6. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ലൂർദ്ദിൽ വച്ച് Youth Year ഉദ്ഘാടനം നടത്തി.

8. അഭിവന്ദ്യ പിതാക്കന്മാർ കൽദായ മെത്രാപ്പോലീത്ത മാർ ഔഗിൻ തിരുമേനിയുടെ സ്ഥാനാരോഹണ ചടങ്ങുകളിൽ പങ്കെടുത്തു.

9–14. സീറോ മലബാർ സഭയുടെ സിനഡിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു.

16. അഭിവന്ദ്യ താഴത്ത് പിതാവ് നവവൈദികർക്കുള്ള പരിശീലന പരിപാടി ഡി.ബി.സി.എൽ.സി. യിൽ വച്ച് ഉദ്ഘാടനം ചെയ്തു.

17. അതിരൂപത കാര്യാലയത്തിൽ വച്ച് നവവൈദികരോടൊപ്പം അഭിവന്ദ്യ പിതാക്കന്മാർ വിശുദ്ധ ബലിയർപ്പിച്ചു. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഉച്ചതിരിഞ്ഞ് ആലുവ കാർമൽഗിരി സെമിനാരിയിൽ വച്ച് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ സമാപനയോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നവവൈദികരുടെ പരിശീലന പ്രോഗ്രമിൽ പങ്കെടുത്ത് ദിവ്യബലി അർപ്പിച്ചു.

18. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് അത്താണി ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ഡീക്കൻ ജോൺപോൾ പുലിക്കോട്ടിൽ ഒ.എഫ്.എം. ന് പൗരോഹിത്യം നൽകി. വൈകിട്ട് അതിരൂപത കാര്യത്തിൽ വച്ച് അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ നവവൈദികർക്ക് സ്വീകരണം നൽകി.

19. രാവിലെ ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിലും ഉച്ചകഴിഞ്ഞ് ആലോചന സമിതി യോഗത്തിലും അഭിവന്ദ്യ പിതാക്കൻമാർ സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കല്ലൂർ പടിഞ്ഞാറേ പള്ളിയുടെ 150–ാം ജൂബിലി വർഷം ഉദ്ഘാടനം നടത്തി ദിവ്യബലി അർപ്പിച്ചു.

20. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സി.ബി.സി.ഐ. ഭാരവാഹികളുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് കെ.സി.വൈ.എം. നേതൃത്വം നൽകിയ കേരള യൂത്ത് കോൺഫറൻസ് ചിയ്യാരം ഇടവകയിൽ വച്ച് ഉദ്ഘാടനം ചെയ്തു. വൈകീട്ട് ജൂബിലി ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ എരനെല്ലൂരിൽ നാലാമത്തെകുട്ടിയുടെ മാമ്മോദീസ നടത്തി.

21. ചിറ്റിലപ്പിള്ളി ഇടവകയിൽ വച്ച് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ബഹുമാനപ്പെട്ട ഡീക്കൻ ജിതിൻ മാറോക്കി ഒ.എഫ്.എം. ന് പൗരോഹിത്യം നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഗ്രേയ്സ് ഹോംമിൽ ദിവ്യബലി അർപ്പിച്ചു. വൈകീട്ട് ലൂർദ്ദിൽ നാലാമത്തെകുട്ടിയുടെ മാമ്മോദീസ നടത്തി.

22. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചിയ്യാരം ഇടവകയിൽ കെ.സി. വൈ.എം. നേതൃത്വം നൽകിയ കേരള യൂത്ത് കോൺഫറൻസിൽ പങ്കെടുക്കുകയും വിശുദ്ധ ബലി അർപ്പിക്കുകയും ചെയ്തു. അതിനുശേഷം ഗുരുവായൂർ എൽ. എഫ്. കോളേജിൽ വെച്ച് എഫ്. സി. സി. സന്യാസ സമൂഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷ ത്തിൽ പങ്കെടുക്കുകയും വിശുദ്ധബലി അർപ്പിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് പുതുക്കാട് ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ആന്റണി തെക്കിനിയത്ത് അച്ചന്റെ അമ്മയുടെ മൃതദേഹ സംസ്കാരത്തിൽ താഴത്ത് പിതാവ് കാർമികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീല ങ്കാവിൽ പിതാവ് KYC പെതുസമ്മേളമത്തിൽ പങ്കെടുത്തു. വൈകീട്ട് ചേർപ്പ് ഇടവക ദിനം ഉദ്ഘാടനം നടത്തി.

23. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് രാവിലെ പറപ്പൂർ ഇടവകയിൽ വച്ച് പാണേങ്ങാടൻ ജോസിന്റെ അഞ്ചാമത്തെ കുഞ്ഞിന് മാമോദിസ നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മേരിമാതാ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു.

25. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മഞ്ഞക്കുന്ന് നാലാമത്തെകുട്ടിയുടെ മാമ്മോദീസ നടത്തി. തയ്യൂരിൽ സാന്ത്വനം വീട് വെഞ്ചിരിച്ചു.

26. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സി. ആ. ഐ. മീറ്റിംഗിൽ പങ്കെടുത്തു. ജീസസ്സ് യൂത്ത് ഫാമിലി കൂട്ടായ്മയിൽ പങ്കെടുത്തു. സെന്റ് ആൻസ് ഓർഫനേജിന്റെ ശതാബ്ദി സമാപന ദിവ്യബലി അർപ്പിച്ചു.

28. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് വരാക്കര സെന്റ്. ആന്റണീസിൽ മാമ്മോദീസ നടത്തി.

29. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വല്ലച്ചിറ പുതിയ ദൈവാലയത്തിന്റെ വെഞ്ചിരിപ്പ് നിർവഹിച്ചു. ഉച്ചകഴിഞ്ഞ് മുറ്റിച്ചൂർ കുരിശു പളളിയുടെ വെഞ്ചിരിപ്പ് നിർവഹിച്ചു.


30. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുതുക്കാട് നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**രണ്ടാം ശനിയാചരണം**

ഫെബ്രുവരി മാസത്തിലെ രണ്ടാം ശനിയാചരണം 11.02.2023ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. പാലക്കാട് രൂപതയിലെ നെന്മാറ ഇടവക വികാരി ബ. റെജി പെരുമ്പള്ളി അച്ചനാണ് വിശുദ്ധ ബലിക്ക് കാർമ്മികത്വം വഹിച്ചത്. ചൊവ്വന്നൂർ ഇടവകവികാരി ബ. തോമസ് ചൂണ്ടൽ അച്ചൻ സഹകാർമ്മികനായിരുന്നു. നെന്മാറയിലുള്ള സെന്റ് റീത്താസ് ചാരിറ്റി മഠത്തിലെ ബ. സിസ്റ്റേഴ്സും അർത്ഥിനികളുമാണ് ആരാധനയ്ക്ക് നേതൃത്വം നൽകിയത്. നെന്മാറ ക്രിസ്തുരാജ ഇടവകയിൽ നിന്നുള്ള വിശ്വാസി സമൂഹത്തിന്റെ പങ്കാളിത്തവും ആദ്യന്തം ഉണ്ടായിരുന്നു. ബ. റെജി അച്ചന്റെ സന്ദേശത്തിലെ പ്രസക്ത ഭാഗങ്ങൾ:

നാം ഇന്ന് ഈശോയുടെ




ഈ ബലിയർപ്പിക്കുമ്പോൾ, ഈശോയ്ക്ക് വേണ്ടി ജീവിച്ച്, അവന്റെ മാതൃക നമ്മുടെ സമൂഹത്തിന് ദൃശ്യമാക്കിയ ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെ സ്മരിക്കുകയാണ്. തന്റെ ശുശ്രൂഷാജീവിതം പാവ പ്പെട്ടവർക്ക് വേണ്ടിയുള്ളതാണെന്ന് തിരിച്ചറിഞ്ഞപ്പോൾ, അപ്രകാരം തന്നെത്തന്നെ അദ്ദേഹം സമ്പൂർണ്ണ സമർപ്പണം നടത്തി. തന്റെ പ്രവർത്തനങ്ങളിലൂടെ അദ്ദേഹം ലക്ഷ്യം വച്ചതും പൂർത്തീകരിച്ചതും ദൈവമഹത്വത്തിന് വേണ്ടിയുള്ളതായിരുന്നതിനാൽ ഇന്നദ്ദേഹം സ്വർഗ്ഗ ത്തിൽ അംഗീകരിക്കപ്പെട്ട വ്യക്തിയായി മാറിയിരിക്കുന്നു. എല്ലാം ദൈവ ത്തിലേക്കും എല്ലാവരും ദൈവസന്നിധിയിലേക്കും എത്തിചേരുവാണ ദ്ദേഹം ആഗ്രഹിച്ചതും പ്രാർത്ഥിച്ചതും. ധാരാളം ദൈവീകഗുണങ്ങളാൽ നിറഞ്ഞ ഊക്കനച്ചനിൽ പ്രത്യേകമാംവിധം വിളങ്ങിയിരുന്ന പുണ്യമാണ് ദൈവാശ്രയബോധം. ദൈവം മാത്രമേ തനിക്കാശ്രയമായിട്ടുള്ളൂ എന്ന് ചെറുപ്പത്തിലെ ഊക്കനച്ചൻ തിരിച്ചറിഞ്ഞിരുന്നു. ഈ തിരിച്ചറിവ് ഒരു പിതാ–പുത്ര ബന്ധത്തിലേക്ക് അദ്ദേഹത്തെ വളർത്തി. ഇതദ്ദേഹത്തെ രോഗികളുടെയും പാവപ്പെട്ടവരുടെയും, ആവശ്യക്കാരുടെയും പിതാവാ കുവാൻ സഹായിച്ചു. ഈ ധന്യാത്മാവിന്റെ മറ്റൊരു ഗുണമായിരുന്നു അനുസരണം. ഇന്നത്തെ ലോകത്തിന് ഒരു വെല്ലുവിളിയാണീസുകൃതം. വ്യക്തിസ്വാതന്ത്ര്യമെന്നത് തന്നിഷ്ടത്തോടെ ജീവിക്കാനും പ്രവർത്തി ക്കാനുമുള്ള വഴിയാണെന്ന് ചിന്തിക്കുന്ന ഈ കാലത്തിൽ, അനുസര ണമെന്നത് ദൈവത്തിന് കീഴ്പെടലാണെന്ന് മനസിലാക്കുവാൻ നമുക്ക് കഴിയണം. എന്റെ സൃഷ്ടാവായ ദൈവം, ഞാൻ എങ്ങനെ ജീവിക്കണ മെന്നും, എന്റെ സാധ്യതകൾ വഴി എപ്രകാരം സമൂഹത്തിന് എന്നെ പ്രയോജനപ്പെടുത്തണമെന്നും ആഗ്രഹിച്ച് രൂപകൽപന ചെയ്തിരിക്കു ന്നുവോ, അപ്രകാരം എന്നെ ക്രമപ്പെടുത്തുന്നതാണ് അനുസരണം. ധന്യ നായ ഊക്കനച്ചൻ ഈ ബോധ്യം ഉൾക്കൊണ്ടുകൊണ്ടാണ് ജീവിച്ചത്. നമുക്കും ഈ പുണ്യപിതാവിന്റെ ജീവിത മാതൃകകൾ സ്വന്തമാക്കാം. ജീവിതത്തിലെ പ്രതിസന്ധികളെ പുഞ്ചിരിയോടുകൂടി സ്വീകരിച്ച് അപ രന്റെ ജീവിതത്തിൽ ഒരു ചെറുചിരിയായ് മാറാം.

ചൊവ്വല്ലൂർപടിയിലുള്ള അന്തിക്കാട് ജോഷി ജിഫിനും കുടും ബവുമാണ് ഈ മാസത്തെ തിരുകർമ്മങ്ങളെല്ലാം ഏറ്റെടുത്ത് നടത്തി യത്. ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക വികാരി ബ. തോമസ് ചൂണ്ടൽ അച്ചൻ ഏവർക്കും നന്ദികളർപ്പിക്കുകയും ചെയ്തു.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും അരൂപിയിൽ അച്ചൻ നല്കുന്ന നോമ്പുകാല സന്ദേശം ഈ മാസം നമുക്കു ശ്രവിക്കാം. നമ്മുടെ ആത്മീയ ശത്രുക്കളെപ്പറ്റിയാണ് അച്ചൻ ഇവിടെ ഓർക്കുന്നത്. ആദ്യശത്രു നമ്മുടെ ശരീരം തന്നെയാണ്. വി. പൗലോസിന്റെ വാക്കുകൾ ഇപ്രകാരമാണല്ലോ.

എന്തുകൊണ്ടെന്നാൽ ഉള്ളു കൊണ്ട് ഞാൻ ദൈവത്തിന്റെ പ്രമാണത്തിൽ സന്തുഷ്ടനാകുന്നു. പക്ഷെ എന്റെ മനസ്സിന്റെ പ്രമാണത്തിന് വിരുദ്ധമായിരിക്കുന്നതും എന്റെ അവയവങ്ങളിലുള്ള പാപത്തിന്റെ പ്രമാണത്തിന് എന്നെ ബന്ധിക്കുന്നതുമായ വേറൊരു പ്രമാണത്തെ എന്റെ അംഗങ്ങളിൽ ഞാൻ കാണുന്നു (റോമ 7, 22–23) . ഈ പരസ്പര വിരുദ്ധങ്ങളായ വാസനകളുടെ ശക്തിയെ മഹാപുണ്യവാനായ പൗലോസ് ഭയപ്പെടുന്നു. ഞാൻ ദുർഭഗനായ മനുഷ്യൻ എന്ന് അദ്ദേഹം വിലപിക്കുന്നു. എങ്കിൽ ന്യായമായും നമ്മോടുകൂടി



സർവ്വദാ സ്ഥിതി ചെയ്യുന്ന ശത്രുവായ നമ്മുടെ ശരീരത്തെ ഭയപ്പെടണമെന്ന് അച്ചൻ ഉദ്ബോധിപ്പിക്കുന്നു. ഈശോയുടെ ജീവിതം നമ്മുടെ ശരീരങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിനായി ഈശോയുടെ ഇന്ദ്രിയ നിഗ്രഹം നമ്മുടെ ശരീരത്തിൽ സദാ നാം വഹിക്കണം.

രണ്ടാമത്തെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ച് ചുറ്റിത്തിരിയുന്നു. ഒരിക്കൽ പുറത്താക്കപ്പെട്ടവൻ തന്നെക്കാൾ ദുഷ്ടരായ മറ്റേഴു പേരെ തന്നോടൊന്നിച്ചു കൊണ്ടുവരുന്നു.

ദിവ്യകർഷകനായ നമ്മുടെ കർത്താവ് വിതക്കുന്ന വിത്തുകളായ നല്ല ആശയങ്ങളുടെയും ആഗ്രഹങ്ങളുടെയും ഇടയിൽ ദുഷ്ചിന്തകളും ദുരാഗ്രഹങ്ങളും വിതരണം ചെയ്യുകയാണ് വഞ്ചകനായ പിശാചിന്റെ നിരന്തരമായ ഉദ്യമം. ഈ ശത്രുവിനെ ജയിക്കാൻ നമ്മെ സഹായിക്കുന്നതിനാണ് നോമ്പും ഉപവാസവും പ്രാർത്ഥനയും. റഗുവേലിന്റെ പുത്രിയായ സാറായുടെ എഴു ഭർത്താക്കന്മാരെയും കൊലപ്പെടുത്തിയ ആ ദുഷ്ടാത്മാവിനെ ദൈവദൂതന്റെ ഉപദേശാനുസരണം കൊച്ചുതോബിയാസ് ബന്ധിച്ചത് നോമ്പിനാലും ഉപവാസത്താലുമാണ്.

മൂന്നാമത്തെ ശത്രു ലോകമാണ്. ദൈവികാശ്വാസങ്ങളെ ആസ്വദിക്കുന്നതിന് അഭിരുചിയില്ലാത്ത ലോകം അവയെ വെറുക്കുന്നു. ലോകം അതിന്റെ അബദ്ധ പ്രബോധനങ്ങളെ മുക്തകണ്ഠം ഘോഷിക്കുന്നു. ഗ്രീക്കുകാരും ട്രോജന്മാരും തമ്മിലുള്ള യുദ്ധത്തിൽ ട്രോയി പട്ടണത്തെ ഗ്രീക്കുകാർ കീഴടക്കിയത് ഓർക്കുക. ഗ്രീക്കുകാർ വലിയ മരക്കുതിര ഉണ്ടാക്കി അതിൽ അവരുടെ പടയാളികൾ ഒളിച്ചിരുന്നു. ട്രോജൻ വാസികളോട് സൗഹൃദം ഭാവിച്ച് മരക്കുതിരയെ പട്ടണത്തിൽ പ്രവേശിപ്പിച്ചു. അർദ്ധരാത്രി ഗ്രീക്കുസൈനികർ മരക്കുതിരയിൽ നിന്നും താഴെയിറങ്ങി പട്ടണവാതിൽ തുറക്കുകയും പുറത്തു കാത്തിരുന്ന ഗ്രീക്കു സൈന്യം അകത്തു കടന്ന് ട്രോയി പട്ടണത്തെ കീഴ്പ്പെടുത്തുകയും ചെയ്തു. ലോകത്തിന്റെ കാപട്യത്തിൻമേലും വഞ്ചനയിന്മേലും ശ്രദ്ധ വേണമെന്ന് അച്ചൻ ഈ കഥ വഴി പഠിപ്പിക്കുന്നു.

നമ്മുടെ ആത്മീയ ശത്രുക്കളെ ചെറുത്തു തോല്പ്പിക്കാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

ഫാ. ഷിന്റോ പാറയിൽ 01
ഫാ. ജെയിംസ് വടക്കൂട്ട് 01
ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ 02
ഫാ. മേജോ മങ്ങാട്ടിലയൻ 02
ഫാ. ഷാജൻ ചീരമ്പൻ 03
ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ 03
ഫാ. ഡേവിസ് പനംകുളം 03
ഫാ. സെബാസ്റ്റ്യൻ ചാലക്കൽ 05
ഫാ. സെബി വെളിയൻ 05
ഫാ. റോയ് മൂക്കൻ 06
ഫാ. ടിജോ മുള്ളക്കര 07
ഫാ. ബിനു പറോക്കാരൻ 07
ഫാ. ഡെന്നി താണിക്കൽ 07
ഫാ. റാഫി തട്ടിൽ 07
ഫാ. ഡേവിസ് ചെറയത്ത് 08
ഫാ. ബാബു പാണാട്ടുപറമ്പിൽ 08
ഫാ. പോൾ പയ്യപ്പിള്ളി 09
ഫാ. സിജോ അരിക്കാട്ട് 10
ഫാ. ദേവസ്സി പന്തല്ലൂക്കാരൻ 10
ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ 13
ഫാ. ഡെന്നിസ് മാറോക്കി 13
ഫാ. ഫിജോ ആലപ്പാടൻ 14
ഫാ. ജോബി ചുള്ളിക്കാടൻ 14
ഫാ. തോമസ് വേലൂക്കാരൻ 15
ഫാ. ജോൺസൻ ചാലിശ്ശേരി 18
ഫാ. ജിൻസൻ മുക്കടയിൽ 18
ഫാ. ജോസഫ് അറാശ്ശേരി 20
ഫാ. പോൾ മുട്ടത്ത് 21
ഫാ. ഡേവിസ് പുലിക്കോട്ടിൽ Jr. 21
ഫാ. പ്രകാശ് പുത്തൂർ 21
ഫാ. ഡൊമിനി ചാഴൂർ 23
ഫാ. ലിയോ പുത്തൂർ 23
ഫാ. ഡൊമിനിക് തലക്കോടൻ 23
ഫാ. ജോർജ്ജ് തേറാട്ടിൽ 23
ഫാ. ബിൽജു വാഴപ്പിള്ളി 23
ഫാ. ജോയ്സൻ ചെറുവത്തൂർ 24
ഫാ. മിഥുൻ വടക്കേത്തല 24
ഫാ. സാജൻ പിണ്ടിയാൻ 26
ഫാ. ഫ്രാൻസിസ് തരകൻ 27
ഫാ. ജോസ് പുന്നോലിപറമ്പിൽ 28
ഫാ. മാർട്ടിൻ കൊളമ്പ്രത്ത് 29
ഫാ. ജോസ് കോനിക്കര Sr. 29
ഫാ. ബെൻവിൻ തട്ടിൽ 29
ഫാ. ഗ്ലാഡ്രിൻ പോൾ വട്ടക്കുഴി 29
ഫാ. പോൾ പിണ്ടിയാൻ 30

# FEAST DAY



## നാമഹേതുകതിരുനാൾ

ഫാ. ജോസ് ഐനിക്കൽ 19

ഫാ. നിർമ്മൽ അക്കരപ്പട്ട്യേക്കൽ 19

ഫാ. ബിജു ആലപ്പാട്ട് 19

ഫാ. ബിജു ജോസഫ് ആലപ്പാട്ട് 19

ഫാ. ജോഷി ആളൂർ 19

ഫാ. നോബി അമ്പൂക്കൻ 19

ഫാ. ജോസഫ് അന്തിക്കാട്ട് 19

ഫാ. സന്തോഷ് അന്തിക്കാട്ട് 19

ഫാ. ജോൺസൻ അന്തിക്കാട്ട് 19

ഫാ. ജോസ് അറങ്ങാശ്ശേരി 19

ഫാ. ജോസഫ് അറാശ്ശേരി 19

ഫാ. ടോണി അരിമ്പൂർ 19

ഫാ. ജെറിൻ അരിമ്പൂർ 19

ഫാ. ജോസ് ചാലക്കൽ 19

ഫാ. ജോൺസൻ ചാലിശ്ശേരി 19

ഫാ. ഷാജൻ ചീരമ്പൻ 19

ഫാ. ജിയോ ചെറടായി 19

ഫാ. സിജോ ചെറുവത്തൂർ 19

ഫാ. ജോളി ചിറമ്മൽ 19

ഫാ. ഫെബിൻ ചിറയത്ത് 19

ഫാ. ജോഫി ചിറയത്ത് 19

ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി 19

ഫാ. ജോഫി ചിറ്റിലപ്പിള്ളി 19

ഫാ. ബിനോയ് ചിറ്റിലപ്പിള്ളി 19

ഫാ. ജിന്റോ ചിറ്റിലപ്പിള്ളി 19

ഫാ. ജോസഫ് ചിറ്റിലപ്പിള്ളി 19

ഫാ. ലിവിൻ ചൂണ്ടൽ 19

ഫാ. ജോബി ചുള്ളിക്കാടൻ 19

ഫാ. ജോസ് എടക്കളത്തൂർ 19

ഫാ. ഗോഡ്‌വിൻ എടക്കളത്തൂർ 19

ഫാ. ജിമ്മി എടക്കുളത്തൂർ 19

ഫാ. ജോബി കടപ്പൂരാൻ 19

ഫാ. ജിയോ കടവി 19

ഫാ. പ്രതീഷ് കല്ലറക്കൽ 19

ഫാ. സിന്റോ കരേപറമ്പൻ 19

ഫാ. ജോസ് കോനിക്കര Jr. 19

ഫാ. ജോസ് കോനിക്കര സീനിയർ 19

ഫാ. ഡിറ്റോ കൂള 19

ഫാ. ജെയ്സൻ കൂനംപ്ലാക്കൽ 19

ഫാ. ജോയ് കൂത്തൂർ 19

ഫാ. ജിജോ മാളിയേക്കൽ 19

ഫാ. സനൽ മാളിയേക്കൽ 19

ഫാ. ജെയ്സൻ മാറോക്കി 19

ഫാ. അലക്സ് മരോട്ടിക്കൽ 19

ഫാ. റോയ് മൂക്കൻ 19

ഫാ. ഗ്രിജോ മുരിങ്ങാത്തേരി 19

ഫാ. ജോസഫ് മുരിങ്ങാത്തേരി 19

ഫാ. ജോയ് മുരിങ്ങാത്തേരി 19

ഫാ. പ്രിൻസ് നായങ്കര 19

ഫാ. അനീഷ് നെല്ലിക്കൽ 19

ഫാ. ദിജോ ഒലക്കേങ്കിൽ 19

ഫാ. ഡെബിൻ ഒലക്കേങ്കിൽ 19

ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ 19

ഫാ. അഭിജിത്ത് പടിഞ്ഞാക്കര 19

ഫാ. ജോജു പനക്കൽ 19

ഫാ. ജിജോ പിടിയത്ത് 19

ഫാ. സിന്റോ പൊറത്തൂർ 19

ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ 19
ഫാ. ഡൈജോ പൊറുത്തൂർ 19
ഫാ. ജെയ്സൻ പുലിക്കോട്ടിൽ 19
ഫാ. ജോസ്പുന്നോലിപറമ്പിൽ 19
ഫാ. പ്രകാശ് പുത്തൂർ 19
ഫാ. റിജോയ് തൈവളപ്പിൽ 19
ഫാ. നിബിൻ തളിയത്ത് 19
ഫാ. ബെൻവിൻ തട്ടിൽ 19
ഫാ. ജിക്സൻ താഴത്ത് 19
ഫാ. ജോസ് തെക്കേക്കര 19
ഫാ. ജിയോ തെക്കിനിയത്ത് 19
ഫാ. ജോബ് വടക്കൻ 19
ഫാ. റോയ് വടക്കൻ 19
ഫാ. ജോസ് വല്ലൂരാൻ 19
ഫാ. ജോസ് വട്ടക്കുഴി 19
ഫാ. റിജോ വിതയത്തിൽ 19

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. കൊള്ളന്നൂർ ജേക്കബ് | 01.03.1947 |
| മോൺ. ചെറയത്ത് സെബാസ്റ്റ്യൻ | 01.03.1979 |
| ഫാ. പറമ്പിൽ പോൾ | 02.03.1970 |
| ഫാ. കണ്ണമ്പുഴ ആന്റണി | 03.03.1895 |
| ഫാ. പുതുശ്ശേരി ജോർജ്ജ് | 06.03.1965 |
| ഫാ. തച്ചിൽ ജോൺ | 09.03.1968 |
| ഫാ. വടക്കേത്തല ജോസഫ് | 10.03.2020 |
| ഫാ. അക്കര ജോർജ്ജ് ജൂനിയർ | 10.03.1962 |
| ഫാ. ചിറ്റിലപ്പിള്ളി പോൾ എൽ. | 12.03.1981 |
| ഫാ. പാറേക്കാട്ട് ജോണി ആന്റണി | 13.03.2021 |
| ഫാ. ചെറയത്ത് ഔസേപ്പ് | 14.03.1891 |
| ഫാ. പാലയൂർ ആന്റണി | 14.03.1950 |
| ഫാ. ചെമ്മണ്ണൂർ ജോൺ | 15.03.2020 |
| ഫാ. വിതയത്തിൽ ഔസേപ്പ് | 16.03.1893 |
| ഫാ. കരിപ്പേരി ജോൺ | 16.03.1962 |
| ഫാ. തേർമഠം ഫ്രാൻസിസ് | 17.03.2006 |
| ഫാ. ഇമ്മട്ടി ഔസേപ്പ് | 17.03.1935 |
| ഫാ. മാളിയമ്മാവ് റാഫേൽ | 17.03.1996 |
| ഫാ. വെളിയന്നൂക്കാരൻ ഇഗ്നേഷ്യസ് | 17.03.2003 |
| ഫാ. കാരത്ര സെബാസ്റ്റ്യൻ | 19.03.1986 |

| | |
|---|---|
| ഫാ. മഞ്ഞളി ജോസഫ് എൽ. | 20.03.1990 |
| ഫാ. വളപ്പില എസ്തപ്പാനോസ് | 22.03.1942 |
| ഫാ. ചിറ്റിലപ്പിള്ളി ലൂവീസ് | 22.03.1956 |
| ഫാ. ആട്ടോക്കാരൻ തോമസ് | 23.03.1947 |
| ഫാ. നീലങ്കാവിൽ ഫ്രാൻസിസ് | 27.03.1951 |
| ഫാ. പാറക്കൽ തോമസ് | 30.03.1891 |
| ഫാ. ചിറ്റിലപ്പിള്ളി ജോസഫ് | 30.03.1959 |
| ഫാ. അമ്പൂക്കൻ പോൾ സീനിയർ | 31.03.1952 |

# പാക്ട്



**തൃശ്ശൂർ അതിരൂപത അജപാലന പദ്ധതി മാർച്ച് മാസം**
**യുവജന അജപാലനം ഒരുക്കവും സംവിധാനങ്ങളും**

ഓരോ ഇടവകയിലും മാർച്ച് മാസത്തിൽ ചെയ്യേണ്ട അടിസ്ഥാന പ്രവർത്തനങ്ങൾ

**പ്രവർത്തനം 1 :** യുവജന ക്രിസ്തീയ രൂപീകരണത്തിന് മാസത്തിൽ ഒരിക്കൽ പ്രത്യേക വി. കുർബാനയും ആരാധനയും ധ്യാനചിന്തകളും യുവജനസൗഹൃദവേദികളും മറ്റു പരിശീലനങ്ങളും സംവാദങ്ങളും ഒരുക്കുക.

**നിർവ്വഹണചുമതല :** വികാരിയും യുവജന സംഘടനകളും.

**അവലോകന സൂചകം :** ആത്മീയ കൗദാശിക ജീവിതത്തെ ശക്തിപ്പെടുത്തുക

**പ്രവർത്തനം 2 :** യുവജന ടീം – യുവജന വർഷാചരണത്തിനായി ഇടവകതല ടീം – രൂപീകരിക്കുക. ആ ടീമിനെ അതിരൂപത നിർദ്ദേശിക്കുന്ന പരിശീലന പരിപാടികളിൽ പങ്കെടുപ്പിക്കുക.

**നിർവ്വഹണചുമതല :** ബഹു. വികാരിയും യുവജനസംഗമവും.

**അവലോകന സൂചകം :** യുവജന വർഷാചരണത്തിലെ വിജയകരമായ പങ്കാളിത്തം

**അറിയിപ്പ് :** യുവജനവർഷത്തോട് അനുബന്ധിച്ച് ഇനിയും കൺവീനറെ തിരഞ്ഞെടുക്കാത്ത ഇടവകകൾ എത്രയും വേഗം കൺവീനറെ തിരഞ്ഞെടുത്ത് പാക്റ്റ് ഓഫീസ് നമ്പറിൽ വിളിച്ചറിയിക്കേണ്ടതാണ്. (ഫോൺ: 8281739448)

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

സ്നേഹമുള്ള കൂട്ടുകാരെ,

എല്ലാവർക്കും സുഖം തന്നെ എന്ന് വിശ്വസിക്കുന്നു. പഠനത്തിരക്കുകൾക്കിടയിൽ പരീക്ഷകളെ അഭിമുഖീകരിക്കാൻ നിങ്ങൾ തയ്യാറായിട്ടുണ്ടാകും. നിങ്ങൾക്ക് എല്ലാവർക്കും വിജയാശംസകൾ നേരുന്നു. സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. താൻ പാതി, ദൈവം പാതി എന്ന് നമ്മുടെ പഴമക്കാർ പറയുന്ന ചൊല്ല് നിങ്ങൾക്ക് ഓർമ്മയുണ്ടല്ലോ. നമ്മുടെ കഴിവിന്റെ പരമാവധി നാം പരിശ്രമിച്ചതിനുശേഷം ദൈവത്തിൽ ആശ്രയിക്കുമ്പോൾ നമുക്ക് കൂടുതൽ ഫലസിദ്ധി ലഭിക്കുന്നു. പഠനം ആരംഭിക്കുമ്പോഴും അവസാനിക്കുമ്പോഴും നിങ്ങൾ പരിശുദ്ധാത്മാവിനോട് ഒരു കൊച്ചു പ്രാർത്ഥന ചൊല്ലുന്നത് അനുഗ്രഹദായകമാണ്.

മാർച്ച് മാസം വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാളും വണക്കമാസവും ആഘോഷിക്കുന്ന സമയമാണ്. നിങ്ങളുടെ ചുറ്റുപാടുമുള്ള വിശുദ്ധ യൗസേപ്പിതാവിന്റെ പള്ളികളിൽ പലയിടത്തും അന്ന് ഊട്ടുതിരുന്നാൾ ആഘോഷിക്കുന്നത് നിങ്ങൾ ഓർക്കുന്നുണ്ടാകും. വിശുദ്ധ യൗസേപ്പിതാവിനെ നൽമരണ മധ്യസ്ഥനായാണ് നാം വണങ്ങുന്നത്. അത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് അറിയാമോ? പരിശുദ്ധ അമ്മയുടെയും ഈശോയുടെയും സാമീപ്യത്തിൽ മരണം പ്രാപിക്കാൻ വിശുദ്ധ യൗസേപ്പിതാവിന് ഭാഗ്യം ഉണ്ടായി. അതുപോലെ വിശുദ്ധ യൗസേപ്പിതാവ് തിരുകുടുംബ പാലകനാണ്. ഈശോയെ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർത്തി ക്കൊണ്ടുവരുവാൻ യൗസേപ്പിതാവ് അക്ഷീണം പ്രയത്നിച്ചിട്ടുണ്ട്. നമ്മെയും ദൈവത്തിന് ഇഷ്ടമുള്ള നല്ല മക്കളായി വളർത്തിക്കൊണ്ടു വരുവാൻ യൗസേപ്പിതാവിന്റെ മാധ്യസ്ഥം നമുക്ക് യാചിക്കാം.

ജീവിതനവീകരണത്തിന്റെ കാലഘട്ടമായ നോമ്പുകാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ഈശോയുടെ പീഡാനുഭവവും മരണവും ഉത്ഥാനവും നാം പ്രത്യേകം അനുസ്മരിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന സമയമാണിത്. നോമ്പുകാലത്ത് നാം പ്രത്യേക പ്രാർത്ഥനകളും കുരിശിന്റെ വഴിയും

നടത്തുകയും ഉപവാസം അനുഷ്ഠിക്കുകയും നോമ്പ് നോക്കുകയും ചെയ്യുന്നു. അങ്ങനെ നാം നമ്മുടെ പാപങ്ങൾക്ക് വേണ്ടി മരിച്ച ഈശോയെ അടുത്ത് അനുകരിക്കുകയും നമ്മെത്തന്നെ വിശുദ്ധീകരിക്കുകയും ചെയ്യുന്നു. ഈ നോമ്പുകാലം നിങ്ങൾ ധാരാളം പുണ്യ പ്രവർത്തികളും ത്യാഗപ്രവർത്തനങ്ങളും ചെയ്യണം. അങ്ങനെ നിങ്ങളുടെ കുഞ്ഞു പ്രവർത്തികൾ ദൈവ മഹത്വത്തിനും പാവപ്പെട്ടവരെ സഹായിക്കുന്നതിനും കാരണമാകട്ടെ.

മാർച്ച് മാസം ഒമ്പതാം തീയതിയാണ് വിശുദ്ധ ഡൊമിനിക് സാവിയോയുടെ തിരുനാൾ സഭയിൽ ആഘോഷിക്കുന്നത്. നിങ്ങളെപ്പോലെ ഒരു കുഞ്ഞു കുട്ടി ആയിരിക്കുമ്പോൾ തന്നെ ഈശോയെ അതിയായി സ്നേഹിച്ച ഡോമിനിക് സാവിയോ നിങ്ങൾക്ക് മാതൃകയായിരിക്കട്ടെ. എനിക്ക് വലിയ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയില്ല. എന്നാൽ എനിക്ക് എല്ലാ കാര്യങ്ങളും ദൈവ മഹത്വത്തിനായി ചെയ്യണം എന്നതായിരുന്നു വിശുദ്ധ ഡൊമിനിക് സാവിയോയുടെ നിർബന്ധം. ഓരോ ചെറിയ പ്രവർത്തിയിലും ദൈവത്തിൻറെ ഇഷ്ടം നോക്കുകയും അങ്ങനെ വിശുദ്ധനായി തീരുകയും ചെയ്ത വ്യക്തിയാണ് ഈ ബാലൻ. പാപത്തേക്കാൾ മരണം എന്നതായിരുന്നു അദ്ദേഹത്തിൻറെ മുദ്രാവാക്യം. അതായത് പാപം ചെയ്തു മലിനമാകുന്നതിനേക്കാൾ മരിക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഈ വിശുദ്ധനെപ്പോലെ തീക്ഷ്ണതയോടെ ഈശോയെ സ്നേഹിക്കാൻ നിങ്ങൾക്കും സാധിക്കട്ടെ. അതിനായി നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും വേണം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനകേന്ദ്രം

വിശ്വാസപരിശീലനത്തിന്റെ വാർഷിക പരീക്ഷകൾ ഫെബ്രുവരി 12, 19, 26 എന്നീ തിയതികളിൽ നന്നായി നടത്തുവാൻ സഹായിച്ച എല്ലാ വൈദികരോടും പ്രിൻസിപ്പൽമാരോടും എല്ലാ വിശ്വാസപരിശീലകരോടും നന്ദിപറയുന്നു. വിശ്വാസപരിശീലനം തുടർപരിശീലനമാകയാൽ, അവധിക്കാലത്തും തുടർച്ചയുണ്ടാകാവുന്നവിധത്തിൽ കുട്ടികൾക്കും യുവാക്കൾക്കും മാതാപിതാക്കൾക്കും വിശ്വാസപ്രബോധന ക്ലാസ്സുകളും പരിപാടികളും ഇടവകതലത്തിൽ സംഘടിപ്പിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**1. കേന്ദ്രീകൃത മൂല്യനിർണ്ണയം – 2023**

**a)** ACC & XII കേന്ദ്രീകൃത മൂല്യനിർണ്ണയം വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ചാണ് നടത്തുന്നത്. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Examination Board ന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്

**b)** Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

Std. XII, ACC : 2023 മാർച്ച് 4, 5 ശനി, ഞായർ

Time : 9.30 AM - 4.30 PM

**2. കേന്ദ്രീകൃത മൂല്യനിർണ്ണയം യൂണിറ്റ് തലത്തിൽ Std. 1 to XI**

Date : March 5, Sunday

**3. Mark List & Internal Assessment Mark Upload**

Date : March 5

**4. Result Publication Std. I to XI**

Date : March 12

വാർഷികപരീക്ഷയുടെ എല്ലാ ക്ലാസ്സിലേയും മാർക്ക് ലിസ്റ്റും ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്കും സോഫ്റ്റ് വെയറിൽ അപ്ലോഡ് ചെയ്യേണ്ട അവസാനതിയ്യതി മാർച്ച് 11 ആണെന്ന് ഓർമ്മിപ്പിക്കുന്നു. കൃത്യസമയത്തു തന്നെ എൻട്രികൾ പൂർത്തിയാക്കേണ്ടതാണ്. സോഫ്റ്റ് വെയറിന്റെ സുഗമമായ നടത്തിപ്പിനു നിങ്ങളുടെ സഹകരണം കൂടിയെ തീരു.

**5. Absentees Annual Examinations & Annual Re-examinations (in units)**

ക്ലാസ്സ് 1 മുതൽ 11 ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ അർദ്ധവാർഷി

ക, വാർഷികപരീക്ഷകളിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കുംവേണ്ടി യൂണിറ്റ് ഡയറക്ടറുടെ ഉത്തരവാദിത്വത്തിൽ പ്രത്യേകപരീക്ഷ (Re-Examination) നടത്തേണ്ടതാണ്. ഈ പരീക്ഷയുടെ ചോദ്യപേപ്പറുകൾ യൂണിറ്റുതന്നെയാണ് തയ്യാറാക്കേണ്ടത്. ഈ പരീക്ഷകളുടെ മാർക്കുകൾ സ്കോളർഷിപ്പിനോ സമ്മാനങ്ങൾക്കോ റാങ്കിനോ പരിഗണിക്കുന്നതല്ല. ഇപ്രകാരം നടത്തുന്ന പരീക്ഷയിലും പങ്കെടുക്കാതിരിക്കുകയോ ആവശ്യമായ പാസ്മാർക്ക് നേടാതിരിക്കുകയോ ചെയ്യുന്നവരെ വിജയിച്ചതായി പരിഗണിക്കില്ല. അവർക്ക് അടുത്ത അധ്യയനവർഷം വീണ്ടും അതേ ക്ലാസ്സുകളിൽ ഹാജരാകുകയും പരീക്ഷകൾ എഴുതി പാസ്സാകുകയും ചെയ്യാവുന്നതാണ്. റി എക്സാമിനേഷൻ രജിസ്ട്രേഷൻ സോഫ്റ്റ് വെയറിൽ നടത്തേണ്ടതാണ്.

**6. ACC, XII Re-Examination, Improvement Examination**

**Std. XII, ACC - 2023 April 29, Saturday**

വിശദവിവരങ്ങൾക്ക് വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84.2, 101.9 കാണുക. അർഹതയുള്ളവർക്കും വാർഷികപരീക്ഷയിൽ പാസ് മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കും (എലിജിബിൾ ലിസ്റ്റിൽ ഉള്ളവർക്കു മാത്രം) എസിസി പ്രവേശനത്തിന് ആവശ്യമായ മാർക്കില്ലാത്തവർക്കും (40%), എസിസി പരീക്ഷയിൽ ഇംപ്രൂവ്മെന്റ് വേണമെന്നുള്ളവർക്കും വിശ്വാസപരിശീലനകേന്ദ്രത്തിൽ വന്ന് രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തിയതി ഏപ്രിൽ 22, രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**7. Aptitude Rank List 2022- 23**

വിശ്വാസപരിശീലകർക്കുള്ള അതിരൂപതാതല ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ റാങ്ക് നേടിയവർക്ക് അഭിനന്ദനങ്ങൾ



**I[st] RANK**
NEETHU JOSHY
Marottichal



**II[nd] RANK**
JISMY FRANCIS
Pallikkunnu



**III[rd] RANK**
GIGI THOMAS
Thiroor

## Consolation Prize

| | |
|---|---|
| 1. LUCY K M | MANNUTHY |
| 2. JINCY JOSEPH | MACHAD |
| 3. JEENA SUNIL | KUNDANNUR |
| 4. TREESA GEORGE | MUKKATTUKARA |
| 5. PEEYUSHA SEBASTIAN | ELANAD |
| 6. JOHNCY MATHEW | THIROOR |
| 7. SHIJI SABU | PALAKKAL |

**8. റിട്ടയർ ചെയ്യുന്ന വിശ്വാസപരിശീലകർക്കും സ്ഥാനമൊഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി**

65 വയസ്സു പൂർത്തിയാക്കി വിശ്വാസപരിശീലനത്തിൽനിന്ന് വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും പ്രിൻസിപ്പൽ സേവനത്തിൽ നിന്നും ഒഴിയുന്ന പ്രിൻസിപ്പൽമാർക്കും സവിശേഷമായ നന്ദി രേഖപ്പെടുത്തുന്നു. വിശ്വാസപരിശീലനത്തിൽ അർപ്പണബോധത്തോടെ അവർ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. അവർക്ക് ദൈവാനുഗ്രഹം ധാരാളമായി ലഭിക്കട്ടെയെന്നും വ്യത്യസ്ത തലങ്ങളിലുള്ള സഭാസേവനം തുടരുന്നതിന് അവരെ പ്രാപ്തരാക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (Three Years)**
(affiliated to Katholicke Universiteit, Leuven, Belgium):

■ സെക്കന്റ് സെമസ്റ്ററിലെ Role of the Laity in the Pastoral Work in the Indian Context (Rev. Dr. Shijo Chiriankandath), Theology of Liturgy of the Hours and Liturgical Year (Rev. Fr. John Moolan), Biblical Greek (Rev. Fr. Francis Koothur) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**
(affiliated to Chair for Christian Studies and Research, Calicut University)

■ ഫെബ്രുവരി 05-ാം തിയ്യതി വി. പൗലോസിന്റെ ലേഖനങ്ങൾ (Rev. Dr. Vincent Alappatt) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**3. Course on Theology of Family (One and Half Years) -**
(affiliated to Chair for Christian Studies and Research, Calicut University)

■ Family as a Society Communio Personarum & Joint Family and Nuclear Family (Dr. Peter Raj, Kila) എന്ന വിഷയത്തിന്റെ ക്ലാസ്സ് ഫെബ്രുവരി 12 ന് നടന്നു.

**4. Advanced Certificate Course in Theology (Six Months)**
(affiliated to Chair for Christian Studies and Research, Calicut University)

സന്യാസിനികൾക്കായി 6 Months regular Theology Course, ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ നടക്കുന്നു. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. സന്യസ്തർക്കു മാത്രം.

**5. Online Certificate Course in Theology (Two Years)**
(affiliated to Chair for Christian Studies and Research, Calicut University)

■ **രണ്ടാം വത്തിക്കാൻ കൗൺസിൽ** (Rev. Dr. Paul Pulickan) എന്ന വിഷയത്തിന്റെ ക്ലാസ്സ് ഫെബ്രുവരി 26 ന് നടന്നു.

**6. Basic Bible Course (BBC)**

■ തൃശൂർ അതിരൂപത ബൈബിൾ പ്രേഷിതത്വവും തിയോളജി ഇൻസ്റ്റി

റ്റ്യൂട്ടുമായി ചേർന്ന് നടത്തുന്ന ബൈബിൾ ക്ലാസ്സ് 2023 പുതിയ ബാച്ച് ഫെബ്രുവരി 26 ന് ആരംഭിച്ചു. ഈ Course ൽ 100 പേർ പങ്കെടുക്കുന്നു.

**ആശംസകളോടെ,**

**ഫാ. ലിജോ ചാലിശേരി**
**ഡീൻ & റെജിസ്ട്രാർ**

**ഫാ. ഫ്രാൻസിസ് ആളൂർ**
**ഡയറക്ടർ**

# എക്സൽ അക്കാദമി

**K TET - Course (Kerala Teachers Eligibility Test)**

എക്സൽ അക്കാദമിയുടെ K TET കോഴ്സിന്റെ (കാറ്റഗറി 1,2,3,4) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

**IELTS Coaching**

എക്സൽ അക്കാദമി DBCLC കാമ്പസിൽ ഫെബ്രുവരി മാസത്തിൽ IELTS കോച്ചിങ്ങ് ആരംഭിക്കുന്നു. അഡ്മിഷൻ ആരംഭിച്ചു.

**PSC Course**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ PSC റെഗുലർ കോഴ്സ് (തിങ്കൾ മുതൽ വെള്ളി വരെ) ആരംഭിക്കുന്നു. അഡ്മിഷൻ ആരംഭിച്ചു.

**Excel Carier Guidence Programme**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ ഇടവകകളിൽ എക്സൽ കരിയർ ഗൈഡൻസ് പ്രോഗ്രാം നടന്നു കൊണ്ടിരിക്കുന്നു. മോട്ടിവേഷൻ സ്പീക്കർ, കരിയർ ഗുരു, പ്രഗൽഭരായ അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

*കോഴ്സുകളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്,*
9847276657, 9744941585

**മാണി കെ. പീറ്റർ**
അക്കാദമിക് ഹെഡ്

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

**സഭൈക്യപ്രാർത്ഥന**

സഭൈക്യവാരത്തോടനുബന്ധിച്ച് ജനുവരി 22–ാം തിയ്യതി വൈകീട്ട് 7 മണിക്ക് സെമിനാരിയിൽ നടത്തിയ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷക്ക് റവ. ഫാ. പോൾ പുളിക്കൻ കാർമ്മികത്വം വഹിച്ചു. തദവസരത്തിൽ മോസ്റ്റ് റവ. ഡോ. കുര്യാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്ത (യാക്കോബായ സഭ) സന്ദേശം നൽകി. തൃശൂർ എക്യുമെനിക്കൽ ഗ്രൂപ്പിലെ അംഗങ്ങളും പ്രാർത്ഥനാ ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നു.

**റിപ്പബ്ലിക് ദിനാചരണം**

ഇന്ത്യൻ റിപ്പബ്ലിക് ദിനമായ ജനുവരി 26–ാം തിയ്യതി രാവിലെ റവ. ഫാ. ദേവസി പന്തല്ലൂക്കാരൻ സെമിനാരി കുടുംബത്തോടൊപ്പം വിശുദ്ധ ബലിയർപ്പിച്ച് തിരുവചനസന്ദേശം നൽകി. ബ്രദർ നോയൽ തെക്കേക്കര റിപ്പബ്ലിക് ദിനാചരണത്തിന്റെ പ്രസക്തിയെക്കുറിച്ച് സംസാരിച്ചു. ഉച്ചതിരിഞ്ഞ് സെമിനാരിയിലെ തത്വശാസ്ത്ര വിദ്യാർത്ഥികൾ അജപാലന–സാമൂഹ്യ സേവനങ്ങൾക്കായി പോകുന്നിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളുടെ ഉദ്ഘാടനം റവ. ഫാ. ജിക്സൺ താഴത്ത് നിർവ്വഹിച്ചു.

**സംഗീത വിരുന്ന്**

വൈദികവിദ്യാർത്ഥികളിലെ സംഗീതപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജനുവരി 26–ാം തിയ്യതി ഒരു സംഗീതാവതരണപരിപാടി സെമിനാരിയിൽ സംഘടിപ്പിച്ചു. വൈദികവിദ്യാർത്ഥികളും വൈദികരും ഗാനങ്ങളാലപിച്ചും വാദ്യോപകരണങ്ങൾ വായിച്ചും തങ്ങളുടെ മികവ് പ്രകടിപ്പിച്ചു.

**വിശുദ്ധരോടൊപ്പം**

സെമിനാരിയുടെ രജതജൂബിലിയുടെ ഭാഗമായി വിശുദ്ധരോടൊപ്പം എന്ന പ്രത്യേക വിചിന്തന വിഷയത്തോടെയാണ് ഫെബ്രുവരി മാസം ആചരിക്കുന്നത്. ഇതോടനുബന്ധിച്ച് മേരിമാതാ മേജർ സെമിനാരി മുൻ റെക്ടർ റവ. ഫാ. ബാബു പാണാട്ടുപറമ്പിൽ ജനുവരി 31–ാം തിയ്യതി വിശുദ്ധ ബലിയർപ്പിക്കുകയും വിശുദ്ധരുടെ തിരുശേഷിപ്പുകൾ പരസ്യ വണക്കത്തിനായി പ്രതിഷ്ഠിക്കുകയും ചെയ്തു.

**മ്ശംമശാന, ഹെവുപദ്യാക്കോന, കാറോയ പട്ടങ്ങൾക്കുള്ള ഒരുക്കം**

ഈ അധ്യയനവർഷം മ്ശംമശാന, ഹെവുപദ്യാക്കോന, കാറോയ പട്ടങ്ങൾ സ്വീകരിക്കുന്ന ദൈവശാസ്ത്രവിദ്യാർത്ഥികൾ ഫെബ്രുവരി 1–ാം തിയ്യതി മുതൽ 11–ാം തിയ്യതി വരെയുള്ള ദിവസങ്ങളിൽ ബഹു. വൈദികരുടെ നേതൃത്വത്തിൽ പ്രത്യേകമായി പ്രാർത്ഥനാവിചിന്തനങ്ങളിലൂടെ ഒരുങ്ങി.

**യാത്രയയപ്പ്**

തത്വശാസ്ത്ര പഠനം ഈ അധ്യയനവർഷം പൂർത്തിയാക്കുന്ന വൈദികവിദ്യാർത്ഥികൾക്ക് സെമിനാരി കുടുംബം ഫെബ്രുവരി 16–ാം തിയ്യതി യാത്രയയപ്പ് നൽകി. അന്നേദിവസത്തെ സമൂഹബലിയിൽ റവ. ഫാ. ജിക്സൺ താഴത്ത് മുഖ്യകാർമ്മികനായിരുന്നു. റവ. ഫാ. സിബി ചെറുതോട്ടിൽ വചനസന്ദേശം നൽകി. തുടർന്ന് നടന്ന യാത്രയയപ്പ് യോഗത്തിൽ റവ. ഫാ. സൈജോ തൈക്കാട്ടിലും ബ്രദർ വി. എൽ. റോബിനും ആശംസകളർപ്പിച്ചു സംസാരിച്ചു. തത്വശാസ്ത്ര പഠനം പൂർത്തിയാക്കുന്ന വൈദികവിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് ബ്രദർ ജോസഫ് ആക്കൽ ഏവർക്കും കൃതജ്ഞത പ്രകാശിപ്പിച്ച് സംസാരിച്ചു.

**മാസധ്യാനം**

2023 ഫെബ്രുവരി മാസത്തെ ധ്യാനം 17, 18 തിയ്യതികളിലായി നടന്നു. MCBS സഭാംഗമായ റവ. ഫാ. തോമസ് ഇടയാൽ ധ്യാനചിന്തകൾ പങ്കുവച്ചു. വ്യക്തമായ ആത്മീയ ഉൾക്കാഴ്ചകളോടെ നോമ്പുകാലത്തേക്ക് പ്രവേശിക്കാൻ ധ്യാനം ഏറെ സഹായിച്ചു.

**സ്നേഹോത്സവം ഫോളോ അപ്പ്**

ഈ അധ്യയനവർഷം സ്നേഹോത്സവം നടത്തപ്പെട്ട അമ്മാടം, തൃശൂർ വെസ്റ്റ് ഫോർട്ട് എന്നി ഇടവകകളിലെ കുടുംബങ്ങളിൽ വൈദികവിദ്യാർഥികൾ ഫെബ്രുവരി 19–ാം തിയ്യതി സന്ദർശനം നടത്തി. അന്നേദിനം വൈകീട്ട് ഇടവക ദൈവാലയത്തിൽ ദൈവജനത്തോടൊപ്പം വിശുദ്ധ കുർബാനയിൽ സംബന്ധിച്ച് അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

## Wellwisher Membership

1. ശ്രീമതി എം. എൽ. ആനീസ് ടീച്ചർ, പാടത്തിപറമ്പിൽ ഹൗസ്, മൂർക്കനാട്, തൃശൂർ.

ഔദാര്യത്തോടെ ദാനംചെയ്യുന്ന (റോമാ. 12:8) ഞങ്ങളുടെ എല്ലാ ഉപകാരികളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**CASCADE 2023 - National Workshop on Coagulation**

രക്തസാന്ദ്രരോഗങ്ങളും അതിനനുബന്ധിതമായ ടെസ്റ്റിംഗ് പ്രക്രിയകളേയും കുറിച്ചുള്ള സപ്തദിന ദേശീയ ശിൽപശാല ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡിപ്പാർട്ടുമെന്റ് ഓഫ് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ആന്റ് സെൻട്രൽ ലാബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. തുടർച്ചയായി പന്ത്രണ്ടാം വർഷം നടത്തപ്പെട്ട ശിൽപശാലയിൽ ഇന്ത്യയിലുടനീളമുള്ള നൂറോളം ഡോക്ടർമാർ പങ്കെടുത്തു.

**നേത്രപരിശോധനാക്യാമ്പ്**

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സഭയുടെ അസ്സീസി പ്രൊവിൻസിന്റെ നേതൃത്വത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് നേത്രരോഗവിഭാഗത്തിന്റെ സഹകരണത്തോടുകൂടി തൃക്കൂരിലെ സെന്റ് അൽഫോൻസ സെന്ററിൽ വെച്ച് തെരുവിലെ വയോജനങ്ങൾക്കായി നേത്ര പരിശോധന ക്യാമ്പ് നടത്തി. നേത്രരോഗ വിഭാഗത്തിലെ ഡോ. ബൃന്ദയുടെയും, ഡോ. ശ്രീമോളുടെയും നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ മുപ്പതോളം വയോജനങ്ങളും മഠാംഗങ്ങളും പരിസരവാസികളും പങ്കെടുത്തു.

**പോഷ് ആക്ട് ബോധവത്കരണ ക്ലാസ്സ്**

ജൂബിലി മിഷൻ ഹോസ്പിറ്റൽ എച്ച്. ആർ. ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ കേരള സർക്കാർ വനിതാശിശു വികസന വകുപ്പിന്റെയും തൃശൂർ ജില്ലാ ലേബർ ഓഫീസിന്റെയും സഹകരണത്തോടെ 'പോഷ് ആക്ട് 2013' ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഐ. സി. സി. പ്രൊസീഡിങ് ഓഫീസർ ഡോ. സുശീല ജെ. ഇന്നയുടെ സ്വാഗതത്തോടുകൂടി ആരംഭിച്ച പരിപാടി ജൂബലി മിഷൻ അസിസ്റ്റന്റ് ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ഉദ്ഘാടനം ചെയ്തു. ജില്ലാ വനിതാ ശിശു വികസന ഓഫീസർ ശ്രീമതി മീര അധ്യക്ഷത വഹിച്ച് ആശംസകൾ അർപ്പിച്ചു. പോഷ് ആക്ട് 2013 പ്രകാരം സ്ത്രീകൾക്കെതിരെ ജോലിസ്ഥലത്തെ ലൈംഗീക അതിക്രമം തടയൽ, നിരോധിക്കൽ, പരിഹാരമാർഗ്ഗങ്ങൾ, നിയമപ്രകാരമുള്ള ഇന്റേണൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ എന്നിവയെപ്പറ്റി അഡ്വ. ജിഷ്ണു ക്ലാസ് എടുത്തു. ജീവനക്കാരുടെ സംശയങ്ങൾക്കുള്ള മറുപടിയും നൽകി. ജൂബിലി മിഷൻ ലീഗൽ ആൻഡ് കംപ്ലയൻസ് മാനേജർ അഡ്വ. ജ

സ്റ്റിൻ സി. ജെ. യുടെ നന്ദിയോടു കൂടി ക്ലാസ് സമാപിച്ചു.

**സ്പർശ് 2023 ജില്ലാതല ഉദ്ഘാടനം ജൂബിലിയിൽ**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവും, തൃശ്ശൂർ ജില്ലാ ലെപ്രസി യൂണിറ്റ്, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) തൃശ്ശൂരും ചേർന്ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സ്പർശ് 2023 ജില്ലാതല ഉദ്ഘാടന ചടങ്ങ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗ മേധാവി ഡോ. ലൂസി റാഫേൽ സ്വാഗത പ്രസംഗം പറയുകയും, ഡി. എം. ഒ. ഡോ. ശ്രീദേവി ടി. പി. അദ്ധ്യക്ഷ പ്രസംഗം നടത്തുകയും ചെയ്തു. പരിപാടിയുടെ ഉദ്ഘാടനം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ റവ. ഫാ. റെന്നി മുണ്ടൻകുര്യൻ ഭദ്രദീപം കൊളുത്തി നിർവഹിച്ചു. ഡിസ്ട്രിക്ട് ലെപ്രസി ഓഫീസർ ഡോ. സതീഷ് കെ. എൻ. മുഖ്യപ്രഭാഷണം നടത്തി. മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. പദ്മകുമാർ കെ. ആശംസയർപ്പിച്ചു.

പരിപാടിയുടെ ഭാഗമായി ലെപ്രസിയെ ആസ്പദമാക്കി എക്സിബിഷൻ ആശുപത്രി പരിസരത്ത് ഒരുക്കി. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ.രാധിക കണ്ണൻ ലെപ്രസിയെക്കുറിച്ചുള്ള ബോധവത്കരണക്ലാസ് എടുക്കുകയും ശേഷം ക്വിസ് പരിപാടി വിജയികൾക്ക് സമ്മാനദാനവും നിർവ്വഹിച്ചു. വിദ്യാർത്ഥികളും വിശിഷ്ടവ്യക്തികളും പേര് ലെപ്രസിയുടെ പ്രതിജ്ഞ എടുക്കുകയും അസി. ലെപ്രസി ഓഫീസർ ശ്രീ. നസീബ്ബീൻ നന്ദി പറയുകയും ചെയ്തു.

**റിപ്പബ്ലിക്ക് ദിനാഘോഷം**

ഇന്ത്യ സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്ക് ആയതിന്റെ എഴുപത്തിനാലാം വാർഷിക ദിനം ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ആഘോഷിച്ചു.

**കെ. എം. എൽ. ഇകോൺ – 2023**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് സെന്റർ ഫോറൻസിക് മെഡിസിൻ വിഭാഗം കേരള മെഡിക്കോ ലീഗൽ സൊസൈറ്റിയുടെ പിന്തുണയോടെ സംഘടിപ്പിച്ച സംസ്ഥാനത്തെ മെഡിക്കോ ലീഗൽ വിദഗ്ദ്ധരുടെ സംസ്ഥാന സമ്മേളനം ജൂബിലി മിഷൻ മദർ തെരേസ ഹാളിൽ വെച്ച് നടത്തുകയുണ്ടായി. ഈ സമ്മേളനത്തിൽ തൊണ്ണൂറിൽപരം ഫോറൻസിക് വിദഗ്ദ്ധർ പങ്കെടുത്തു. ബഹു. പ്രിൻസിപ്പൽ സെഷൻസ് ജഡ്ജ് ശ്രീമതി ഹണി എം. വർഗീസ് അവർകൾ തിരി തെളിയിച്ച് ചടങ്ങുകൾ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, ഫോ

റൻസിക് വിഭാഗം മേധാവി ഡോ. പത്മകുമാർ, പ്രൊഫ. ഡോ. ആദർശ് കുമാർ, ഡോ. ഹിതേഷ് ശങ്കർ, ഡോ. ഗുജ്റാൾ എന്നിവർ ആശംസകൾ അറിയിച്ചു.

**ജൂബിലിയിൽ എമർജൻസി മെഡിസിന്റെ ദേശീയ സെമിനാർ**

ജൂബിലി മിഷൻ മെഡിക്കൽ കോളജ് ആശുപത്രിയുടെ എമർജൻസി വിഭാഗം ദേശീയ സെമിനാർ സംഘടിപ്പിച്ചു. ഇ.എം. സോണോ 2023 ആൻഡ് എക്സാംതലോൺ 2023 എന്ന പരിപാടി ന്യൂഡെൽഹി എയിംസിലെ എമർജൻസി വിഭാഗം മേധാവി പ്രൊഫ. ഡോ. സഞ്ജീവ് ബോയ് ഉദ്ഘാടനം ചെയ്തു. എമർജൻസി സോണോഗ്രാഫി എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഇ.എം. സോണോ എന്ന രണ്ട് ദിവസത്തെ ശില്പശാലയും ഇതോടുകൂടി നടന്നു. ന്യൂഡെൽഹി എയിംസിലെയും പോണ്ടിച്ചേരി ജിപ്മറിലേയും മണിപ്പാൽ കെ.എം.സി. യിലേയും വിദഗ്ദ്ധ ഡോക്ടർമാർ ക്ലാസുകൾ നയിച്ചു.

**ജേർണൽ ക്ലബ്**

JCMR ന്റെ ആഭിമുഖ്യത്തിൽ 56-ാമത് ജേർണൽ ക്ലബ് നടത്തി. ഫാ.ഡോ. ഡേവ് അക്കര (OFMCap) ആയിരുന്നു പ്രഭാഷകൻ. ഇംഗ്ലണ്ടിലെ ആരോഗ്യ പ്രവർത്തകരിൽ കോവിഡ്-19 പകർച്ചവ്യാധിയോടു ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള മാനസികക്ഷതം ആയിരുന്നു പഠനം.

**എക്സലെൻഷ്യ 2023**

ജൂബിലി മിഷൻ നേഴ്സിങ്ങ് - കോളേജ് സ്ക്കൂളിലെ ഒന്നാം സെമസ്റ്റർ ബി. എസ്. സി. നഴ്സിംഗ്, ഒന്നാം വർഷ ജി. എൻ. എം. വിദ്യാർത്ഥികൾക്കായി ബിഷപ്പ് ആലപ്പാട്ട് ഓഡിറ്റോറിയത്തിൽ ടാലന്റ്സ് ഡേ - Excellencia 2023 സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ഹോസ്പിറ്റൽ അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ, ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ, ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗ് പ്രിൻസിപ്പാൾ സിസ്റ്റർ സുമി പോൾ, ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് വൈസ് പ്രിൻസിപ്പാൾ ഡോ. സി. ഫിലോ രശ്മി എന്നിവർ ആശംസകൾ അർപ്പിച്ചു. വിദ്യാർത്ഥികളുടെ മികച്ച പ്രകടനങ്ങൾ ടാലന്റ്സ് ഡേയുടെ മാറ്റു കൂട്ടി.

**വൈറ്റ് കോട്ട് സെറിമണി**

ജൂബിലി മിഷൻ മെഡിക്കൽ കോളജിൽ ഇരുപതാം എം.ബി.ബി. എസ്. ബാച്ചിന്റെ വിദ്യാരംഭ ചടങ്ങായ വൈറ്റ് കോട്ട് സെറിമണി നടന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ സ്വാഗതം ആശംസിച്ചു. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സന്ദേശം വി

ദ്യാർത്ഥികൾക്ക് നൽകി. ജൂബിലി മിഷൻ മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. പ്രവീൺ ലാൽ കുറ്റിച്ചിറ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് വൈസ് പ്രിൻസിപ്പാൾ ഡോ. സി.വി. ആൻഡ്രൂസിന്റെ നേതൃത്വത്തിൽ എം.ബി.ബി.എസ്. വിദ്യാർത്ഥികൾ സത്യപ്രതിജ്ഞ ഏറ്റുചൊല്ലി. അനാട്ടമി വിഭാഗം തലവനും MBBS Phase I Coordinator ആയ ഡോ. നന്ദഗോപാൽ പി.എ. യുടെ നേതൃത്വത്തിൽ പ്രീ ക്ലിനിക്കൽ ഡിപ്പാർട്ടുമെന്റിലെ അദ്ധ്യാപകരാണ് White Coat Ceremony ക്ക് നേതൃത്വം നൽകിയത്.

**ദേശീയ ലൈബ്രറി ശില്പശാല**

നേഴ്സിങ്ങ് പഠനരംഗത്ത് ലൈബ്രറിയുടെ ആവശ്യകതയേയും, സാധ്യതയേയും ആധുനിക സൗകര്യങ്ങളേയും കുറിച്ച് അറിവും സാങ്കേതികജ്ഞാനവും വളർത്തുന്നതിനായി തൃശ്ശൂർ ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിൽ ഏകദിന ദേശീയ ലൈബ്രറി ശില്പശാല നടത്തി. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഡോ. എ. ടി. ഫ്രാൻസിസ്, ഡോ. വിമൽ കുമാർ, ഡോ. അസാരിയ ജബൽ കുമാർ ജൂബിലി നേഴ്സിങ്ങ് കോളേജ് അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുക്കാരൻ, പ്രിൻസിപ്പൾ ഡോ. ഏയ്ഞ്ജല ജ്ഞാനദുരൈ, സാൻജോ ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.

**അഭിനന്ദനങ്ങൾ**

- മുംബൈയിൽ വെച്ച് നടന്ന ഓൾ ഇന്ത്യ പി.ജി. ട്രെയിനിംഗ് കോഴ്സിൽ ഫോറം ഓഫ് ഇന്ത്യൻ ന്യൂറോളജി എജ്യുക്കേഷൻ സംഘടിപ്പിച്ച ക്വിസ് കോമ്പറ്റീഷനിൽ ഫൈനൽ ഇയർ ന്യൂറോളജി റസിഡന്റ് ഡോ. ഗായത്രി രണ്ടാം സ്ഥാനം കരസ്ഥമാക്കി.
- കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി (KFOG) നടത്തിയ അണ്ടർ ഗ്രാജുവേറ്റ് ക്വിസ് കോംപെറ്റീഷനിൽ എം.ബി.ബി.സ് പതിനാറാം ബാച്ചിലെ ഡോ. എവിലിൻ ടി കിഷോറും, അശ്വതി വി. യും രണ്ടാം സ്ഥാനം കരസ്ഥമാക്കി.
- കൊൽക്കൊത്തയിൽ വച്ച് നടന്ന പതിനാറാമത് ആനുവൽ കോൺഫെറൻസ് ഓഫ് വീനസ് അസോസിയേഷൻ ഓഫ് ഇന്ത്യയിൽ (VAICON ) 'മെഡിക്കൽ ലോസ് ആൻഡ് ലിറ്റിഗേഷൻ' എന്ന വിഷയത്തെ പറ്റി ഫോറൻസിക് മെഡിസിൻ വിഭാഗം മേധാവി ഡോ.പത്മകുമാർ കെ പ്രഭാഷണം നടത്തി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഏയ്ഡൻ എൽജോ, പുതുക്കാട്ടുക്കാരൻ ഹൗസ്, ചിറക്കൽ, തൃശ്ശൂർ
- ജോ ബാസ്റ്റ്യൻ, വളപ്പില ഹൗസ്, മരിയാപുരം, തൃശ്ശൂർ

- സിൽജ ജാനിഷ്, ജാൻ കോട്ടേജ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ
- സി. ഫ്രാൻസി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ആന്റണി വർഗ്ഗീസ്, ആട്ടോക്കാരൻ ഹൗസ്, പൊങ്ങണംകാട്, തൃശ്ശൂർ
- മേരി മാതാ ചർച്ച്, കുറ്റൂർ, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- ജോർജ്ജ്കുട്ടി പി. എ, പുത്തൻവീട്ടിൽ ഹൗസ്, തൃശ്ശൂർ
- ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്, തോട്ടത്തിൽ ലയിൻ, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ബബിത ബിനു, നെല്ലിക്കുന്ന്, തൃശ്ശൂർ
- സെന്റ് മർത്ത സിസ്റ്റേഴ്സ്, ലൂർദ്ദ് നാഥ പ്രൊവിഷ്യൽ ഹൗസ്, തൃശ്ശൂർ
- റോബിൻ ഫ്രാൻസിസ്
- ഇമ്മാനുവേൽ ജോസ്, അറക്കൽ ഹൗസ്, നെല്ലങ്കര, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. എക്സൽഷ്യ 23**

കൊച്ചി രാജഗിരി കോളേജ് സംഘടിപ്പിച്ച എക്സൽഷ്യ 23 ൽ ദേശീയ അക്രെഡിറ്റേഷനിൽ 3.7 ഉയർന്ന സ്കോർ ലഭിച്ച കോളേജിന് കേരള ഗവൺമെന്റിന്റെ ആദരവ് എൻ.എ.എ.സി ചെയർമാൻ പ്രൊഫ. ബുഷാൻ പട്ട്വർത്ത മെമന്റൊ നൽകി ആദരിച്ചു.

**2. ഗൈഡ്ഷിപ്പ് ലഭിച്ചു**

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിലെ ഡോ. അനുശ്രീ എം.ആർ നും, കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിലെ ഡോ. ജിജു മാത്യുവിനും, റവ. ഡോ. അനിൽ ജോർജ്ജിനും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഗവേഷണ ഗൈഡ്ഷിപ്പ് ലഭിച്ചു.

**3. സെമിനാർ**

എനർജി മാനേജ്മെന്റ് സെന്റർ ഫോർ എൻവിയോൺ സെന്റ് തോമസ് കോളേജ് ഫിസിക്സ് ഡിപ്പാർട്ട്മെന്റും, ഒല്ലൂക്കര ബ്ലോക്ക് പ

ഞ്ചായത്തും സംയുക്തമായി സംഘടിപ്പിച്ച ഒല്ലൂർ നിയോജക മണ്ഡലം ഊർജ്ജ സംരക്ഷണ സെമിനാർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. ആർ രവി ഉത്ഘാടനം ചെയ്തു.

പുതുക്കാട് മണ്ഡലത്തിലെ സെമിനാർ മറ്റത്തൂർ പഞ്ചായത്ത് പ്രസിഡന്റ് അശ്വതി വി.ബി ഉദ്ഘാടനം ചെയ്തു.

ബോട്ടണി ഡിപ്പാർട്ട്മെന്റിന്റേയും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ എട്ടാമത് 'സ്പിഷീസ് ദ പാഷൻ' എന്ന സെമിനാർ സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ.എ ഉത്ഘാടനം ചെയ്തു. മഹാരാജാസ് കോളേജ് അദ്ധ്യാപകൻ ഡോ. സ്റ്റീഫൻ സെക്യൂറ മുഖ്യപ്രഭാഷണം നടത്തി. 5 ഇൻവൈറ്റഡ് ടോക്കും, 7 വിദ്യാർത്ഥി പ്രബന്ധവും അവതരിപ്പിച്ചു.

**4. ഗവേഷണ ബിരുദം നേടി**

ഹിന്ദി ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപികയായ ബിനി വർഗ്ഗീസ് ഹിന്ദി സാഹിത്യത്തിൽ ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്നും ഗവേഷണ ബിരുദം നേടി.

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന മേഘ. കെ ജയദാസ്, ഡോ. ശ്യാം സുധാകറിന്റെ ഗവേഷണ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി.

**5. പരീക്ഷ ചീഫ് സൂപ്രണ്ട്**

പുതിയ പരീക്ഷ ചീഫ് സൂപ്രണ്ടായി കോമേഴ്സ് ഡിപ്പാർട്ട്മെന്റിലെ ഡോ. ഡെയ്സ്‌ലാന്റ് തട്ടിലിനേയും അസിസ്റ്റൻന്റ് ആയി കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ ഡോ. സുനിൽ ജോസിനേയും നിയമിച്ചു. പുതിയ സ്ഥാനലബ്ദിയിൽ രണ്ടു പേർക്കും അഭിനന്ദനങ്ങൾ. കഴിഞ്ഞ ഒരു വർഷം ചീഫ് സൂപ്രണ്ട് ആയി സേവനം ചെയ്ത ബോട്ടണി ഡിപ്പാർട്ട്മെന്റിലെ ഡോ. ആന്റോ പി.വി ക്ക് നന്ദി രേഖപ്പെടുത്തി.

**6. അനുമോദനങ്ങൾ**

കോളേജിലെ എൻ.സി.സി കേഡറ്റ് സി.എസ്.യു.ഒ അദിത്യ നളിൽ ജനുവരി 26 ന്റെ റിപ്പബ്ലിക് ഡേ പരേഡിൽ ന്യൂഡൽഹിയിൽ പോയി പങ്കെടുക്കാൻ അവസരം ലഭിച്ചതിൽ അനുമോദനങ്ങൾ.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരീക്ഷ വിജിലൻസ് സ്ക്വാഡിലേക്ക് ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ ഡോ. വിമൽ കുമാർ ടി.വി യെ തെരഞ്ഞെടുത്തതിൽ അഭിനന്ദനങ്ങൾ.

**7. പതാകയുയർത്തി**

റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ. എ. പതാക ഉയർത്തി സല്യൂട്ട് സ്വീകരിച്ചു.

എൻ.സി.സി കേഡറ്റുകളുടെ പരേഡും, എൻ.എസ്.എസ് വിദ്യാർത്ഥിക ളുടെ പതാക വന്ദനവും ഉണ്ടായിരുന്നു.

**8. പ്രഭാഷണ പരമ്പര**

സുവോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 'സൂട്ടോക്കിൽ' റിസർച്ച് സ്കോളർ രജ്ജനി എസ്. മുഖ്യപ്രഭാഷണം നടത്തി.

**9. അവാർഡ്**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ അധ്യാപകനും യുവകവിയുമായ ഡോ. ശ്യാം സുധാകറിന് 'റായപ്രോൾ പോയറ്റ്ട്രി' പ്രൈസിന് അർഹനായി. ഹൈദ്രാബാദ് യൂണിവേഴ്സിറ്റി ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ റായപ്രോൾ പോയറ്റ്ട്രി അവാർഡായ 15,000 രൂപയുടെ പ്രൈസും പ്രശസ്തി പത്രവും ലഭിച്ചു.

**10. കായികം**

1. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർ കോളേജിയറ്റ് 'സെപക് തക്രോ' മത്സരത്തിൽ കോളേജ് ടീം ചാമ്പ്യൻമാരായി.
2. സൈക്ലിംഗ് (റോഡ്) മത്സരത്തിൽ വനിതാ വിഭാഗത്തിൽ ടിം ചാ മ്പ്യൻമാരായി.
3. അർച്ചന, കെമിസ്ട്രി വിദ്യാർത്ഥി ടൈം ട്രയൽ വിഭാഗത്തിൽ 50 കി ലോമീറ്റർ രണ്ടാം സ്ഥാനവും, 20 കിലോമീറ്റർ ഒന്നാം സ്ഥാനവും നേടി.
4. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ലഭിച്ചു.

**11. ലാബ് സന്ദർശനം നടത്തി**

ബി.എസ്.സി കെമിസ്ട്രി വിദ്യാർത്ഥികൾ ഗോവയിലെ സി.എസ്.ഐ.ആർ, എൻ.ഐ.ഒ ലാബ് സന്ദർശിച്ചു.

**12. പുതിയ അനദ്ധ്യാപകർക്ക് സ്വാഗതം**

ഈ മാസം പുതുതായി അനദ്ധ്യാപകരായി ജോയിൻ ചെയ്ത ഡിൽ ഫ്രഡ് വിൽസൺ, ടൂജൊ. കെ തോമസ്, ഡിജോ ഡെന്നി, ബ്ലിസ്സൻ ജോസ്, ലിജൊ ലാസർ വി., ജിൻസൺ സി.ജെ എന്നിവർക്ക് കോളേജ് മാനേജർ സ്വാഗതവും അഭിനന്ദനങ്ങളും നേർന്നു.

**13. അഭിനന്ദനങ്ങൾ**

ആന്ധ്ര യൂണിവേഴ്സിറ്റി നടത്തിയ സ്റ്റാറ്റിസ്റ്റിക്സ് ഇന്റർ നാഷ ണൽ കോൺഫറൻസിൽ ബെസ്റ്റ് റിസർച്ച് പേപ്പർ അവാർഡ് ലഭിച്ച ഡോ. ചാക്കൊ വി.എം നും, ലിൻസി വിൽസൺ അദ്ധ്യാപികയ്ക്കും അഭിനന്ദനങ്ങൾ.

മാതൃഭൂമി ചാനൽ അവതരിപ്പിച്ച 2023–2024 ബഡ്ജറ്റ് ചർച്ചയിൽ ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഇമ്മാനുവൽ തോമസ്

സാമ്പത്തിക വിദഗ്ധനായി പങ്കെടുത്തതിൽ അഭിനന്ദനങ്ങൾ.

**14. സന്ദർശനം**

ചെന്നൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ഫാക്കൽട്ടി ഡോ. ടി. കാർത്തിക് കോളേജ് സന്ദർശിച്ചു.

**15. വിദഗ്ധ പ്രഭാഷണം**

വുമൺ സെല്ലും, ജെന്റർ ചാമ്പ്യൻ ക്ലബും സംയുക്തമായി സംഘടിപ്പിച്ച വിദഗ്ധ പ്രഭാഷണത്തിൽ പ്രമുഖ ഗൈനക്കോളജിസ്റ്റ് ഡോ. നിജി ജസ്റ്റിൻ മുഖ്യ പ്രഭാഷണം നടത്തി.

**16. സേവിയർ ബോർഡ് മീറ്റിംഗ്**

സേവിയർ ബോർഡിന്റെ വടക്കൻ മേഖല മീറ്റിംഗ് കോളേജിൽ നടത്തപ്പെട്ടു. മാനേജർ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു.

**17. കേരള അഗ്രൊ ഫുഡ് പ്രൊ 2023**

കേരള അഗ്രൊ ഫുഡ് പ്രൊ 2023 ന്റെ ഭാഗമായി നടത്തപ്പെചട്ട മത്സരത്തിൽ എന്റർപ്രണോർഷിപ്പ് മെമ്പർമാരായ അനക, എയ്ഞ്ചൽ, തോമസ് സി. റാഫി എന്നിവർ വിജയികളായി.

**18. തണ്ണീർ തട സംരക്ഷണ ദിനം**

സുവോളജി ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച തണ്ണീർ തട സംരക്ഷണ ദിനാചരണത്തിൽ ബോട്ടണി അദ്ധ്യാപകൻ ഡോ. ജോബി പോൾ മുഖ്യ പ്രഭാഷണം നടത്തി.

**19. പ്ലെയ്സ്മെന്റ് സെൽ**

പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ഈ മാസം17 കുട്ടികൾക്ക് ജോലി ലഭിച്ചു. (സിഫോ – 17).

**20. ഐ. ക്യു.എ.സി**

2021–2022 വർഷത്തെ എ.ക്യു.എ.ആർ വിജയകരമായി സമർപ്പിച്ചു. ഐ.ക്യു.എ.സി അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ

**21. സൃഷ്ടി**

കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 3 ദിവസം നീണ്ടു നിൽക്കുന്ന സൃഷ്ടി 23 എന്ന ഇന്റർ കോളേജിയറ്റ് മത്സരങ്ങൾ സംഘടിപ്പിച്ചു. വിജയികളെ ആദരിച്ചു. മത്സരങ്ങൾ മാനേജർ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു.

**22. ജന്റർ ക്ലബ്**

ജന്റർ ക്ലബ് സംഘടിപ്പിച്ച 'ജന്റർ ഫ്ളുയിഡിറ്റി' എന്ന വിദഗ്ദ പ്രഭാഷണത്തിൽ ചേതന കോളേജിലെ ഡോ. ടി. മുരളീധരൻ മുഖ്യ പ്രഭാഷണം നടത്തി.

**23. ഇന്റേൺഷിപ്പ്**

ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള സുസ്ഥിര വിജ്ഞാൻ

ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ ഫിസിക്സ്, കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾ പങ്കാളികളായി.

**24. ഇസാഫ്**

ഇസാഫ് സംഘടിപ്പിച്ച ബിസിനസ് ക്വിസിൽ ഭാരത്, ശ്രീഹരി എന്നിവരുടെ ടീം ഒന്നാം സ്ഥാനം നേടി.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

**സെന്റ് ജോസഫ് ട്രെയിനിംങ്ങ് കോളേജ് അധ്യാപകരുടെ സന്ദർശനം**

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിലെ നാക് സന്ദർശനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുവാനും പഠിക്കുവാനുമായി പാവറട്ടി സെന്റ് ജോസഫ് ട്രെയിനിംങ്ങ് കോളേജിലെ മാനേജർ, പ്രിൻസിപ്പാൾ, അധ്യാപകർ എന്നിവരടങ്ങിയ ടീം ജനുവരി 12 വ്യാഴാഴ്ച സന്ദർശനം നടത്തി.

**സെമിനാർ സംഘടിപ്പിച്ചു**

സ്റ്റുഡന്റ് എൻഹാൻസ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ജനുവരി 13 വെള്ളിയാഴ്ച കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ ബ്ലൂമ്സ് ടാക്സോണമി എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ അവതരിപ്പിച്ചു.

**മോഡൽ പരീക്ഷ**

ഫസ്റ്റ് ഇയർ ബി.എഡ് ബാച്ചിന്റെ മോഡൽ പരീക്ഷ ജനുവരി 16 മുതൽ 20 വരെ ദിവസങ്ങളിൽ നടത്തി. അൺ എയ്ഡഡ് ട്രെയിനിംങ്ങ് കോളേജ് പ്രിൻസിപ്പൽസ് അസോസിയേഷന്റെ നേതൃത്വത്തിലുള്ള ബോർഡ് ആണ് പരീക്ഷ പേപ്പർ തയ്യാറാക്കിയത്.

**ഡെമോൺസ്ട്രേഷൻ ക്ലാസ്**

ജനുവരി 24 ചൊവ്വാഴ്ച മുള്ളൂർക്കര എൻ.എസ്.എസ് സ്കൂളിൽ വെച്ച് ഫസ്റ്റ് ഇയർ ബി.എഡ് വിദ്യാർത്ഥികൾക്കായി ഡെമോൺസ്ട്രേഷൻ ക്ലാസ് സംഘടിപ്പിച്ചു.

**സെമിനാർ സംഘടിപ്പിച്ചു**

ജനുവരി 24 ചൊവ്വാഴ്ച ശാസ്ത്ര സാഹിത്യ പരിഷിത്തിന്റെ ആഭിമുഖ്യത്തിൽ ന്യൂ എജുക്കേഷൻ പോളിസി–2020 എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ റവ. ഡോ.ചാക്കോ ചിറമ്മൽ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പറും, മഹാജൂബിലി പൂർവ്വ വിദ്യാർത്ഥിയുമായ ശ്രീമതി.നസീബ എം.എ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി മുൻ രജിസ്ട്രാർ ഡോ.ജോഷി സി.എൽ വിഷയാവതരണം നടത്തി. പുതിയ വിദ്യാഭ്യാസ നയത്തിന്റെ ആവശ്യകതയെക്കുറിച്ചും പോരായ്മകളെക്കുറിച്ചും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി.

**റിപ്പബ്ലിക് ദിനാഘോഷം**

ജനുവരി 25 ബുധനാഴ്ച സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കോളേജിൽ റിപ്പബ്ലിക് ദിനാഘോഷം സംഘടിപ്പിച്ചു.

**പ്രാക്ടിക്കൽ പരീക്ഷ**

സെക്കന്റ് ഇയർ ബി.എഡ് ബാച്ചിന്റെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 30 തിങ്കളാഴ്ച നടത്തി. പരീക്ഷയോടനുബന്ധിച്ചുള്ള ക്ലാസുകൾ എച്ച്.എസ്.എസ് ചെറുതുരുത്തിയിലും, വൈവ പരീക്ഷ മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിലുമായി നടത്തി. ഡോ.സാജൻ കെ.സി ന്റെ നേതൃത്വത്തിലുള്ള അധ്യാപകരാണ് പരീക്ഷ നടത്തിയത്.

**പഠന യാത്ര സംഘടിപ്പിച്ചു**

സെക്കന്റ് ഇയർ ബി.എഡ് ബാച്ചിന്റെ പഠനയാത്ര ജനുവരി 31 മുതൽ ഫെബ്രുവരി 10 വരെ സംഘടിപ്പിച്ചു. ഡൽഹി, ആഗ്ര, പഞ്ചാബ്, കുളുമണാലി എന്നീ സ്ഥലങ്ങളാണ് പഠന യാത്രയുടെ ഭാഗമായി സന്ദർശിച്ചത്.

**ഇനിഷ്യേറ്ററി സ്കൂൾ എക്സ്പീരിയൻസ്**

ഫസ്റ്റ് ഇയർ ബി.എഡ് ബാച്ചിന്റെ ഇനീഷ്യറ്ററി സ്കൂൾ എക്സ്പീരിയൻസ് ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെ 12 സ്കൂളുകളിലായി നടത്തി.

**ആയുർ ബഥാനിയാ സന്ദർശനം**

ഫെബ്രുവരി 7 ചൊവ്വാഴ്ച ഫസ്റ്റ് ഇയർ ബി.എഡ് ബാച്ച് വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി ആയുർ ബഥാനിയ സന്ദർശനം നടത്തി. ആയുർവേദ ചികിത്സാരീതികളെ കുറിച്ച് പഠിക്കുവാനും ജൈവ കൃഷി രീതികളെ കുറിച്ച് മനസ്സിലാക്കുവാനും സന്ദർശനം സഹായകരമായി.

**വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

ഫസ്റ്റ് ഇയർ ബി.എഡ് ബാച്ച് വിദ്യാർത്ഥികൾക്കായി പപ്പട്രി ആൻഡ്

മാസക് ഡ്രാമവർക്ക്ഷോപ്പ് ഫെബ്രുവരി 9, 10 ദിവസങ്ങളിലായി സംഘടിപ്പിച്ചു. മിസ്റ്റർ സുബിൻ എ.എ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ..**

| | |
|---|---|
| 3 (വെള്ളി) | –ആദ്യവെള്ളി, വി. കുർബാന |
| 8 (ബുധൻ) | –ലോക വനിതാദിനം |
| 19 (ഞായർ) | –വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| 22 (ബുധൻ) | –ലോക ജലദിനം |
| 23 (വെള്ളി) | –ലോക കാലാവസ്ഥദിനം |
| 25 (ശനി) | –മംഗലവാർത്ത തിരുനാൾ |

**2. സ്ഥലമാറ്റ അപേക്ഷകൾ**

അധ്യാപകർ സ്ഥലം മാററത്തിനുള്ള അപേക്ഷകൾ മാനേജരച്ചന്മാരുടെ ഒപ്പോടുകൂടി 2023 മാർച്ച് 31 ന് വൈകീട്ട് 5 മണിക്ക് മുമ്പായി കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. രണ്ട് അധ്യയനവർഷം പൂർത്തിയായവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. 31–5–2023 ന് നിലവിലുള്ള വിദ്യാലയത്തിൽ തുടർച്ചയായി 10 വർഷം പൂർത്തിയായവർ അപേക്ഷ സമർപ്പിക്കേണ്ടതാണ് (2024, 2025 എന്നീ വർഷങ്ങളിൽ വിരമിക്കുന്നവർ അപേക്ഷ സമർപ്പിക്കേണ്ടതില്ല).

**3. മെയിന്റനൻസ്ഗ്രാന്റ്**

മെയിന്റനൻസ്ഗ്രാന്റ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ തയ്യാറാക്കി സമയത്തിന് വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റിൽ ഹാജരാക്കി സംഖ്യ കിട്ടുന്നതിനുള്ള ക്രമീകരണങ്ങൾ പ്രധാനാധ്യാപകർ ചെയ്യേണ്ടതാണ്.

## 4. LEAST LEAVE – LIST OF STAFF MEMBERS 2022

| No. | Name | Designation | Days | School |
|---|---|---|---|---|
| 1. | Smt. Ritty Jose | HSST (Junior)-Commerce | Nil | St. Antony's H.S.S., Pazhuvil |
| 2. | Jelips Paul K. | HST-Mathematics | Nil | C.J.M.A.H.S.S., Varandarappilly |
| 3. | Shri. Shinto P.J. | LPST | Nil | St. Antony's L.P.S., Attupuram |
| 4. | Smt. Uma Krishnan | Junior Sanskrit (Part Time) | Nil | St. Mary's U.P.S., Vendore |
| 5. | Smt. Mary Sheji P.Y. | Junior Hindi (Part Time) | Nil | St. Mary's U.P.S., Vendore |
| 6. | Shri. Jayadevan K.R. | HST-Sanskrit | 1 | St. Sebastian's H.S., Mannamangalam |
| 7. | Shri. Sinesh K.V. | Lab Assistant | 1 | St. Thomas H.S.S. Thope, Thrissur |
| 8. | Smt. Nimmy Joy | HSST (Junior)-Mathematics | 1½ | C.J.M.A.H.S.S., Varandarappilly |
| 9. | Smt. Jissy Joseph E. | LPST | 1½ | St. Mary's U.P.S., Vendore |
| 10. | Smt. Martina Varghese P. | LPST | 1½ | St. Joseph's U.P.S., Kundannur |
| 11. | Smt. Fini Francis | LPST | 1½ | St. Mary's U.P.S., Vendore |
| 12. | Shri. Alfred Babyachan | Lab Assistant | 1½ | C.J.M.A.H.S.S., Varandarappilly |
| 13. | Smt. Tissa Johnson | HSST (Junior)-Economics | 2 | C.J.M.A.H.S.S., Varandarappilly |
| 14. | Shri. Robin Jsoeph E. | LPST | 2 | St. Mary's U.P.S., Vendore |
| 15. | Smt. Misha Mary V.F. | UPST | 2 | St. Antony's H.S.S., Puthenpeedika |
| 16. | Smt. Johncy Mathew | LPST | 2½ | St. Antony's U.P.S., Kodannur |
| 17. | Smt. Gincy Jose K. | Office Attendant | 2½ | St. Joseph's H.S.S., Avinissery |
| 18. | Smt. Jasmin P.L. | UPST | 3 | St. Thomas C.H.S.S., Thrissur |
| 19. | Sneha Jose | LPST | 3 | Tharakan's L.P.S., Aranattukara |
| 20. | Smt. Twincy A.T. | HST-Natural Science | 3½ | St. Mary's H.S., Chengaloor |
| 21. | Smt. Thressiama T.O. | HST-English | 3½ | St. Antony's H.S.S., Pazhuvil |

| | | | | |
|---|---|---|---|---|
| 22. | Smt. Shiby Lazar | LPST | 3½ | St. Antony's L.P.S., Attupuram |
| 23. | Smt. Dhanya Francis | LPST | 3½ | St. Mary's U.P.S., Vendore |
| 24. | Smt. Jancy Antony Panikulam | Principal | 4 | C.J.M.A.H.S.S., Varandarappilly |
| 25. | Shri. Gilse A. Pallan | Principal | 4 | St. Antony's H.S.S., Pudukad |
| 26. | Smt. Bindu Peter K. | HSST-Chemistry | 4 | St. Antony's H.S.S., Ammadam |
| 27. | Smt. Sony Paul K. | LPST | 4 | Tharakan's L.P.S., Aranattukara |
| 28. | Soniya Johny | LPST | 4 | St. Thomas L.P.S. Thiroor |
| 29. | Smt. Sinija K. Sunny | UPST | 4 | St. Antony's U.P.S., Kodannur |
| 30. | Shri. Bijil Joseph | Lab Assistant | 4 | St. Thomas H.S.S. Thope, Thrissur |
| 31. | Shri. Antoo P.G. | HST-Mathematics | 4½ | St. Mary's H.S., Chengaloor |
| 32. | Smt. Shincy T.F. | LPST | 4½ | St. Thomas L.P.S., Thiroor |
| 33. | Jimcy M.J. | LPST | 4½ | St. Joseph's U.P.S., Kundannur |

## 5. Retirement list 2022-2023

| Sl. No. | Name | Designation | Date of Birth | Subject | School from where the retirement effects | Parent school |
|---|---|---|---|---|---|---|
| 1. | Seena K.J. | Principal | 08/03/67 | - | St. Thomas H.S.S., Vallachira | H.S.S. Thiroor |
| 2. | Joseph M.C. | Principal | 29/05/67 | - | St. Thomas H.S.S. Thope, Thrissur | General |
| 3. | Sherli T.O. | Headmistress | 23/05/67 | - | St. Joseph's H.S.S., Avinissery | H.S.S. Parappur |
| 4. | Mercy T.I | Headmistress | 30/05/67 | - | St. Antony's U.P.S., Paravattani | Inter Management transfer |

| | | | | | | |
|---|---|---|---|---|---|---|
| 5. | Lissy T.L. | Headmistress | 15/04/67 | - | St. Antony's L.P.S., Varandarappilly | L.P.S. Varandarappilly |
| 6. | Jose Anto | Headmaster | 10/05/67 | - | St. Thomas C.G.S., Kanjany | H.S. Chevoor |
| 7. | Anto Majet J. Thattil | Headmaster | 25/05/67 | - | C.A.L.P.S., Chevoor | Direct |
| 8. | Joshy V.J. | Headmaster | 31/05/67 | - | Mission Home L.P.S., Mariapuram | L.P.S. Parappur |
| 9. | Joisy Joseph C. | Headmistress | 31/05/67 | - | St. Jose A.L.P.S., Marathakara | H.S.S. Pazhuvil |
| 10. | Leena Lukose | HSST | 22/09/66 | Gandhian Studies | St. Thomas H.S.S. Thope, Thrissur | H.S.S. Thope, Thrissur |
| 11. | Mercy P.K. | HSST | 02/05/67 | Commerce | St. Antony's H.S.S., Ammadam | H.S.S. Puthenpeedika |
| 12. | Laly T.V. | HSST | 06/05/67 | Economics | St. Antony's H.S.S., Pazhuvil | H.S.S. Pudukad |
| 13. | Pearl Francis Moriyadan | HSST | 16/05/67 | History | C.J.M.A.H.S.S., Varandarappilly | H.S. Chevoor |
| 14. | Reeson K.A. | HSST | 06/06/67 | English | St. Antony's H.S.S., Pudukad | U.P.S. Vendore |
| 15. | Selbam D. Veliath | HST | 30/03/67 | Physical Science | C.J.M.A.H.S.S., Varandarappilly | H.S.S. Pudukad |
| 16. | Retty T.K. | HST | 24/12/66 | Social Science | St. Antony's H.S.S., Ammadam | U.P.S. Velur |
| 17. | Honey M.J. | HST | 10/05/67 | Social Science | Matha H.S., Mannampetta | H.S. Mannampetta |
| 18. | Reena N.G. | HST | 31/05/67 | Social Science | St. John's H.S.S., Parappur | H.S.S. Parappur |
| 19. | Joisy V.M. | HST | 13/05/67 | Mathematics | St. John's H.S.S., Parappur | H.S. Chittattukara |
| 20. | Jincy K.A. | HST | 26/05/67 | Mathematics | Tharakan's H.S., Aranattukara | U.P.S. Koonammuchi |
| 21. | Shiny Geogre Pulikel | HST | 30/05/67 | Mathematics | St. Mary's H.S., Chengaloor | H.S. Mannampetta |
| 22. | Sheela Joseph P. | HST | 31/05/67 | Mathematics | St. Thomas H.S.S., Engandiyur | H.S.S. Engandiyur |

| | | | | | | |
|---|---|---|---|---|---|---|
| 23. | Pushpa M.V. | HST | 05/03/68 | Mathematics | St. Sebastian's H.S., Chittattukara | U.P.S. Koonammuchi |
| 24. | Mini Mary Palayoor | HST | 11/02/67 | Malayalam | C.J.M.A.H.S.S., Varandarappilly | General |
| 25. | Shaly P.O. | HST | 30/05/67 | Malayalam | St. Thomas H.S.S., Thiroor | General |
| 26. | Jose K.K. | HST | 16/01/67 | English | C.J.M.A.H.S.S., Varandarappilly | H.S.S.Varandarappilly |
| 27. | Flory George V. | HST | 23/10/66 | Hindi | St. Thomas H.S.S., Engandiyur | H.S.S. Engandiyur |
| 28. | Veronica C.O. | HST | 15/11/66 | Hindi | St. Thomas H.S.S., Thiroor | General |
| 29. | Reena Elizabeth George P. | UPST | 26/08/66 | - | St. George's U.P.S., Mukkattukara | U.P.S. Mukkattukara |
| 30. | Reena P.L. | UPST | 13/10/66 | - | St. Thomas H.S.S., Thiroor | H.S.S. Thiroor |
| 31. | Mini Molly | UPST | 12/11/66 | - | St. Joseph's H.S., Enamakkal | H.S. Chittattukara |
| 32. | Joseph C.A. | UPST | 15/01/67 | - | St. John's H.S.S., Parappur | H.S.S. Parappur |
| 33. | Beena P.K. | UPST | 11/03/67 | - | St. Thomas U.P.S., Koonammuchi | H.S.S. Engandiyur |
| 34. | Thomas Varkey P. | UPST | 01/04/67 | - | St. George's U.P.S., Mukkattukara | H.S.S. Engandiyur |
| 35. | Leena P.A. | UPST | 05/05/67 | - | St. Antony's H.S.S., Pazhuvil | H.S.S. Pazhuvil |
| 36. | Stella Mariya V.J. | UPST | 10/05/67 | - | St. Xavier's U.P.S., Velur | H.S.S. Parappur |
| 37. | Jancy C. Koola | UPST | 16/05/67 | - | St. Raphael's U.P.S., Kallur | H.S. Aranattukara |
| 38. | Kochumary K.A. | UPST | 20/05/67 | - | St. Antony's H.S.S., Pazhuvil | L.P.S. Valapad |
| 39. | Mercy V.D. | UPST | 20/05/67 | - | St. Thomas H.S.S., Engandiyur | H.S.S. Engandiyur |
| 40. | Juli T. Antony | UPST | 24/05/67 | - | St. Thomas H.S.S., Engandiyur | H.S.S. Engandiyur |
| 41. | Beena Varghese A. | UPST | 30/05/67 | - | St. Sebastian's H.S., Chittattukara | H.S. Chittattukara |

| | | | | | | |
|---|---|---|---|---|---|---|
| 42. | Flower K.T. | UPST | 30/05/67 | - | St. Joseph's U.P.S., Kundannur | General |
| 43. | Cibi J. Thattil | UPST | 31/05/67 | - | St. Thomas H.S.S., Thiroor | H.S.S., Varandarappilly |
| 44. | Regi Paul C. | UPST | 31/05/67 | - | St. Mary's H.S., Chengaloor | H.S. Chengaloor |
| 45. | Lovely C.D. | LPST | 23/01/67 | - | Matha H.S., Mannampetta | H.S. Mannampetta |
| 46. | Naina Chacko | LPST | 25/11/66 | - | C.A.L.P.S., Chevoor | L.P.S. Thiruvenkidom |
| 47. | Juliee K.A. | LPST | 03/10/66 | - | St. Thomas L.P.S., Thiroor | L.P.S. Thiroor |
| 48. | Sheela C.J. | LPST | 17/04/67 | - | St. Joseph's L.P.S., Pavaratty | H.S. Enamakkal |
| 49. | Leena C.G. | LPST | 20/04/67 | - | St. Antony's L.P.S. Attupuram | General |
| 50. | Tessy C.F. | LPST | 23/04/67 | - | St. Francis L.P.S., Wadakkanchery | U.P.S. Velur |
| 51. | Beena Joseph | LPST | 07/05/67 | - | St. Thomas L.P.S., Thiroor | L.P.S. Thiroor |
| 52. | Jessy T.S. | LPST | 19/05/67 | - | St. Sebastian's R.C.L.P.S., Valapad | L.P.S. Valapad |
| 53. | Asha George | LPST | 25/05/67 | - | St. Thomas L.P.S., Palayoor Thrissur | U.P.S. Lourdes, |
| 54. | Mariam T.C. | LPST | 25/05/67 | - | C.A.L.P.S., Chevoor | H.S.S. Thiroor |
| 55. | Moly John M. | LPST | 25/05/67 | - | St. John's L.P.S., Parappur | H.S. Mannampetta |
| 56. | Gracy K.A. | LPST | 26/05/67 | - | St. Sebastian's H.S., Chittattukara | H.S. Mannamangalam |
| 57. | Jessy V.P. | LPST | 30/05/67 | - | St. Thomas L.P.S., Thiroor | U.P.S. Kundannur |
| 58. | Leena C.D. | LPST | 31/05/67 | - | St. Antony's U.P.S., Kodannur | U.P.S. Kodannur |
| 59. | Jessy T.L. | Junior Hindi | 16/04/67 | - | St. Sebastian's H.S., Chittattukara | H.S. Chittattukara |

| | | | | | | |
|---|---|---|---|---|---|---|
| 60. | Thomas T.J. | Junior Hindi | 12/05/67 | - | St. George's U.P.S., Mukkattukara | H.S. Enamakkal |
| 61. | Mini K.L. | Junior Hindi | 30/05/67 | - | St. George's U.P.S., Mukkattukara | H.S.S. Pudukad |
| 62. | Sheeja P.G. | Clerk | 20/05/67 | - | St. Joseph's H.S.S., Velupadam | H.S. Mannamangalam |
| 63. | Sunny A.P. | Clerk | 20/08/67 | - | St. Thomas C.H.S.S., Thrissur | H.S.S. Thiroor |
| 64. | Joy V.V. | Office Attendant | 20/05/67 | - | St. Joseph's U.P.S., Kundannur | U.P.S. Poovathur |
| 65. | Anthony C.P. | Office Attendant | 19/06/67 | - | Tharakan's H.S., Aranattukara | H.S.S. Thiroor |

Note: 1. Parent school means:

(a) School from where the Nomination is received or (b) School at which the teacher worked as on 31-3-1971.

2. Nomination facility in present school is applicable only to this Archdiocese.

3. The school can't enjoy the Nomination facility if there is division fall in previous years.

4. If the retirement vacancy arises in the protected post, the school will not enjoy the Nomination facility.

5. The final list of Nomination will be published only after the Managers' Meeting.

6. Irregularities on parent school will be clarified at the time of Managers' Meeting, if any.

**ഫാ. ജോയ് അടമ്പുകുളം**
കോർപറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെൻ്റർ

**ബധിരരും മൂകരുമായ വിവാഹിതർക്കുള്ള പോസ്റ്റ് കാന കോഴ്സ്**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൻ്റെ നേതൃത്വത്തിൽ ബധിരരും മൂകരുമായ വിവാഹിതർക്കുള്ള ഏകദിന പോസ്റ്റ് കാന കോഴ്സ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മാർച്ച് 12-ാം തിയ്യതി ഞായറാഴ്ച്ച 9.30 മുതൽ 3.00 വരെ നടക്കുന്നു. 'കുടുംബജീവിതത്തിലെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സും തുടർന്ന് വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്. വിവാഹിതരായ എല്ലാ ബധിരരും മൂകരുമായിട്ടുള്ളവരെ ക്ഷണിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഇടവകയിലെ ബധിരരും മൂകരുമായ വിവാഹിതരായ എല്ലാവരേയും പറഞ്ഞു വിടുമല്ലോ.

**നവദമ്പതിസംഗമം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിൻ്റെ നേതൃത്വത്തിൽ 2022 നവംബർ, ഡിസംബർ, 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് ഏപ്രിൽ 2 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിച്ചിരിക്കുന്നത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവ ദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

"ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം" എന്ന വിഷയത്തെ ആസ്പദമാക്കിയായിരിക്കും ഈ സെമിനാർ. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ സെമിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാൻ്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർ

**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ ജനറൽബോഡി യോഗം ഫെബ്രുവരി 11-ാം തിയ്യതി ശനിയാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് മോൺ. ജോസ് കോനിക്കരയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. പ്രസ്തുത യോഗം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിക്കുകയും തദവസരത്തിൽ 2023 വർഷത്തിലെ കുടുംബകൂട്ടായ്മ പ്രവർത്തനങ്ങളുടെ വാർഷിക പദ്ധതി പ്രകാശനം 16 ഫൊറോന കൺവീനർമാർക്കും നൽകി കൊണ്ട് നിർവ്വഹിച്ചു. തുടർന്ന് ഗ്ലോബൽ മാതൃവേദി ഡയറക്ടർ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ട ഫാ. ഡെന്നി താണിക്കലച്ചനെയും, ജൂബിലി ഭവന നിർമ്മാണത്തിന് നേതൃത്വം നൽകിയ എഞ്ചിനീയർ ജോൺസൻ തൈക്കാടിനെയും അതിരൂപത കുടുംബകൂട്ടായ്മയ്ക്കുവേണ്ടി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പൊന്നാടയണിയിച്ച് ആദരിക്കുകയും 2022 – 2025 കാലയളവിലെ ഭാരവാഹികളുടെ പേരും ഫോൺ നമ്പറും അടങ്ങിയ അതിരൂപത ഡയറക്ടറി മുൻ ജനറൽ കൺവീനർ ശ്രീ. പോൾ പാറയ്ക്കൽ അഭിവന്ദ്യ പിതാവിൽ നിന്ന് ഏറ്റുവാങ്ങുകയും ചെയ്തു. വികാരി ജനറാൾ മോൺ. ജോസ് കോനിക്കരയച്ചന്റെ അദ്ധ്യക്ഷപ്രസംഗത്തിന് ശേഷം 2022-2025 പ്രവർത്തന വർഷത്തിലേക്കുള്ള ഫണ്ട് സ്വരൂപണത്തിന്റെ സമ്മാനകൂപ്പണിന്റെ വിതരണോദ്ഘാടനം ട്രഷറർ ജെയ്സൻ മാണിക്ക് നൽകികൊണ്ട് നിർവ്വഹിക്കുകയും ചെയ്തു. ജനറൽബോഡി യോഗത്തിൽ അതിരൂപത കുടുംബകൂട്ടായ്മ വാർഷികപദ്ധതിയുടെ വിശദീകരണം ഡെന്നി താണിക്കലച്ചൻ നടത്തുകയും ജനറൽ കൺവീനർ ഷിന്റോ മാത്യു സ്വാഗതം ആശംസിക്കുകയും ജനറൽ സെക്രട്ടറി പ്രൊഫ. ജോർജ്ജ് അലക്സ് റിപ്പോർട്ട് അവതരിപ്പിക്കുകയും അസി. ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ നന്ദി പറയുകയും ചെയ്തു. ജോ. കൺവീനർ സുബി ജസ്റ്റിൻ, ജോ. സെക്രട്ടറി ഷീജ ജോൺസൻ എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. ഫൊറോന ഭാരവാഹികൾക്ക് പുറമെ ഇടവകയിൽ നിന്നുള്ള കൺവീനർമാരും യോഗത്തിൽ പങ്കെടുത്തു.

**പ്രവർത്തകസമിതി യോഗം**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ പ്രവർത്തക സമിതി യോഗം മാർച്ച് 10-ാം തിയ്യതി വെള്ളിയാഴ്ച്ച വൈകീട്ട് 5.30 ന് ഫാമിലി

അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടക്കുന്നതാണ്. പ്രസ്തുത യോഗത്തിൽ എല്ലാ പ്രവർത്തക സമിതി അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

**ചർച്ചാപഠനപരിശീലന ക്യാമ്പ്**

ഏപ്രിൽ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് മാർച്ച് 11–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**ഫൊറോന കൺവെൻഷനുകൾ**

16 ഫൊറോനകളിലെ കുടുംബകൂട്ടായ്മ കൺവെൻഷനുകൾ ഫെബ്രുവരി 26, മാർച്ച് 5, 12, 19, ഏപ്രിൽ 2 എന്നീ ദിവസങ്ങളിലായി ഫൊറോന കുടുംബകൂട്ടായ്മ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ വച്ച് നടക്കുന്നു. പ്രസ്തുത കൺവെൻഷനിൽ അതാത് ഫൊറോനകളിലെ ഇടവകകളിലെ എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികൾ പങ്കെടുക്കുമല്ലോ.

**പാലയൂർ തീർത്ഥാടനം**

മാർച്ച് 26–ാം തിയ്യതി നടക്കുന്ന അതിരൂപത പാലയൂർ തീർത്ഥാടന പദയാത്രയിൽ ഇടവകകളിൽ നിന്നുള്ള കുടുംബകൂട്ടായ്മ ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കുമല്ലോ. ഇതിനു മുന്നോടിയായുള്ള ജാഗരണ പദയാത്രയിൽ നിശ്ചിയിക്കപ്പെട്ട കുടുംബകൂട്ടായ്മയുടെ ദിവസത്തിൽ പങ്കെടുക്കേണ്ടതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**വാത്സല്യം**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപത തല സംഗമമാണ് മാർച്ച് 8–ാം തിയ്യതി ബുധനാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് കൂടുന്നതാണ്. ഒരു യൂണിറ്റിൽ നിന്ന് 10 പേർ പങ്കെടുക്കേണ്ടതാണ്. 9.00 ന് ജപമാലയോടു കൂടി ആരംഭിക്കും. തുടർന്ന് ക്ലാസ്സും മീറ്റിങ്ങും കലാപരിപാടികളും വി. കുർബ്ബാനയും ഉണ്ടായിരിക്കുന്നതാണ്. അഭിവന്ദ്യ പിതാക്കന്മാർ മാതൃ സംഗമത്തിൽ പങ്കെടുക്കുന്നതാണ്. ഈ മാതൃസംഗമത്തിലേയ്ക്ക് ഏവരേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ.ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും മാർച്ച് 6 തിങ്കൾ വൈകീട്ട് 6.00 മുതൽ 7.30 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**ലോൺ മേള**

തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ സഹകരണത്തോടെ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലോൺ മേള സംഘടിപ്പിക്കുന്നു. തൃശൂർ സെന്റ് തോമസ് കോളേജിൽ മാർച്ച് 16 വ്യാഴാഴ്ച ഉച്ചതിരിഞ്ഞു 2.30 മുതൽ നടക്കുന്ന ലോൺ മേളയിൽ സ്വയംതൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, ബിസിനസ് വിപുലീകരണ വായ്പ എന്നിവയ്ക്ക് പുറമേ കെ എസ് എം ഡി എഫ് സി യുടെ മറ്റു വായ്പ പദ്ധതികൾക്ക് ഉള്ള അപേക്ഷകളും സ്വീകരിക്കുന്നതാണ്. ന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തികവും വികസനപരവുമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേരള പൊതുഭരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിന് കീഴിലുള്ള കമ്പനി ആക്ട്, 1956 പ്രകാരം രജിസ്റ്റർ ചെയ്ത കേരള സർക്കാർ കമ്പനിയാണ് കേരള സ്റ്റേറ്റ് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (KSMDFC) ലിമിറ്റഡ്.

**അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയ നിവാരണത്തിനും ബന്ധപ്പെടുക**

തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)
ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com
ആപ്പ് : https://afctcr.com/afc-mobile-download

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്)

**ലോഫ് സ്പിരിച്ച്വൽ ഡേ**

ഫെബ്രുവരി മാസത്തെ ലോഫ് സ്പിരിച്ച്വൽ ഡേ 11–ാം തിയ്യതി വൈകീട്ട് 6 മണി മുതൽ 9 മണി വരെ ഡി.ബി.സി.എൽ.സിയിൽ വെച്ച് നടന്നു. ജപമാലക്ക് പോളി, ടിന്റു ദമ്പതികളും ആരാധനയ്ക്ക് മനോജ്, ടോംസ് ദമ്പതികളും നേതൃത്വം നൽകി. കുട്ടികൾക്കായി പ്രത്യേക പരീക്ഷ ഒരുക്ക പ്രാർത്ഥനയും നടന്നു. വി.ബലിയും വചനവിചിന്തനവും റവ. ഫാ. ടിജോ മുള്ളക്കര (ഡയറക്ടർ, നെസ്റ്റ്) നിർവ്വഹിച്ചു. പരിശുദ്ധാത്മാവിന്റെ ഫലമായ 'ആനന്ദം'(Joy) എന്ന വിഷയത്തെക്കുറിച്ചാണ് വചനവിചിന്തനവും, ഫാമിലി ഷെയറിങ്ങും നടന്നത്. ഫാമിലി ഷെയറിങ്ങിന് ഡോ. നോബി & ഡോ. പൊന്നു ദമ്പതികൾ നേതൃത്വം നൽകി. തുടർന്ന് മുൻ ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് ആളൂരിന് യാത്രാമംഗളങ്ങൾ ഡോ. ടോണി & ഡോ.സുനി ദമ്പതികളും പുതിയ ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കലിന് സ്വാഗതം ലോഫിന്റെ പ്രസിഡണ്ട് ദമ്പതികളായ ഡോ. ജോർജ്ജ് ലിയോൺസും & ശ്രീമതി അനി ജോർജ്ജും ചേർന്ന് നിർവഹിച്ചു. കുട്ടികളുടെ പ്രോഗ്രാം ചാരിറ്റി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്നു.

**ലോഫ് അക്കാഡമിക് ഡേ**

2022 ജനുവരി മുതൽ തിയോളജി ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Diploma Certificate in Family Theology Course ലൂടെയാണ് ലോഫ് കുടുംബങ്ങൾ കടന്നു പോകുന്നത്. 2023 ഫെബ്രുവരി 12–ാം തിയ്യതിയിലെ Family Theology Course ന്റെ ക്ലാസ്സ് ഡോ. പീറ്റർ എം. രാജ് (Associate Professor, KILA) നയിച്ചു. വിഷയം : Family as a Society Communio Personarum & Joint Family and Nuclear Family.

**തിരുകുടുംബസന്ദർശനവും, മെഴുകുതിരി പ്രാർത്ഥനയും**

2022 ഡിസംബർ 26–ാം തിയ്യതി മുതൽ എല്ലാ ആഴ്ചയിലും ഒരു ലോഫ് കുടുംബത്തിലൂടെ തിരുകുടുംബത്തിന്റെ രൂപവും, മെഴുകുതിരി കത്തിച്ച് വെച്ചുള്ള പ്രാർത്ഥനയും നടന്നുവരുന്നു. കുടുംബങ്ങൾ നിലനിൽക്കാനും കുടുംബബന്ധങ്ങൾ ദൃഢമാകാനും, പുതിയ ലോകത്തിന്റെ

വെല്ലുവിളികളെ നേരിടാൻ കുടുംബങ്ങളെ ശക്തിപ്പെടുത്താനും വേണ്ടിയുള്ള പ്രാർത്ഥനായജ്ഞമാണ് തിരുകുടുംബ സന്ദർശനവും, മെഴുകുതിരി പ്രാർത്ഥനയും.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

## ചിൽഡ്രൻസ് മിനിസ്ട്രി

**ചിൽഡ്രൻസ് മിനിസ്ട്രി അതിരൂപതതല സമ്മാനദാനം**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2022–2023 അദ്ധ്യയന വർഷത്തിൽ അതിരൂപതാതലത്തിൽ നടത്തിയ എല്ലാ മത്സരങ്ങളുടേയും സമ്മാനദാനം 2023 ജനുവരി 29–ാം തിയ്യതി ഞായറാഴ്ച്ച മതബോധന കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ടു. തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരി റെക്ടർ റവ. ഫാ. ടീങ്കിൾ വാഴപ്പിള്ളി അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ തിരിതെളിയിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. സിജോ മുരിങ്ങാത്തേരി ഏല്ലാവർക്കും സ്വാഗതം ആശംസിക്കുകയും വിശ്വാസ പരിശീലന ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് ആളൂർ അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. കോർഡിനേറ്റർ സി. ബീന റോസ് എസ്.എസ്.പി.സി. വാർഷിക റിപ്പോർട്ട് വായിച്ചു. അതിരൂപതതലത്തിൽ നടത്തിയ കലാമത്സരങ്ങൾ, സാഹിത്യമത്സരങ്ങൾ, അതിരൂപതതല സാന്തോം ക്വിസ്സ്, ക്രിസ്തുമസ് കാർഡ് മത്സരം എന്നിവയിൽ വിജയികളായ എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. മോൺ. ജോസ് വല്ലൂരാൻ, റവ. ഫാ. ടീങ്കിൾ വാഴപ്പിള്ളി, റവ. ഫാ. ഫ്രാൻസിസ് ആളൂർ, വിശ്വാസപരിശീലന അസ്സി.ഡയറക്ടർ ഫാ. ലിജോ ചാലിശ്ശേരി, പ്രമോട്ടേഴ്സ് പ്രതിനിധി റവ. ഫാ. ഗ്രിജോ മുരിങ്ങാത്തേരി എന്നിവർ സമ്മാനദാനം നിർവഹിച്ചു.

**ആഘോഷമായ കുർബാനസ്വീകരണം**

ആദ്യ കുർബാന സ്വീകരണത്തിന് ഒരുങ്ങുന്ന അദ്ധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി മാർച്ച് 18 –ാം തിയ്യതി ശനിയാഴ്ച്ച അതിരൂപത മതബോധനകേന്ദ്രത്തിൽ (ഡി.ബി.സി.എൽ സി.) വച്ച് നടത്തു

ന്നു. സമയം ഉച്ചയ്ക്ക് 1.30 മുതൽ 4.00 മണിവരെ. പങ്കെടുക്കാൻ താൽപര്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. ഫോൺ 0487 2325336, 9947582522

**യൂണിറ്റ് രജിസ്ട്രേഷൻ 2023**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ 2023 ലെ യൂണിറ്റ് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. എല്ലാ യൂണിറ്റുകളും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് അതാതു സംഘടനാംഗങ്ങളുടെ രജിസ്ട്രേഷൻ ഫോം കൈപറ്റേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "കർത്താവ് അരുൾചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1: 46)

**സുകൃതജപം:** ഈശോയെ അങ്ങേ കൃപയാൽ എന്നെ നിറയ്ക്കേണമേ!

**പ്രാർത്ഥനാ നിയോഗം:** പ്രേഷിത പ്രവർത്തനരംഗത്ത് ക്ലേശമനുഭവിക്കേണ്ടവർക്ക് അവ സഹിക്കുവാനുള്ള കൃപ ലഭിക്കാനായി പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** സാധുസംരക്ഷണത്തിനുവേണ്ടി കഠിനമായി അധ്വാനിച്ച് ഉപവിയുടെ സഭാസ്ഥാപകനായ ദൈവത്തിന്റെ വി.യോഹന്നാനാണ് നാം ഈ മാസം ഓർക്കുന്ന വിശുദ്ധൻ. 55–ാം വയസ്സിൽ അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. എളിമയും ഉപവിയുമായിരുന്നു വിശുദ്ധന്റെ വിശുദ്ധിയുടെ നിദാനം. മാർച്ച് 8 ന് വിശുദ്ധന്റെ തിരുനാൾ സഭയിൽ കൊണ്ടാടുന്നു.

**പ്രവർത്തനം**: ഈ പരീക്ഷാകാലഘട്ടത്തിൽ പഠനത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികളെ സഹായിക്കുക.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# കെ.സി.എസ്.എൽ.

**തൃശ്ശൂർ അതിരൂപത വാർഷികം**

കെ.സി.എസ്.എൽ. തൃശ്ശൂർ അതിരൂപതാ വാർഷികം 2023 ജനുവരി 19 ന് തൃശ്ശൂർ അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റ് ഹാളിൽ വച്ച് നടന്നു. അതിരൂപതാ സ്ററുഡന്റ് ചെയർ പേഴ്സൺ കുമാരി റോസ്മേരി ജോൺ അദ്ധ്യക്ഷയായ യോഗം അതിരൂപതാ ഡയറക്ടർ റവ. ഫാ. ജോയ് അടമ്പുകുളം ഉദ്ഘാടനം ചെയ്തു. അതിരൂപതാ സ്റ്റുഡന്റ് ജനറൽ സെക്രട്ടറി മാസ്റ്റർ ഫാബിയൻ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

**കെ.സി.എസ്.എൽ ബെസ്റ്റ് യൂണിറ്റ്**

തൃശ്ശൂർ അതിരൂപതയിലെ കെ.സി.എസ്.എൽ. ബെസ്റ്റ് യൂണിറ്റുകളായി താഴെ പറയന്ന യൂണിറ്റുകളെ തിരഞ്ഞെടുത്തു. വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു.

HS Girl - Holy Family CGHSS Chembukavu TSR
UP Boy - St. Mary's CUPS, Chiyyaram TSR
UP Girl - Sacret Heart CGHSS TSR

**കെ.സി.എസ്.എൽ. സംസ്ഥാന വാർഷികവും കലോത്സവവും**

കെ.സി.എസ്.എൽ. സംസ്ഥാന വാർഷികാഘോഷങ്ങൾ 2023 ജനുവരി 14 ന് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ വച്ച് നടന്നു. തൃശ്ശൂർ അതിരൂപതയിൽ നിന്ന് അൻപത്തിയഞ്ച് വാദ്യാർത്ഥി പ്രതിഭകൾ പങ്കെടുത്തു. സമ്മാനാർഹരായവരുടെ പേര് വിവരങ്ങൾ താഴെ കൊടുക്കുന്നു.

യു.പി. ഭക്തിഗാനം ആൺകുട്ടികൾ
First - Adarsh CT, St. Thomas College HSS, TSR

യു.പി. ഇംഗ്ലീഷ് പ്രസംഗം
Second - Joshna Bino - HF CGHSS, Chembukkavu, TSR

യു.പി. മലയാളം പ്രസംഗം
Third - Evan K.B., St. Theresa's CUPS, Manaloor

യു.പി. കെ.സി.എൽ ഗാനം
First - Sacred Heart CGHSS, TSR

എച്ച്.എസ്. മോണോ ആക്ട്

First - Hridaya Maria, LIGHS, Choondal

എച്ച്.എസ്. ഇംഗ്ലീഷ് പ്രസംഗം

Third - Helan Jake, Sacred Heart CGHSS, TSR

എച്ച്.എസ്. പുത്തൻപാന

Third - Namita Sreyas, St. Clare's CGHSS, TSR

എച്ച്.എസ്.എസ്. കെ.സി.എൽ. ഗാനം

Second - Sacred Heart CGHS, TSR

എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ (വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകൾ സംസ്ഥാന കമ്മിറ്റി വിതരണം ചെയ്തിട്ടില്ല, ലഭിക്കുന്നതിനനുസരിച്ച് സ്കൂളിലേക്ക് വിതരണം ചെയ്യും).

**സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് തൃശ്ശൂരിൽ**

2023 ലെ സംസ്ഥാന കെ.സി.എസ്.എൽ. നേതൃ പരിശീലന ക്യാമ്പ് തൃശ്ശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ മുളയം മേരി മാതാ മേജർ സെമിനാറിൽ വച്ച് ഏപ്രിൽ മാസം രണ്ടാം ആഴ്ചയിൽ നടക്കുന്നു.

തൃശ്ശൂർ അതിരൂപതയിൽ നിന്ന് നേതൃത്വ പാടവമുള്ള കെ.സി.എസ്.എൽ. ലീഡേഴ്സിനെ പങ്കെടുപ്പിക്കാൻ ആനിമേറ്റർമാർ ശ്രദ്ധിക്കണം. സംസ്ഥാന വിദ്യാർത്ഥി പ്രതിനിധികളെ തിരഞ്ഞെടുക്കുന്നത് ഈ ക്യാമ്പിൽ വച്ചാണ്. വിവിധ രൂപതകളിൽ നിന്നായി മുന്നൂറിൽ പരം വിദ്യാർത്ഥികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതിനാൽ ക്യാമ്പിന്റെ നടത്തിപ്പിന് ആനിമേറ്റർമാരുടേയും മറ്റ അദ്ധ്യാപകരുടേയും പങ്കാളിത്തവും സഹകരണവും ആവശ്യമാണ്. ക്യാമ്പിൽ വന്ന് സഹകരിക്കുവാൻ താൽപര്യമുള്ളവർ ഓർഗനൈസറെ അറിയിക്കേണ്ടതാണ്.

**റവ. ഫാ. ജോയ് അമ്പുകുളം**
ഡയറക്ടർ



## ഇവാഞ്ചലൈസേഷൻ
## കമ്മീഷൻ
# എവുപ്രാസ്യ മിഷൻ

**ഇവാഞ്ചലൈസേഷൻ കമ്മീഷൻ മീറ്റിംഗ്**

ഇവാഞ്ചലൈസേഷൻ കമ്മീഷന്റെ മീറ്റിംഗ് 13.02.2023 തിങ്കളാഴ്ച തൃശ്ശൂർ അതിരൂപത മന്ദിരത്തിൽ വച്ച് കമ്മീഷൻ ചെയർമാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ അധ്യക്ഷതയിൽ കൂടി. യോഗത്തിൽ 24 പേർ പങ്കെടുത്തു. തൃശ്ശൂർ അതിരൂപതയുടെ മിഷൻരംഗമായ വിശാഖ പട്ടണത്തെ എവുപ്രാസ്യ മിഷനിൽ പ്രവർത്തിക്കുന്ന ഫാ. അജിത്ത് കൊള്ളന്നൂരും ഈ മിഷനിലേക്ക് പോകാൻ ഒരുങ്ങികൊണ്ടിരിക്കുന്ന ഫാ. ജിനു പയ്യപ്പിള്ളി, ഫാ. അഭിജിത്ത് പടിഞ്ഞാക്കര, ഫാ. യേശുദാസ് നെടുമ്പാക്കാരൻ എന്നിവരും സന്നിഹിതരായിരുന്നു. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന മിഷൻ പ്രവർത്തനത്തനങ്ങളെ കുറിച്ച് അഭിവന്ദ്യ ടോണി പിതാവ് സംസാരിച്ചു. വിശാഖപട്ടണം മിഷനിൽ പാർവ്വതിപുരം ജില്ലയിൽ കുറുപ്പം എന്ന പ്രദേശത്തുള്ള ഗ്രാമങ്ങളിലെ സുവിശേഷ വത്കരണപ്രവർത്തനങ്ങളെ കുറിച്ച് ഫാ. അജിത്ത് കൊള്ളന്നൂർ വിവരിച്ചു.

ഓരോ ഇടവകയിലും മിഷനുവേണ്ടി പ്രാർത്ഥിക്കാനും മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 'മിഷൻ ഫ്രട്ടേണിറ്റി' എന്ന പേരിൽ ചെറിയ ഗ്രൂപ്പുകൾ രൂപപ്പെടുത്തുവാൻ തീരുമാനമെടുത്തു. ഷംഷാബാദ് രൂപതാധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവ് മിഷനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. അതിരൂപത കാര്യാലയത്തിലെ ഇവാഞ്ചലൈസേഷൻ കമ്മീഷന്റെ ഓഫീസ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ആശീർവദിച്ചു.

**മിഷൻ ഫ്രട്ടേണിറ്റി (Mission Fraternity)**

ക്രിസ്തുവിനെ അറിയാത്ത ഇടങ്ങളിൽ ക്രിസ്തുവിനെ പ്രഘോഷിക്കേണ്ടത് നമ്മുടെ ദൗത്യമാണ്. തൃശൂർ അതിരൂപത ഈ ദൗത്യ നിർവഹണത്തിന്റെ ഭാഗമായി ഷംഷാബാദ് രൂപതയിലെ 12 ജില്ലകളടങ്ങിയ വിശാഖ പട്ടണം മിഷൻ (എവുപ്രാസ്യ മിഷൻ) ഏറ്റെടുത്തിട്ടുള്ള കാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. അവിടത്തെ വിവിധങ്ങളായ ഗ്രാമങ്ങളിൽ പ്രവർത്തിക്കാൻ പല വൈദികരും തയ്യാറായിട്ടുണ്ട്. അവിടത്തെ

ഗ്രാമങ്ങളിൽ തദ്ദേശീയരായ ആളുകളുടെ ഇടയിലുള്ള സുവിശേഷവല്ക്കരണമാണ് നാം ലക്ഷ്യം വെയ്ക്കുന്നത്. അവിടെയുള്ള ഓരോ ഗ്രാമങ്ങളെ ദത്തെടുത്ത് സുവിശേഷവല്ക്കരണത്തെ സഹായിക്കാൻ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ഇടവകകളിലും മിഷൻ ഫ്രട്ടേണിറ്റി (Mission Fraternity) എന്ന ഒരു ചെറിയ ഗ്രൂപ്പ് രൂപപ്പെടുത്തിയാൽ വളരെ ഉപകാരമായിരിക്കും. മിഷൻ പ്രദേശങ്ങൾ സന്ദർശിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് നല്ലതാണ്. ഈ യത്നത്തിൽ എല്ലാ ഇടവകകളും സഹകരിക്കുമല്ലോ.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
സെക്രട്ടറി

## പതിനെട്ടാം പാസ്റ്ററൽ കൗൺസിൽ ആറാം യോഗം

18–ാം പാസ്റ്ററൽ കൗൺസിലിന്റെ 6–ാം യോഗം 2023 മാർച്ച് 11 ശനിയാഴ്ച രാവിലെ 9:30 മുതൽ ഉച്ചക്ക് 1:30 വരെ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു. പാസ്റ്ററൽ കൗൺസിലിന്റെ എല്ലാ അംഗങ്ങളും പ്രസ്തുത യോഗത്തിൽ പങ്കെടുക്കുമല്ലോ.
ചർച്ചാവിഷയം: സഭാനവീകരണത്തിൽ അതിരൂപതയിലെ യുവജനനേതൃത്വത്തിന്റെ പങ്ക്



**ഫാ. ഡൊമിനിക് തലക്കോടൻ**
ജനറൽ സെക്രട്ടറി



**വിശുദ്ധ യൗസേപ്പിതാവിന്റെ മരണതിരുനാൾ**

**മാർച്ച് 19**



**2023 ഫെബ്രുവരി 5ന് ആശീർവാദവും പ്രതിഷ്ഠാകർമ്മവും നിർവ്വഹിക്കപ്പെട്ട തങ്ങാലൂർ നോർത്ത് സെന്റ് ജോസഫ് പള്ളിയുടെ അൾത്താര**

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.01.2023
**March- 2023**



**2023 ജനുവരി 29ന് ആശീർവാദവും പ്രതിഷ്ഠാകർമ്മവും നിർവഹിക്കപ്പെട്ട വല്ലച്ചിറ സെന്റ് തോമസ് ഇടവക ദൈവാലയവും അൾത്താരയും**



Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor